പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 184

# 2013-ലെ കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2014

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 184

# 2013-ലെ കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) ബിൽ

2003-ലെ കേരള ജലസേചനവും ജലസംരക്ഷണവും ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—2003-ലെ കേരള ജലസേചനവും ജലസംരക്ഷണവും ആക്റ്റ് (2003-ലെ 31) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിനാലാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2013-ലെ കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2011 ഏപ്രിൽ 28-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 2-ാം വകുപ്പിന്റെ ഭേദഗതി.—2003-ലെ കേരള ജലസേചനവും ജലസംരക്ഷണവും ആക്റ്റിൽ (2003-ലെ 31) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 2-ാം വകുപ്പിൽ,—

(i) (ഡി) ഖണ്ഡം വിട്ടുകളയേണ്ടതാണ്;

(ii) (എം) ഖണ്ഡത്തിൽ, ''90-ാം വകുപ്പിൻകീഴിൽ രൂപീകരിച്ചിട്ടുള്ള ജലനിയന്ത്രണ വിനിയോഗ ബോർഡ് എന്നും'' എന്നീ വാക്കുകളും അക്കങ്ങളും വിട്ടുകളയേണ്ടതാണ്;

(iii) (എകെ) ഖണ്ഡത്തിനുശേഷം താഴെ പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(എകെഎ) "നദീതട ബോർഡ്" എന്നാൽ 7ഇ വകുപ്പിൻകീഴിൽ രൂപീകരിച്ച ഒരു ബോർഡ് എന്നർത്ഥമാകുന്നു ;";

(iv) (എഎൽ) ഖണ്ഡത്തിനുശേഷം താഴെ പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(എഎൽഎ) "സ്ലൂയിസ്" എന്നാൽ സാധാരണയായി നാൽപ്പത് ഹെക്ടർ വിസ്തീർണ്ണത്തിൽ കവിയാത്ത ഒരു ഭൂവിഭാഗത്തിന്റെ പരിധിയിലേക്ക് ജലം എത്തിക്കുന്നതിനായി ഒരു ജലസേചന സംവിധാനത്തിൽ സർക്കാർ നിർമ്മിച്ച, ഓവുചാൽ അല്ലെങ്കിൽ ജലം പുറത്തേക്കുവിടുന്ന കുഴൽ എന്നുകൂടി വിളിക്കപ്പെടുന്ന, ഒരു നിർഗ്ഗമന മാർഗ്ഗം അല്ലെങ്കിൽ യന്ത്രോപകരണം എന്നർത്ഥമാകുന്നു ;";

(v) (എഎം) ഖണ്ഡത്തിനുശേഷം, താഴെ പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(എഎംഎ) "സംസ്ഥാന നദി-തണ്ണീർത്തട അതോറിറ്റി" എന്നാൽ 7സി വകുപ്പിൻകീഴിൽ രൂപീകരിച്ച സംസ്ഥാന നദി-തണ്ണീർത്തട അതോറിറ്റി എന്നർത്ഥമാകുന്നു";

(vi) (എക്യു) ഖണ്ഡത്തിനുപകരം താഴെ പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(എക്യു) "ജലപ്രവാഹം" എന്നാൽ ഒരു നദി, അരുവി, നീരുറവ, നീർചാൽ അല്ലെങ്കിൽ ഒരു സ്വകാര്യ ഭൂമിയിലെ കുളമോ സംഭരണിയോ അല്ലാത്ത ഏതെങ്കിലും പ്രകൃതിദത്ത ജലശേഖരം എന്നർത്ഥമാകുന്നതും അതിൽ ഏതെങ്കിലും നദിയുടെയോ അരുവിയുടെയോ നീരുറവയുടെയോ നീർചാലിന്റെയോ ഏതെങ്കിലും പോഷക നദിയും അല്ലെങ്കിൽ ശാഖയും ഉൾപ്പെടുന്നതുമാകുന്നു ;";

(vii) (എആർ) ഖണ്ഡത്തിൽ, "ജലസേചന സ്രോതസ്സിൽ" എന്ന വാക്കുകൾക്ക് പകരം "ഏതെങ്കിലും ആവശ്യത്തിനുള്ള സ്രോതസ്സിൽ" എന്ന് ചേർക്കേണ്ടതാണ്.

(viii) (എആർ) ഖണ്ഡത്തിനുശേഷം താഴെ പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

"(എഎസ്) "തണ്ണീർത്തടം" എന്നാൽ ലവണജലമോ ശുദ്ധജലമോ അടങ്ങിയ, നിശ്ചലമോ ഒഴുകിക്കൊണ്ടിരിക്കുന്നതോ, പ്രകൃതിദത്തമോ അല്ലെങ്കിൽ കൃത്രിമമോ ആയ ഏതൊരു ജലശേഖരവും എന്നർത്ഥമാകുന്നതും അതിൽ കായലുകൾ, തടാകങ്ങൾ, അഴിമുഖം, ചതുപ്പുനിലം, ചേറ്റുപ്രദേശം, കടലോരക്കായലുകൾ, കണ്ടൽക്കാടുകൾ എന്നിവ ഉൾപ്പെടുന്നതും എന്നാൽ നദികൾ, അരുവികൾ, ജലസംഭരണികൾ അല്ലെങ്കിൽ നദികളുടെയോ അരുവികളുടെയോ കുറുകെയുള്ള ഡാമുകൾ, ചെക്ക് ഡാമുകൾ തുടങ്ങിയവ നിർമ്മിക്കുന്നതുവഴി നദികളിലും അരുവികളിലും രൂപീകൃതമാകുന്ന ജലശേഖരങ്ങൾ, പത്ത് ഹെക്ടറിൽ താഴെ ജലവ്യാപനസ്ഥലമുള്ള കുളങ്ങൾ അല്ലെങ്കിൽ ടാങ്കുകൾ, കൂടാതെ നെൽവയലുകൾ എന്നിവ ഉൾപ്പെടാത്തതുമാകുന്നു;

(എറ്റി) "തണ്ണീർത്തട വികസന ബോർഡ്" എന്നാൽ 7ജി വകുപ്പിൻകീഴിൽ രൂപീകരിച്ച ഒരു ബോർഡ് എന്നർത്ഥമാകുന്നു ;".

3. ശീർഷകത്തിന് പകരം ചേർക്കൽ.—പ്രധാന ആക്റ്റിലെ, രണ്ടാം അദ്ധ്യായത്തിനു കീഴിലുള്ള "ജലപ്രവാഹങ്ങളിലെ ജലസംരക്ഷണം" എന്ന ശീർഷകത്തിനുപകരം "ജലവിഭവങ്ങളുടെ സംരക്ഷണവും കാര്യകർതൃത്വവും" എന്ന ശീർഷകം ചേർക്കേണ്ടതാണ്.

4. 3-ാം വകുപ്പിന് പകരം ചേർക്കൽ.—പ്രധാന ആക്റ്റിന്റെ 3-ാം വകുപ്പിന് പകരം താഴെ പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"3. ജലപ്രവാഹങ്ങളും തണ്ണീർത്തടങ്ങളും അവയിലെ ജലവും സർക്കാർ വക സ്വത്ത് ആയിരിക്കുമെന്ന്.—തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ ഏതെങ്കിലും ആചാരത്തിലോ കീഴ്‌വഴക്കത്തിലോ ഏതെങ്കിലും കരാറിലോ മറ്റ് പ്രമാണത്തിലോ വിരുദ്ധമായി എന്തുതന്നെ അടങ്ങിയിരുന്നാലും, 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ (1994-ലെ 13) 218-ാം വകുപ്പിലെയും 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ (1994-ലെ 20) 208-ാം വകുപ്പിലെയും വ്യവസ്ഥകൾക്ക് വിധേയമായി സംസ്ഥാനത്തെ എല്ലാ ജലപ്രവാഹങ്ങളും തണ്ണീർത്തടങ്ങളും അവയിലെ മുഴുവൻജലവും സർക്കാരിന്റെ സ്വത്തായിരിക്കുന്നതാണ്.

5. 4-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിന്റെ 4-ാം വകുപ്പിൽ,—

(i) (1)-ാം ഉപവകുപ്പിൽ,—

(എ) "ജലപ്രവാഹത്തിൽ നിന്നോ" എന്ന വാക്കുകൾക്കുപകരം "ജലപ്രവാഹത്തിൽ നിന്നോ തണ്ണീർത്തടത്തിൽ നിന്നോ കുടിക്കുന്നതിനോ, ഗാർഹികാവശ്യത്തിനോ, ജലസേചനത്തിനോ, ഊർജ്ജോല്പാദനത്തിനോ, വ്യാവസായിക ഉപയോഗത്തിനോ അല്ലെങ്കിൽ ഇതിന് ആനുഷംഗികമായി വരുന്ന മറ്റേതെങ്കിലും ആവശ്യത്തിനോ" എന്നീ വാക്കുകളും "ഏജൻസിയോ" എന്ന വാക്കിനുശേഷം "ഗുരുത്വാകർഷണം വഴിയോ അല്ലെങ്കിൽ" എന്നീ വാക്കുകളും ചേർക്കേണ്ടതാണ്;

(ബി) "ഇതിലേക്ക് ഗവൺമെന്റ് അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ" എന്നീ വാക്കുകൾക്കു പകരം "സർക്കാരിന്റെയോ ഇതിലേക്കായി സർക്കാർ അധികാരപ്പെടുത്തിയേക്കാവുന്ന അങ്ങനെയുള്ള ഏത് ഉദ്യോഗസ്ഥന്റെയോ അതോറിറ്റിയുടെയോ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) (1)-ാം ഉപവകുപ്പിനുശേഷം, താഴെ പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(1എ) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, യഥാക്രമം 7ഇ, 7ജി എന്നീ വകുപ്പിൻകീഴിലുള്ള നദീതട ബോർഡോ തണ്ണീർത്തട വികസന ബോർഡോ രൂപീകരിക്കപ്പെടുന്ന തീയതിമുതൽ, സർക്കാരോ സർക്കാർ അധികാരപ്പെടുത്തിയ അങ്ങനെയുള്ള ഉദ്യോഗസ്ഥനോ അതോറിറ്റിയോ വിനിയോഗിച്ചുകൊണ്ടിരുന്ന അധികാരം, അതതു സംഗതിപോലെ, നദീതട ബോർഡോ തണ്ണീർത്തട വികസന ബോർഡോ വിനിയോഗിക്കേണ്ടതാണ്.";

(iii) (2)-ാം ഉപവകുപ്പിന് പകരം താഴെ പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(2) (1)-ാം ഉപവകുപ്പിനോ (1എ) ഉപവകുപ്പിനോ കീഴിൽ അനുമതി നിരസിക്കപ്പെട്ട ഒരു ഉത്തരവുപ്രകാരം സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കോ ഏജൻസിക്കോ, നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള സമയത്തിനുള്ളിലും അങ്ങനെയുള്ള ഫാറത്തിലും സംസ്ഥാന നദി-തണ്ണീർത്തട അതോറിറ്റിക്ക് അപ്പീൽ നൽകാവുന്നതും, അങ്ങനെയുള്ള അതോറിറ്റി, അപ്പീൽവാദിയെ കേട്ടശേഷം, അപ്പീൽ സ്വീകരിച്ച തീയതി മുതൽ ഒരു മാസത്തിനുള്ളിൽ അതിന് യുക്തമെന്ന് തോന്നുന്ന ഉത്തരവ് പുറപ്പെടുവിക്കേണ്ടതുമാകുന്നു.";

(iv) (3)-ാം ഉപവകുപ്പിന് പകരം താഴെ പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(3) (1)-ാം ഉപവകുപ്പിലെയോ (1എ) ഉപവകുപ്പിലെയോ വ്യവസ്ഥകളോ (2)-ാം ഉപവകുപ്പിൻകീഴിൽ സംസ്ഥാന നദി-തണ്ണീർത്തട അതോറിറ്റിയുടെ ഒരു ഉത്തരവോ ലംഘിച്ചുകൊണ്ട് ഒരു ജലപ്രവാഹത്തിൽ നിന്നോ ഒരു തണ്ണീർത്തടത്തിൽ നിന്നോ ഏതെങ്കിലും ആൾ ജലം ഊറ്റുന്നപക്ഷം, ആ അതോറിറ്റി അധികാരപ്പെടുത്തിയ ഏതെങ്കിലും ഉദ്യോഗസ്ഥന്, അങ്ങനെയുള്ള ലംഘനത്തിന്റെ പേരിൽ എടുക്കാവുന്ന മറ്റേതെങ്കിലും നടപടിക്ക് ഭംഗം വരാതെ, ജലം ഊറ്റുന്നതിനുവേണ്ടി ഏതെങ്കിലും ഉപകരണം സ്ഥാപിച്ചിട്ടുള്ള ഏതെങ്കിലും വസ്തുവിലോ സ്ഥലത്തോ പരിസരങ്ങളിലോ പ്രവേശിക്കുന്നതിനും അങ്ങനെയുള്ള ഉപകരണം നീക്കം ചെയ്യുന്നതിനോ നീക്കം ചെയ്യിക്കുന്നതിനോ ജലം ഊറ്റുന്നത് തടയുന്നതിന് അങ്ങനെയുള്ള ഉപകരണം കണ്ടുകെട്ടേണ്ടത് ആവശ്യമാണെന്ന് അദ്ദേഹത്തിന് തോന്നുന്നപക്ഷം അങ്ങനെയുള്ള ഉപകരണം നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ പിടിച്ചെടുത്ത് കണ്ടുകെട്ടുന്നതിനും അധികാരം ഉണ്ടായിരിക്കുന്നതാണ്.";

(v) (4)-ാം ഉപവകുപ്പ് വിട്ടുകളയേണ്ടതാണ്.

6. 5-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 5-ാം വകുപ്പിൽ.—

(i) (1)-ാം ഉപവകുപ്പിൽ "ഏതെങ്കിലും ജലപ്രവാഹത്തിൽനിന്നും ജലം തിരിച്ചുവിടുന്ന ആവശ്യത്തിലേക്കായി" എന്നീ വാക്കുകൾ വിട്ടുകളയേണ്ടതാണ്;

(ii) (1)-ാം ഉപവകുപ്പിനുശേഷം, താഴെ പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(1എ) യാതൊരാളോ ഏജൻസിയോ തദ്ദേശാധികാരസ്ഥാനമോ സർക്കാരിന്റെയോ അതിലേക്കായി സർക്കാർ അധികാരപ്പെടുത്തിയേക്കാവുന്ന അങ്ങനെയുള്ള അധികാരസ്ഥാനത്തിന്റെയോ മുൻകൂട്ടിയുള്ള അനുമതിയോടും, സർക്കാരോ അങ്ങനെയുള്ള അധികാരസ്ഥാനമോ ചുമത്തിയേക്കാവുന്ന നിബന്ധനകൾക്കും ഉപാധികൾക്കും വിധേയമായും അല്ലാതെ ഏതെങ്കിലും തണ്ണീർത്തടത്തിലോ അതിന് കുറുകെയോ തീരത്തോ ഏതെങ്കിലും ജെട്ടിയോ മറ്റേതെങ്കിലും സ്ഥിരമോ താത്ക്കാലികമോ ആയ എടുപ്പോ നിർമ്മിക്കുവാൻ പാടുള്ളതല്ല.";

(iii) (2)-ാം ഉപവകുപ്പിൽ,—

(എ) "(1)-ാം ഉപവകുപ്പിലെ" എന്നീ വാക്കുകൾക്കും അക്കങ്ങൾക്കും ബ്രാക്കറ്റുകൾക്കും പകരം "(1)-ാം ഉപവകുപ്പിലെയോ (1എ) ഉപവകുപ്പിലെയോ" എന്നീ വാക്കുകളും അക്കങ്ങളും അക്ഷരങ്ങളും ബ്രാക്കറ്റുകളും ചേർക്കേണ്ടതാണ്;

(ബി) "സർക്കാരിനോ ആ ഉപവകുപ്പ് പ്രകാരം സർക്കാർ അധികാരപ്പെടുത്തിയ അധികാരസ്ഥാനത്തിനോ" എന്നീ വാക്കുകൾക്ക് പകരം "സർക്കാരിനോ ഇതിലേക്കായി സർക്കാർ അധികാരപ്പെടുത്തിയേക്കാവുന്ന അങ്ങനെയുള്ള ഉദ്യോഗസ്ഥനോ അധികാരസ്ഥാനമോ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ് ;

(iv) (2)-ാം ഉപവകുപ്പിനുശേഷം താഴെ പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(3) (1)-ാം ഉപവകുപ്പിലോ (1എ) ഉപവകുപ്പിലോ (2)-ാം ഉപവകുപ്പിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, അവയ്ക്കു കീഴിൽ സർക്കാരോ സർക്കാർ അധികാരപ്പെടുത്തിയ അങ്ങനെയുള്ള ഉദ്യോഗസ്ഥനോ അധികാരസ്ഥാനമോ വിനിയോഗിച്ചു കൊണ്ടിരുന്ന എല്ലാ അധികാരങ്ങളും, 7സി വകുപ്പ് പ്രകാരം സംസ്ഥാന നദി-തണ്ണീർത്തട അതോറിറ്റി രൂപീകൃതമാകുന്ന തീയതിമുതൽ സംസ്ഥാന നദി-തണ്ണീർത്തട അതോറിറ്റി വിനിയോഗിക്കേണ്ടതാണ്.".

7. 5എ വകുപ്പ് ചേർക്കൽ.—പ്രധാന ആക്റ്റിലെ 5-ാം വകുപ്പിനുശേഷം താഴെ പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

"5എ. സംസ്ഥാന നദി-തണ്ണീർത്തട അതോറിറ്റിയുടെ അധികാരിത സംബന്ധിച്ച പ്രത്യേക വ്യവസ്ഥ.— ഈ ആക്റ്റിലെ 5-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിലോ (1എ) ഉപവകുപ്പിലോ ഏതെങ്കിലും കോടതിയുടെ വിധിന്യായത്തിലോ ഡിക്രിയിലോ ഉത്തരവിലോ ഏതെങ്കിലും കരാറിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, അതതുസംഗതി പോലെ, ഏതെങ്കിലും ജലപ്രവാഹത്തിലോ ജെട്ടിയിലോ അതിന് കുറുകെയോ, അതിലേക്കായി തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിലെ വ്യവസ്ഥകൾ പ്രകാരമുള്ള അനുമതിയോ അംഗീകാരമോ വാങ്ങാതെയോ അല്ലെങ്കിൽ അതിനായി ഒപ്പുവച്ചിട്ടുള്ള ഏതെങ്കിലും കരാറിന്റെയോ പ്രമാണത്തിന്റെയോ ലംഘനത്തിലൂടെയോ, അല്ലെങ്കിൽ ഏതെങ്കിലും സ്റ്റാൻഡിംഗ് ഉത്തരവുകളോ സർക്കാരോ ക്ഷമതയുള്ള അധികാരസ്ഥാനമോ പുറപ്പെടുവിച്ചിട്ടുള്ള ഏതെങ്കിലും നിർദ്ദേശങ്ങൾക്കെതിരായോ നിർമ്മിച്ചിട്ടുള്ള ഏതെങ്കിലും ജലസംഭരണിയോ അണക്കെട്ടോ അണയോ മറ്റേതെങ്കിലും സ്ഥിരമായ എടുപ്പോ, അല്ലെങ്കിൽ ഏതെങ്കിലും തണ്ണീർത്തടത്തിലോ അതിന് കുറുകെയോ അതിന്റെ തീരത്തോ ഉണ്ടാക്കിയിട്ടുള്ള മറ്റേതെങ്കിലും താൽക്കാലികമോ സ്ഥിരമോ ആയ എടുപ്പോ ഈ ആക്റ്റിലെ 5-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിലെയോ (1എ) ഉപവകുപ്പിലെയോ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് നിർമ്മിച്ചതോ ഉണ്ടാക്കിയതോ ആണെന്ന് കരുതപ്പെടുന്നതും, അതിലെ (2)-ാം ഉപവകുപ്പിലെയും (3)-ാം ഉപവകുപ്പിലെയും വ്യവസ്ഥകൾ പ്രകാരം കൈകാര്യം ചെയ്യപ്പെടേണ്ടതുമാണ്.

8. 6-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 6-ാം വകുപ്പിൽ.—

(i) (1)-ാം ഉപവകുപ്പിൽ, ''സർക്കാരിന്റെ'' എന്ന വാക്കിനുപകരം "സർക്കാരിന്റെയോ സർക്കാർ ഇതിലേക്കായി അധികാരപ്പെടുത്തിയേക്കാവുന്ന അങ്ങനെയുള്ള ഉദ്യോഗസ്ഥന്റെയോ അധികാരസ്ഥാനത്തിന്റെയോ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) (2)-ാം ഉപവകുപ്പിനുശേഷം താഴെ പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

''(3) (1)-ാം ഉപവകുപ്പിലോ (2)-ാം ഉപവകുപ്പിലോ എന്തുതന്നെ അടങ്ങിയിരുന്നാലും സംസ്ഥാന നദി-തണ്ണീർത്തട അതോറിറ്റി രൂപീകൃതമാകുന്ന തീയതി മുതൽ സർക്കാരോ ഇതിലേക്കായി സർക്കാർ അധികാരപ്പെടുത്തിയ അങ്ങനെയുള്ള ഉദ്യോഗസ്ഥനോ അധികാരസ്ഥാനമോ വിനിയോഗിച്ചുകൊണ്ടിരുന്ന എല്ലാ അധികാരങ്ങളും സംസ്ഥാന നദി-തണ്ണീർത്തട അതോറിറ്റി വിനിയോഗിക്കേണ്ടതാണ്.".

9. 7-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 7-ാം വകുപ്പിൽ.—

(i) "ജലസേചനത്തിനുദ്ദേശിച്ചുള്ളതും" എന്ന വാക്കുകൾ വിട്ടുകളയേണ്ടതാണ്;

(ii) 7-ാം വകുപ്പിനുള്ള ക്ലിപ്തനിബന്ധനയിൽ, "ജലവിഭവ വകുപ്പിന്" എന്ന വാക്കുകൾക്കുപകരം "ജലസേചന വകുപ്പോ, അണക്കെട്ടുകളെയോ ചെക്ക് ഡാമുകളെയോ നിയന്ത്രിക്കുകയോ പരിപാലിക്കുകയോ ചെയ്യുന്ന സർക്കാരിന്റെ ഏജൻസിയോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

10. 7എ മുതൽ 7എൽ വരെയുള്ള പുതിയ വകുപ്പുകൾ ചേർക്കൽ.—പ്രധാന ആക്റ്റിലെ 7-ാം വകുപ്പിന് ശേഷം താഴെ പറയുന്ന വകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

''7എ. ജലപ്രവാഹങ്ങളുടെയോ തണ്ണീർത്തടങ്ങളുടെയോ കയ്യേറ്റവും നികത്തലും ജലപ്രവാഹങ്ങളിൽനിന്നോ തണ്ണീർത്തടങ്ങളിൽനിന്നോ ഉള്ള മണൽനീക്കം ചെയ്യലും തടയൽ.— (1) യാതൊരാളും, ഏതെങ്കിലും ജലപ്രവാഹമോ തണ്ണീർത്തടമോ അതിന്റെ ഭാഗമോ കയ്യേറാനോ അങ്ങനെയുള്ള ജലപ്രവാഹത്തിന്റെയോ തണ്ണീർത്തടത്തിന്റെയോ ഏതെങ്കിലും ഭാഗം രൂപാന്തരപ്പെടുത്തുവാനോ നികത്തുവാനോ പാടുള്ളതല്ല.

(2) തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, യാതൊരു ഉദ്യോഗസ്ഥനോ അധികാരസ്ഥാനമോ ആ സ്ഥലത്ത് അധികാരിതയുള്ള നദീതട ബോർഡുമായി കൂടിയാലോചിച്ചിട്ടല്ലാതെ ഒരു ജലപ്രവാഹത്തിൽ നിന്നോ തണ്ണീർത്തടത്തിൽനിന്നോ മണൽ നീക്കം ചെയ്യാൻ വേണ്ടിയുള്ള പാസ്സ് നൽകാൻ പാടുള്ളതല്ല.

7ബി. ജലപ്രവാഹങ്ങളിലും തണ്ണീർത്തടങ്ങളിലും ഉപയോഗശൂന്യമായതോ മലിനമായതോ ആയ പദാർത്ഥങ്ങൾ ഇടുന്നതും വ്യാവസായിക മാലിന്യങ്ങളോ ഗാർഹിക മാലിന്യങ്ങളോ പുറന്തള്ളുന്നതും തടയൽ.— (1) യാതൊരാളോ വ്യാവസായിക സ്ഥാപനമോ ഏകാംഗീകൃതമോ അല്ലാത്തതോ ആയ മറ്റേതെങ്കിലും നികായമോ, ഏതെങ്കിലും ജലപ്രവാഹത്തിലോ തണ്ണീർത്തടത്തിലോ ആരോഗ്യപരവും പാരിസ്ഥിതികപരവുമായ

വിപത്തുകൾ സൃഷ്ടിച്ചേക്കാവുന്ന ഏതെങ്കിലും ഉപയോഗശൂന്യമോ മലിനമോ ആയ വസ്തുക്കൾ നിക്ഷേപിക്കുവാനോ വലിച്ചെറിയുവാനോ ഉപേക്ഷിക്കുവാനോ അല്ലെങ്കിൽ ഉപയോഗശൂന്യമോ മലിനമോ ആയ ഏതെങ്കിലും വ്യാവസായിക മാലിന്യമോ ഗാർഹിക മാലിന്യമോ ഒഴുക്കിവിടാനോ പാടുള്ളതല്ല.

(2) (1)-ാം ഉപവകുപ്പ് ലംഘിച്ചുകൊണ്ടുള്ള ഏതൊരു പ്രവൃത്തിയും, അത് 7എ വകുപ്പിൽ പരാമർശിച്ചപ്രകാരം ജലപ്രവാഹത്തിലോ തണ്ണീർത്തടത്തിലോ ഉള്ള ഒരു കയ്യേറ്റമായിരുന്നാലെന്നപോലെ ഈ ആക്റ്റിൻകീഴിൽ കൈകാര്യം ചെയ്യേണ്ടതാണ്.

7സി. സംസ്ഥാന നദി-തണ്ണീർത്തട അതോറിറ്റിയുടെ രൂപീകരണം.—(1) സർക്കാർ, വിജ്ഞാപനംവഴിയും അതിൽ വിനിർദ്ദേശിക്കപ്പെടാവുന്ന അങ്ങനെയുള്ള തീയതിമുതൽ പ്രാബല്യത്തോടെയും സംസ്ഥാന നദി-തണ്ണീർത്തട അതോറിറ്റി എന്ന പേരിലുള്ള ഒരു അതോറിറ്റി രൂപീകരിക്കേണ്ടതാണ്.

(2) സംസ്ഥാന നദി-തണ്ണീർത്തട അതോറിറ്റിയിൽ താഴെ പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

(എ) ജലവിഭവ വകുപ്പുമന്ത്രി, അദ്ദേഹം ചെയർപേഴ്സൺ ആയിരിക്കുന്നതാണ്;

(ബി) ഏതെങ്കിലും നദീതടബോർഡുകളുടെയും തണ്ണീർത്തട വികസന ബോർഡുകളുടെയും പ്രദേശങ്ങളെ പ്രതിനിധീകരിക്കുന്ന, സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന രണ്ട് നിയമസഭാംഗങ്ങൾ;

(സി) ജലവിഭവ വകുപ്പ് സെക്രട്ടറി, അദ്ദേഹം വൈസ്-ചെയർപേഴ്സൺ ആയിരിക്കുന്നതാണ്;

(ഡി) ചീഫ് എഞ്ചിനീയർ (ജലസേചനം), അദ്ദേഹം അതോറിറ്റിയുടെ ചീഫ് എക്സിക്യൂട്ടീവ് ആയിരിക്കുന്നതാണ്;

(ഇ) ധനകാര്യ വകുപ്പ് സെക്രട്ടറി;

(എഫ്) ആസൂത്രണവും സാമ്പത്തികകാര്യവും വകുപ്പ് സെക്രട്ടറി;

(ജി) റവന്യൂ വകുപ്പ് സെക്രട്ടറി;

(എച്ച്) നിയമ വകുപ്പ് സെക്രട്ടറി;

(ഐ) കൃഷി വകുപ്പ് സെക്രട്ടറി;

(ജെ) തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി;

(കെ) ഫിഷറീസ് വകുപ്പ് സെക്രട്ടറി;

(എൽ) പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ്;

(എം) കേരള വാട്ടർ അതോറിറ്റിയുടെ മാനേജിംഗ് ഡയറക്ടർ;

(എൻ) കേരള സംസ്ഥാന വൈദ്യുതി ബോർഡ് ചെയർമാൻ;

(ഒ) മലിനീകരണ നിയന്ത്രണ ബോർഡ് ചെയർപേഴ്സൺ;

(പി) ജൈവ വൈവിദ്ധ്യ ബോർഡ് ചെയർമാൻ;

(ക്യൂ) ജലവിഭവ വികസനവും മാനേജ്മെന്റും കേന്ദ്രത്തിന്റെ എക്സിക്യൂട്ടീവ് ഡയറക്ടർ;

(ആർ) ജലസേചന വകുപ്പിലെ ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും);

(എസ്) നദീതട ബോർഡുകളുടെയും തണ്ണീർത്തടവികസന ബോർഡുകളുടെയും ചീഫ് എക്സിക്യൂട്ടീവുമാർ;

(റ്റി) താഴെ പറയുന്ന വിഷയങ്ങളിലുള്ള മൂന്ന് വിദഗ്ദ്ധർ, ഓരോരുത്തരേയും സർക്കാർ നാമനിർദ്ദേശം ചെയ്യേണ്ടതാണ്, അതായത് :—

(i) ജലവിഭവം;

(ii) ജല ഗുണനിലവാര മാനേജ്മെന്റ്;

(iii) സാമൂഹികശാസ്ത്രം.

(യു) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, സർക്കാരിതര സംഘടനകളുടെ രണ്ട് പ്രതിനിധികൾ.

(3) അനൗദ്യോഗിക അംഗങ്ങളുടെ ഉദ്യോഗ കാലാവധി, നാമനിർദ്ദേശം ചെയ്യപ്പെട്ട തീയതിമുതൽ മൂന്നുവർഷത്തേക്കായിരിക്കുന്നതാണ്.

7ഡി. സംസ്ഥാന നദി-തണ്ണീർത്തട അതോറിറ്റിയുടെ ചുമതലകളും അധികാരങ്ങളും.— സംസ്ഥാന നദി-തണ്ണീർത്തട അതോറിറ്റിക്ക് താഴെ പറയുന്ന ചുമതലകൾ ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(എ) നദീതട ബോർഡുകളുടെയും തണ്ണീർത്തട വികസന ബോർഡുകളുടെയും പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുക ;

(ബി) വിവിധ പദ്ധതികൾ നദീതട ആസൂത്രണത്തിനും തണ്ണീർത്തട വികസന ആസൂത്രണത്തിനും മുൻതൂക്കം നൽകുന്നതാണെന്ന് ഉറപ്പുവരുത്തുക ;

(സി) പാരിസ്ഥിതിക ആഘാതം നിർണ്ണയിക്കലോ ബെനിഫിറ്റ് കോസ്റ്റ് അനാലിസിസോ അല്ലെങ്കിൽ ഇവ രണ്ടുമോ ഉറപ്പാക്കുകയും അവയുടെ ശുപാർശകൾക്കനുസരിച്ച് പ്രവർത്തിക്കുന്നുവെന്ന് ഉറപ്പുവരുത്തുകയും ചെയ്യുക ;

(ഡി) സംസ്ഥാനത്തിനകത്തുള്ള ജലപ്രവാഹങ്ങളും തണ്ണീർത്തടങ്ങളും പ്രകൃതിദത്തമായ ജലശേഖരങ്ങളും പരിപാലിക്കുകയും പരിരക്ഷിക്കുകയും അതിലെ ജലത്തിന്റെ ഉപയോഗം ക്രമീകരിക്കുകയും ചെയ്യുക ;

(ഇ) തണ്ണീർത്തടങ്ങളുടെ വിവിധ അതിര് പ്രദേശങ്ങൾ പ്രഖ്യാപിക്കുകയും അതിര് പ്രദേശങ്ങൾക്കുള്ളിലെ എല്ലാ പ്രവർത്തനങ്ങളും നിയന്ത്രിക്കുകയും ചെയ്യുക ;

(എഫ്) ജലപാരിസ്ഥിതിക വ്യവസ്ഥയ്ക്ക് പ്രത്യേക ഊന്നൽ നൽകിക്കൊണ്ട് ജലവിഭവങ്ങളുടെ സുസ്ഥിര വികസനത്തിനും പാരിസ്ഥിതിക വ്യവസ്ഥയുടെ ശാസ്ത്രീയമായ പരിപാലനത്തിനുമായി, ആവശ്യമായി വരുമ്പോഴെല്ലാം നയങ്ങളും പദ്ധതികളും രൂപീകരിക്കുകയും ശുപാർശ ചെയ്യുകയും ചെയ്യുക ;

(ജി) ജലവിഭവങ്ങളിന്മേൽ സ്വാധീനമുള്ള പ്രകൃതിവിഭവങ്ങളുടെ ചൂഷണം നിയന്ത്രിക്കുന്നതിനായുള്ള നടപടികൾ നിർദ്ദേശിക്കുക ;

(എച്ച്) ജലഗുണനിലവാരം നിലനിർത്തിക്കൊണ്ടുപോകുന്നതിനുള്ള പ്രവർത്തനങ്ങൾ നിരീക്ഷിക്കുക ;

(ഐ) നദികളിൽ മതിയായ നീരൊഴുക്ക് ഉറപ്പുവരുത്തുകയും ജലത്തിന്റെ ഉപയോഗവുമായി ബന്ധപ്പെട്ടുണ്ടാകുന്ന ജലതർക്കങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സർക്കാരിനോട് ശുപാർശ ചെയ്യുകയും ജലശേഖരങ്ങളുടെ രൂപഘടന നിലനിർത്തുകയും ചെയ്യുക ;

(ജെ) ആവശ്യമുള്ളിടത്തെല്ലാം ക്യാച്ച്മെന്റ് ട്രീറ്റ്മെന്റ് നിർദ്ദേശിക്കുക;

(കെ) ജലമലിനീകരണം തടയുന്നതിനുള്ള നടപടികൾ ഉറപ്പാക്കുക;

(എൽ) ജലവുമായി ബന്ധപ്പെട്ട ദുരന്തങ്ങൾ തടയുന്നതിനുള്ള നടപടികൾ ഉറപ്പാക്കുക;

(എം) അന്തർസംസ്ഥാന വിഷയങ്ങളും മറ്റു തർക്കങ്ങളും ഉൾപ്പെടെയുള്ള പ്രധാനപ്പെട്ട നയപരമായ വിഷയങ്ങളെ സംബന്ധിച്ച് സർക്കാരിന് റിപ്പോർട്ട് നൽകുക;

(എൻ) നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിലും അങ്ങനെയുള്ള ഉപാധികൾക്കും വ്യവസ്ഥകൾക്കും വിധേയമായി അതിന്റെ ഫണ്ടുകൾ കാര്യനിർവ്വഹണം നടത്തുകയും കൈകാര്യം ചെയ്യുകയും ആയത് നദീതടബോർഡുകൾക്കും തണ്ണീർത്തട വികസന ബോർഡുകൾക്കും വിതരണം ചെയ്യുകയും ചെയ്യുക;

(ഒ) പൊതുജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നത് സംബന്ധിച്ച പ്രവർത്തനങ്ങൾ നിരീക്ഷിക്കുകയും ഗുണഭോക്താക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്തുകയും ചെയ്യുക;

(പി) നദീതടങ്ങളുടെയും തണ്ണീർത്തടങ്ങളുടെയും കാര്യക്ഷമമായ പരിപാലനത്തിനും സുരക്ഷിതത്വത്തിനും സംരക്ഷണത്തിനും ഉതകാവുന്നതോ ആനുഷംഗികമാകാവുന്നതോ ആയ അങ്ങനെയുള്ള മറ്റ് കാര്യങ്ങളും, ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി സർക്കാർ അതതുസമയങ്ങളിൽ ഏൽപ്പിച്ചു കൊടുത്തേക്കാവുന്ന അങ്ങനെയുള്ള മറ്റു കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിനാവശ്യമായേക്കാവുന്ന അങ്ങനെയുള്ള മറ്റു ചുമതലകൾ നടത്തുകയും ചെയ്യുക.

7ഇ. നദീതട ബോർഡുകളുടെ രൂപീകരണം.—(1) സർക്കാരിന്, വിജ്ഞാപനംവഴി, അതിൽ വിനിർദ്ദേശിക്കപ്പെടാവുന്ന അങ്ങനെയുള്ള തീയതിമുതൽ പ്രാബല്യത്തോടെ ഒന്നോ അതിലധികമോ നദികളുമായി ബന്ധപ്പെട്ട നദീതട ബോർഡുകൾ രൂപീകരിക്കാവുന്നതും അങ്ങനെയുള്ള ബോർഡുകളുടെ പേരുകളും ആസ്ഥാനങ്ങളും അതിൽ വിനിർദ്ദേശിക്കാവുന്നതുമാണ്.

(2) ഓരോ നദീതട ബോർഡിലും താഴെ പറയുന്ന അംഗങ്ങൾ അടങ്ങിയിരിക്കേണ്ടതാണ്, അതായത് :—

(എ) പ്രധാന നദികൾ ഒഴുകുന്ന ഭാഗങ്ങൾ ഉൾപ്പെടുന്ന ബന്ധപ്പെട്ട ജില്ലകളുടെ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, അദ്ദേഹം ബോർഡിന്റെ ചെയർമാൻ ആയിരിക്കേണ്ടതാണ്;

(ബി) നദി ഒഴുകുന്ന ഭാഗങ്ങളുള്ള ജില്ലകളുടെ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ;

(സി) ജലസേചന വകുപ്പിലെ സൂപ്രണ്ടിംഗ് എഞ്ചിനീയർ, അദ്ദേഹം ചീഫ് എക്സിക്യൂട്ടീവ് ആയിരിക്കേണ്ടതാണ്;

(ഡി) കേരള മലിനീകരണ നിയന്ത്രണ ബോർഡിന്റെ റീജിയണൽ എഞ്ചിനീയർ;

(ഇ) കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ എക്സിക്യൂട്ടീവ് എഞ്ചിനീയർ;

(എഫ്) കൃഷി വകുപ്പിന്റെ പ്രിൻസിപ്പൽ കൃഷി ആഫീസർ;

(ജി) ഡിവിഷണൽ ഫോറസ്റ്റ് ആഫീസർ;

(എച്ച്) മത്സ്യബന്ധന വകുപ്പിന്റെ ഡെപ്യൂട്ടി ഡയറക്ടർ;

(ഐ) കേരള ജല അതോറിറ്റിയുടെ എക്സിക്യൂട്ടീവ് എഞ്ചിനീയർ;

(ജെ) ദുരന്തനിവാരണ അതോറിറ്റിയിലെ ഒരു ഉദ്യോഗസ്ഥൻ;

(കെ) ജലവിഭവ വികസനവും മാനേജ്മെന്റും കേന്ദ്രത്തിലെ ഒരു ശാസ്ത്രജ്ഞൻ;

(എൽ) വിനോദസഞ്ചാര വകുപ്പിന്റെ ഒരു പ്രതിനിധി;

(എം) കാർഷിക സർവ്വകലാശാലയുടെ ഒരു പ്രതിനിധി;

(എൻ) ഭാരത സർക്കാരിലെ ജലവിഭവ മന്ത്രാലയത്തിന്റെ ഒരു പ്രതിനിധി;

(ഒ) ജലവിഭവം, സാമൂഹികശാസ്ത്രം, പരിസ്ഥിതി എന്നീ മേഖലകളിലുള്ള സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, ഓരോ വിദഗ്ദ്ധർ;

(പി) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, സർക്കാരിതര സംഘടനകളുടെ രണ്ട് പ്രതിനിധികൾ;

(ക്യൂ) ബന്ധപ്പെട്ട നദീതടങ്ങൾ ഉൾപ്പെടുന്ന പഞ്ചായത്തുകളിലെ പ്രസിഡന്റുമാർ.

(3) സർക്കാർ നീക്കം ചെയ്യാത്തിടത്തോളം, അനൗദ്യോഗിക അംഗങ്ങളുടെ ഉദ്യോഗ കാലാവധി, നാമനിർദ്ദേശം ചെയ്യപ്പെട്ട തീയതിമുതൽ മൂന്ന് വർഷം ആയിരിക്കുന്നതാണ്.

7 എഫ്. നദീതട ബോർഡുകളുടെ ചുമതലകളും അധികാരങ്ങളും.—നദീതട ബോർഡുകൾക്ക് താഴെ പറയുന്ന ചുമതലകൾ ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(എ) കാലാവസ്ഥ സംബന്ധമായതും ജലശാസ്ത്ര സംബന്ധമായതും ജല ഗുണനിലവാര സംബന്ധമായതുമായ സ്ഥിതിവിവരങ്ങൾ നിരീക്ഷിക്കുകയും നദീതടങ്ങളുമായി ബന്ധപ്പെട്ട വകുപ്പുകളോ ഏജൻസികളോ നടപടിക്രമങ്ങളിലുള്ള മാനദണ്ഡങ്ങളിൻമേലും ഭൗതികവും മറ്റു പാരിസ്ഥിതികവുമായ മാനദണ്ഡങ്ങളിൻമേലും ഉള്ള വിവരങ്ങൾ ശേഖരിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുകയും ആവശ്യമെങ്കിൽ സ്ഥിതിവിവരങ്ങൾ ശേഖരിക്കുകയും ചെയ്യുക;

(ബി) നദീതടങ്ങളുടെ സമഗ്രപരിപാലനത്തിനാവശ്യമായ ഒരു സ്ഥിതി വിവര സംവിധാനം തുടർന്നു കൊണ്ടു പോകുക;

(സി) സാങ്കേതികവും സാമൂഹികവും സാമ്പത്തികവും പാരിസ്ഥിതികവുമായ ഘടകങ്ങൾക്ക് അർഹിക്കുന്ന പ്രാധാന്യം നൽകിക്കൊണ്ട് പദ്ധതികൾ ആവിഷ്ക്കരിക്കുകയും പ്രവർത്തനം വിലയിരുത്തുകയും ചെയ്യുക;

(ഡി) പ്രവർത്തനം വിലയിരുത്തുന്നതിനായി ക്യാച്ച്മെന്റ് മാനേജ്മെന്റ് പ്ലാനുകൾ തയ്യാറാക്കുക;

(ഇ) നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ വികസന പദ്ധതികളെ സംബന്ധിച്ച് പാരിസ്ഥിതിക ആഘാത വിലയിരുത്തലും ബെനിഫിറ്റ് കോസ്റ്റ് അനാലിസിസും നടത്തുക;

(എഫ്) ഡിസിഷൻ സപ്പോർട്ട് സിസ്റ്റത്തെ വികസിപ്പിക്കുന്നതുവഴി സ്പെഷ്യൽ പ്ലാറ്റ്ഫോറത്തിൽ ലഭ്യമായിട്ടുള്ള സ്ഥിതിവിവരങ്ങൾ തയ്യാറാക്കുക;

(ജി) നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിലും അങ്ങനെയുള്ള വ്യവസ്ഥകൾ ഏതെങ്കിലുമുണ്ടെങ്കിൽ അതിന് വിധേയമായും നദീതടത്തിലുൾപ്പെടുന്ന ജലശേഖരങ്ങളിൽനിന്നും വെള്ളമെടുക്കുന്നതിന് അനുവദിക്കുകയും നിയന്ത്രിക്കുകയും ചെയ്യുക;

(എച്ച്) നദീതട ബോർഡിന്റെ അധികാരപരിധിക്കുള്ളിൽവരുന്ന ജലസംബന്ധ വിഷയങ്ങളിലുള്ള തർക്കങ്ങൾ പരിഹരിക്കുകയും അവരുടെ നിലയിൽ പരിഹരിക്കാൻ കഴിയാത്ത അങ്ങനെയുള്ള വിഷയങ്ങൾ സംസ്ഥാന നദി-തണ്ണീർത്തട അതോറിറ്റിക്ക് വിടുകയും ചെയ്യുക;

(ഐ) ജലവിഭവങ്ങളുടെ ചൂഷണവും അതിന്റെ പാരിസ്ഥിതിക പ്രത്യാഘാതങ്ങളും നിയന്ത്രിക്കുന്നതിനുള്ള നടപടികൾ ശുപാർശ ചെയ്യുക;

(ജെ) ജലമലിനീകരണം തടയുന്നതിനുള്ള നടപടികളെടുക്കുകയും മലിനീകരണം സംബന്ധിച്ച കേസുകൾ മലിനീകരണ നിയന്ത്രണ ബോർഡിന്റെ അധികാരികൾക്ക് നടപടിക്കായി റിപ്പോർട്ട് ചെയ്യുകയും ചെയ്യുക;

(കെ) ജലദുരന്തങ്ങൾ തടയുന്നതിനുള്ള നടപടികളെടുക്കുകയും അതിന്റെ പ്രവർത്തനങ്ങൾ ദുരന്തനിവാരണ അതോറിറ്റിയുമായി ഏകോപിപ്പിക്കുകയും പ്രവർത്തനങ്ങൾ സംസ്ഥാന നദി-തണ്ണീർത്തട അതോറിറ്റിക്ക് റിപ്പോർട്ട് ചെയ്യുകയും ചെയ്യുക;

(എൽ) സംസ്ഥാന നദി-തണ്ണീർത്തട അതോറിറ്റിക്ക് അവശ്യംവേണ്ട വസ്തുതകളും വിവരങ്ങളും അതതു സമയങ്ങളിൽ നൽകുക;

(എം) നദീതട പ്രദേശത്തിനുള്ളിൽ വികസന പ്രവർത്തനങ്ങൾ നടത്തുന്ന വിവിധ വകുപ്പുകളെയും ഏജൻസികളെയും ഏകോപിപ്പിക്കുക;

(എൻ) നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ ബന്ധപ്പെട്ട നദീതട ബോർഡുകളുടെ കീഴിൽവരുന്ന നദികളുടെയും നദീതട പ്രദേശങ്ങളുടെയും ആവാസവ്യവസ്ഥ സംരക്ഷിക്കുകയും പരിപാലിക്കുകയും ചെയ്യുക;

(ഒ) സർക്കാരിതര സംഘടനകളുടെ പിന്തുണയോടെ പൊതുജനങ്ങൾക്കിടയിൽ ജലസാക്ഷരതയ്ക്കും അവബോധം സൃഷ്ടിക്കുന്നതിനുംവേണ്ട നടപടികൾ ആരംഭിക്കുക;

(പി) നദീവ്യവസ്ഥയുടെ നടത്തിപ്പിൽ തദ്ദേശീയരുടെ ക്രിയാത്മകമായ പങ്കാളിത്തം ഉറപ്പുവരുത്തുക;

(ക്യു) ഫണ്ടുകൾ കൈകാര്യം ചെയ്യുകയും അത് നദികളുടെയും നദീതടങ്ങളുടെയും വികസനത്തിന് വിനിയോഗിക്കുകയും ചെയ്യുക;

(ആർ) നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിലും അങ്ങനെയുള്ള വ്യവസ്ഥകൾക്കും വിധേയമായി നദികളുടെയും നദീതടങ്ങളുടെയും കാര്യക്ഷമമായ ഭരണ നിർവ്വഹണത്തിനും പരിപാലനത്തിനും സംരക്ഷണത്തിനും അവയുടെ വിവേകപൂർവ്വമായ ഉപയോഗത്തിനും ഉതകുന്നതോ ആനുഷംഗികമായതോ ആയ അങ്ങനെയുള്ള മറ്റു കാര്യങ്ങൾ ചെയ്യുക;

(എസ്) സംസ്ഥാന നദി-തണ്ണീർത്തട അതോറിറ്റി അതതു സമയങ്ങളിൽ ഏൽപ്പിക്കാവുന്ന അങ്ങനെയുള്ള മറ്റു ചുമതലകളും കർത്തവ്യങ്ങളും നിർവ്വഹിക്കുക.

7ജി. തണ്ണീർത്തട വികസന ബോർഡുകളുടെ രൂപീകരണം.—(1) സർക്കാരിന്, ഗസറ്റ് വിജ്ഞാപനംവഴി, അതിൽ വിനിർദ്ദേശിക്കപ്പെടാവുന്ന അങ്ങനെയുള്ള തീയതി മുതൽ പ്രാബല്യത്തോടെ ഓരോ വലിയ തണ്ണീർത്തടത്തിനോ രണ്ടോ അതിലധികമോ ചെറിയ തണ്ണീർത്തടങ്ങൾക്ക് കൂട്ടായോ തണ്ണീർത്തട വികസന ബോർഡുകൾ രൂപീകരിക്കാവുന്നതും, അതിൽ അങ്ങനെയുള്ള ബോർഡുകളുടെ പേരുകളും ആസ്ഥാനങ്ങളും വ്യക്തമാക്കേണ്ടതുമാണ്.

(2) ഓരോ തണ്ണീർത്തട വികസന ബോർഡിലും താഴെ പറയുന്ന അംഗങ്ങൾ അടങ്ങിയിരിക്കേണ്ടതാണ്, അതായത്:—

(എ) തണ്ണീർത്തടത്തിന്റെ ഭൂരിഭാഗവും സ്ഥിതിചെയ്യുന്ന ജില്ലയുടെ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, അദ്ദേഹം ചെയർമാനായിരിക്കുന്നതാണ്;

(ബി) തണ്ണീർത്തടത്തിന്റെ ഭൂരിഭാഗവും സ്ഥിതിചെയ്യുന്ന ജില്ലയുടെ ജില്ലാകളക്ടർ;

(സി) ജലസേചന വകുപ്പിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ, അദ്ദേഹം ചീഫ് എക്സിക്യൂട്ടീവ് ആയിരിക്കുന്നതാണ്;

(ഡി) കേരള ജല അതോറിറ്റിയുടെ, ബന്ധപ്പെട്ട പ്രദേശത്തിനുമേൽ അധികാരിതയുള്ള എക്സിക്യൂട്ടീവ് എഞ്ചിനീയർ;

(ഇ) ആ പ്രദേശത്തിനുമേൽ അധികാരിതയുള്ള ഡിവിഷണൽ ഫോറസ്റ്റ് ആഫീസർ;

(എഫ്) കൃഷി വകുപ്പിലെ പ്രിൻസിപ്പൽ കൃഷി ആഫീസർ;

(ജി) ആ പ്രദേശത്ത് അധികാരിതയുള്ള ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ;

(എച്ച്) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ പ്രതിനിധി;

(ഐ) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, പരിസ്ഥിതി വകുപ്പിന്റെ പ്രതിനിധി;

(ജെ) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, വിനോദസഞ്ചാര വകുപ്പിന്റെ പ്രതിനിധി;

(കെ) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, കേരള കാർഷിക സർവ്വകലാശാലയുടെ പ്രതിനിധി;

(എൽ) ജലവിഭവ വികസനവും മാനേജ്മെന്റും കേന്ദ്രം നാമനിർദ്ദേശം ചെയ്യുന്ന ശാസ്ത്രജ്ഞൻ;

(എം) ഭാരത സർക്കാരിന്റെ പരിസ്ഥിതിയും വനവും മന്ത്രാലയത്തിന്റെ പ്രതിനിധി, അവരുടെ അംഗീകാരത്തോടുകൂടി;

(എൻ) ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്തുകളുടെ പ്രസിഡന്റുമാർ;

(ഒ) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, ജലവിഭവം, സാമൂഹിക ശാസ്ത്രം, പരിസ്ഥിതി എന്നീ മേഖലകളിലെ ഓരോ വിദഗ്ദ്ധർ;

(പി) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, സർക്കാരിതര സംഘടനകളുടെ രണ്ട് പ്രതിനിധികൾ.

(3) സർക്കാർ നീക്കം ചെയ്യാത്തിടത്തോളം, അനൗദ്യോഗിക അംഗങ്ങളുടെ ഉദ്യോഗ കാലാവധി നാമനിർദ്ദേശം ചെയ്യപ്പെട്ട തീയതി മുതൽ മൂന്ന് വർഷം ആയിരിക്കുന്നതാണ്:

എന്നാൽ, ഒരു അനൗദ്യോഗികാംഗത്തിന് സർക്കാരിനെ സംബോധന ചെയ്തുകൊണ്ട് സ്വന്തം കൈപ്പടയിലെഴുതി എപ്പോൾ വേണമെങ്കിലും തന്റെ ഉദ്യോഗം രാജിവയ്ക്കാവുന്നതാണ്.

7എച്ച്. തണ്ണീർത്തട വികസന ബോർഡുകളുടെ അധികാരങ്ങളും ചുമതലകളും.—തണ്ണീർത്തട വികസന ബോർഡുകൾക്ക് താഴെ പറയുന്ന അധികാരങ്ങളും ചുമതലകളും ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(എ) കാലാവസ്ഥ സംബന്ധമായതും ജലശാസ്ത്ര സംബന്ധമായതും ജലഗുണനിലവാര സംബന്ധമായതുമായ സ്ഥിതിവിവരങ്ങൾ നിരീക്ഷിക്കുകയും തണ്ണീർത്തടങ്ങളുമായി ബന്ധപ്പെട്ട വകുപ്പുകളോ ഏജൻസികളോ നടപടിക്രമങ്ങളിലുള്ള മാനദണ്ഡങ്ങളിൻമേലും ഭൗതികവും മറ്റ് പാരിസ്ഥിതികവുമായ മാനദണ്ഡങ്ങളിൻമേലും വിവരങ്ങൾ ശേഖരിക്കുന്നുവെന്ന് ഉറപ്പുവരുത്തുകയും, ആവശ്യമെങ്കിൽ സ്ഥിതിവിവരങ്ങൾ ശേഖരിക്കുകയും ചെയ്യുക;

(ബി) തണ്ണീർത്തടങ്ങളുടെ സമഗ്രപരിപാലനത്തിനാവശ്യമായ ഒരു സ്ഥിതിവിവര സംവിധാനം തുടർന്നുകൊണ്ടുപോകുക;

(സി) സാങ്കേതികവും സാമൂഹികവും സാമ്പത്തികവും പാരിസ്ഥിതികവുമായ ഘടകങ്ങൾക്ക് അർഹിക്കുന്ന പ്രാധാന്യം നൽകിക്കൊണ്ട് പദ്ധതികൾ ആവിഷ്ക്കരിക്കുകയും പ്രവർത്തനം വിലയിരുത്തുകയും ചെയ്യുക;

(ഡി) പ്രവർത്തനം വിലയിരുത്തുന്നതിനായി ക്യാച്ച്മെന്റ് മാനേജ്മെന്റ് പ്ലാനുകൾ തയ്യാറാക്കുക;

(ഇ) വികസന പദ്ധതികളെ സംബന്ധിച്ച പാരിസ്ഥിതിക ആഘാത വിലയിരുത്തലും ബെനിഫിറ്റ് കോസ്റ്റ് അനാലിസിസും നടത്തുക;

(എഫ്) ഡിസിഷൻ സപ്പോർട്ട് സിസ്റ്റം വികസിപ്പിച്ചെടുക്കുന്നതുവഴി സ്പെഷ്യൽ പ്ലാറ്റ്ഫോമിൽ ലഭ്യമായിട്ടുള്ള സ്ഥിതിവിവരങ്ങൾ തയ്യാറാക്കുക;

(ജി) തണ്ണീർത്തടങ്ങളിൽ നിന്നും ജലമെടുക്കുന്നതിന് അനുവദിക്കുകയും നിയന്ത്രിക്കുകയും ചെയ്യുക;

(എച്ച്) തണ്ണീർത്തട വികസന ബോർഡിന്റെ അധികാരിതയ്ക്കുള്ളിൽ വരുന്ന ജലസംബന്ധമായ വിഷയങ്ങൾ പരിഹരിക്കുകയും അവരുടെ അധികാരിതയ്ക്കപ്പുറമായതോ അവരുടെ നിലയിൽ പരിഹരിക്കപ്പെടാൻ കഴിയാത്തതോ ആയവ സംസ്ഥാന നദി-തണ്ണീർത്തട അതോറിറ്റിക്ക് റിപ്പോർട്ട് ചെയ്യുകയും ചെയ്യുക;

(ഐ) ജലവിഭവങ്ങളുടെ ചൂഷണവും അതിന്റെ പാരിസ്ഥിതിക പ്രത്യാഘാതവും നിയന്ത്രിക്കുന്നതിനുള്ള നടപടികൾ ശുപാർശ ചെയ്യുക;

(ജെ) ജലമലിനീകരണം തടയുന്നതിനുള്ള നടപടികളെടുക്കുകയും മലിനീകരണം സംബന്ധിച്ച കേസുകൾ മലിനീകരണ നിയന്ത്രണ ബോർഡിന്റെ അധികാരികൾക്ക് നടപടിയ്ക്കായി റിപ്പോർട്ട് ചെയ്യുകയും ചെയ്യുക;

(കെ) ജല സംബന്ധമായ ദുരന്തങ്ങൾ തടയുന്നതിന് നടപടികളെടുക്കുകയും അതിന്റെ പ്രവർത്തനങ്ങൾ ദുരന്തനിവാരണ അതോറിറ്റിയുമായി ഏകോപിപ്പിക്കുകയും സംസ്ഥാന നദി-തണ്ണീർത്തട അതോറിറ്റിക്ക് റിപ്പോർട്ട് ചെയ്യുകയും ചെയ്യുക;

(എൽ) സംസ്ഥാന നദി-തണ്ണീർത്തട അതോറിറ്റിക്ക് അവശ്യം വേണ്ട വസ്തുതകളും വിവരങ്ങളും അതതു സമയങ്ങളിൽ നൽകുക;

(എം) തണ്ണീർത്തട വികസന പ്രവർത്തനങ്ങൾ നടത്തുന്ന വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക;

(എൻ) അതത് തണ്ണീർത്തട വികസന ബോർഡുകളുടെ അധികാരിതയ്ക്കുള്ളിൽ വരുന്ന തണ്ണീർത്തടങ്ങളുടെയും അതിലേക്ക് വന്നുചേരുന്ന നദീതടങ്ങളുടെയും ആവാസവ്യവസ്ഥ സംരക്ഷിക്കുകയും പരിപാലിക്കുകയും ചെയ്യുക;

(ഒ) സർക്കാരിതര സംഘടനകളുടെ പിന്തുണയോടെ പൊതുജനങ്ങൾക്കിടയിൽ ജലസാക്ഷരതയ്ക്കും അവബോധം സൃഷ്ടിക്കുന്നതിനുംവേണ്ട നടപടികൾ ആരംഭിക്കുക;

(പി) നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ തണ്ണീർത്തടങ്ങളുടെ നടത്തിപ്പിൽ തദ്ദേശീയരുടെ ക്രിയാത്മകമായ പങ്കാളിത്തം ഉറപ്പുവരുത്തുക;

(ക്യൂ) നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ തണ്ണീർത്തടങ്ങളുടെ ഫണ്ടുകൾ കൈകാര്യം ചെയ്യുകയും അത് വിനിയോഗിക്കുകയും ചെയ്യുക;

(ആർ) തണ്ണീർത്തടങ്ങളുടെ കാര്യക്ഷമമായ ഭരണ നിർവ്വഹണത്തിനും പരിപാലനത്തിനും സംരക്ഷണത്തിനും അവയുടെ വിവേകപൂർവ്വമായ ഉപയോഗത്തിനും ഉതകുന്നതോ ആനുഷംഗികമായതോ ആയ അങ്ങനെയുള്ള മറ്റു കാര്യങ്ങൾ ചെയ്യുക;

(എസ്) സംസ്ഥാന നദി-തണ്ണീർത്തട അതോറിറ്റി അതതു സമയങ്ങളിൽ ഏൽപ്പിക്കാവുന്ന അങ്ങനെയുള്ള മറ്റു ചുമതലകളും കർത്തവ്യങ്ങളും നിർവ്വഹിക്കുക.

7ഐ. അനൗദ്യോഗികാംഗങ്ങളെ നീക്കം ചെയ്യൽ.—(1) സർക്കാരിന്, സംസ്ഥാന നദി-തണ്ണീർത്തട അതോറിറ്റിയിലെയോ നദീതട ബോർഡിലെയോ തണ്ണീർത്തട വികസന ബോർഡിലെയോ ഒരു അനൗദ്യോഗിക അംഗത്തെ, അയാൾ,—

(എ) ഒരു അവിമുക്ത നിർദ്ധനനായി പ്രഖ്യാപിക്കപ്പെട്ടിട്ടുണ്ടെങ്കിലോ;

(ബി) ശാരീരികമോ മാനസികമോ ആയ വൈകല്യംമൂലം ആ നിലയിൽ തുടരുന്നതിന് അപ്രാപ്തനായിത്തീരുകയാണെങ്കിലോ;

(സി) സ്ഥിരബുദ്ധി ഇല്ലാത്തവനായിത്തീരുകയും അധികാരിതയുള്ള ഒരു കോടതി അപ്രകാരം പ്രഖ്യാപിക്കുകയാണെങ്കിലോ;

(ഡി) സർക്കാരിന്റെ അഭിപ്രായത്തിൽ സന്മാർഗ്ഗിക ദൂഷ്യമോ സാമ്പത്തിക ക്രമക്കേടുകളോ ഉൾപ്പെട്ടതായ, ഒരു കുറ്റത്തിന് ശിക്ഷിക്കപ്പെട്ടിട്ടുണ്ടെങ്കിലോ;

(ഇ) സർക്കാരിന്റെ അഭിപ്രായത്തിൽ ആഫീസിൽ തുടരുന്നതിനായി പൊതുതാൽപര്യത്തിന് ഹാനികരമാകുന്നതരത്തിൽ തന്റെ ഔദ്യോഗിക സ്ഥാനം ദുരുപയോഗപ്പെടുത്തിയിട്ടുണ്ടെങ്കിലോ;

നീക്കം ചെയ്യാവുന്നതാണ്:

എന്നാൽ, (ഇ) ഖണ്ഡത്തിൽ പറഞ്ഞിട്ടുള്ള കാരണത്താൽ യാതൊരു അംഗത്തെയും, അയാൾക്ക് പറയുവാനുള്ളത് പറയുവാൻ ഒരു അവസരം നൽകാതെ, നീക്കം ചെയ്യാൻ പാടുള്ളതല്ല.

(2) സംസ്ഥാന നദി-തണ്ണീർത്തട അതോറിറ്റിയുടെയോ നദീതട ബോർഡിന്റെയോ തണ്ണീർത്തട വികസന ബോർഡിന്റെയോ യാതൊരു പ്രവൃത്തിയോ നടപടിയോ അതിൽ ഒരു ഒഴിവോ അഥവാ അതതു സംഗതിപോലെ, അങ്ങനെയുള്ള അതോറിറ്റിയുടെയോ ബോർഡിന്റെയോ രൂപീകരണത്തിൽ അപാകതയോ ഉണ്ട് എന്ന കാരണത്താൽ അസാധുവാകുന്നതല്ല.

7ജെ. സംസ്ഥാന നദി-തണ്ണീർത്തട അതോറിറ്റി, നദീതട ബോർഡ്, തണ്ണീർത്തട വികസന ബോർഡ് എന്നിവ ഏകാംഗീകൃതനികായമായിരിക്കുമെന്ന്.— സംസ്ഥാന നദി -തണ്ണീർത്തട അതോറിറ്റിയും ഓരോ നദീതട ബോർഡും തണ്ണീർത്തട വികസന ബോർഡും അത് രൂപീകരിച്ചുകൊണ്ടുള്ള വിജ്ഞാപനത്തിൽ പറഞ്ഞ പേരിലുള്ള, ശാശ്വതമായ പിൻതുടർച്ചാവകാശവും ഒരു പൊതുമുദ്രയും ഉള്ളതും സ്ഥാവര-ജംഗമ വസ്തുക്കൾ ആർജ്ജിക്കുന്നതിനും കൈവശം വയ്ക്കുന്നതിനും വിൽക്കുന്നതിനും കരാറിൽ ഏർപ്പെടുന്നതിനും ഉള്ള അധികാരത്തോടുകൂടിയതുമായ, ഒരു ഏകാംഗീകൃതനികായമായിരിക്കുന്നതും പ്രസ്തുത പേരിൽ വ്യവഹരിക്കുകയും വ്യവഹരിക്കപ്പെടുകയും ചെയ്യാവുന്നതുമാണ്.

7കെ. സംസ്ഥാന നദി-തണ്ണീർത്തട അതോറിറ്റി, നദീതട ബോർഡ്, തണ്ണീർത്തട വികസന ബോർഡ് എന്നിവയുടെ യോഗങ്ങൾ.—സംസ്ഥാന നദി-തണ്ണീർത്തട അതോറിറ്റി, നദീതട ബോർഡ്, തണ്ണീർത്തട വികസന ബോർഡ് എന്നിവ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള സമയത്തും സ്ഥലത്തും യോഗം ചേരേണ്ടതും അതിന്റെ കാര്യനിർവ്വഹണങ്ങൾ നടത്തുന്നത് സംബന്ധിച്ച് അങ്ങനെയുള്ള നടപടിക്രമം പാലിക്കേണ്ടതുമാണ്.

7എൽ. സംസ്ഥാന നദി-തണ്ണീർത്തട അതോറിറ്റി, നദീതട ബോർഡ്, തണ്ണീർത്തട വികസന ബോർഡ് എന്നിവയിലെ ഉദ്യോഗസ്ഥരും ജീവനക്കാരും.— (1) സംസ്ഥാന നദി-തണ്ണീർത്തട അതോറിറ്റിയുടെ ചീഫ് എക്സിക്യൂട്ടീവ് ഒരു ചീഫ് എഞ്ചിനീയർ ആയിരിക്കുന്നതും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ അദ്ദേഹം അതോറിറ്റിയുടെ തീരുമാനങ്ങൾ നടപ്പിലാക്കേണ്ടതുമാണ്.

(2) സംസ്ഥാന നദി-തണ്ണീർത്തട അതോറിറ്റി, നദീതട ബോർഡ്, തണ്ണീർത്തട വികസന ബോർഡ് എന്നീ ആഫീസുകളുടെ പ്രവർത്തനത്തിന് ആവശ്യമായ ജീവനക്കാരും ഉദ്യോഗസ്ഥരും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ ജോലി പുനഃക്രമീകരണം ചെയ്തതിനുശേഷവും അങ്ങനെയുള്ള ഉപാധികൾക്കും സേവന വ്യവസ്ഥകൾക്കും വിധേയമായും ജലവിഭവ വകുപ്പിലെ ജീവനക്കാരുടെയും ഉദ്യോഗസ്ഥരുടെയും പുനർവിന്യാസംവഴി ആയിരിക്കേണ്ടതാണ്.

11. IIഎ ഒരു പുതിയ അദ്ധ്യായം ചേർക്കൽ.—പ്രധാന ആക്റ്റിലെ II-ാം അദ്ധ്യായത്തിനുശേഷം താഴെ പറയുന്ന അദ്ധ്യായം ചേർക്കേണ്ടതാണ് എന്ന അതായത്.—

"അദ്ധ്യായം IIഎ

ഫണ്ടുകളും കണക്കുകളും ആഡിറ്റും

7എം. ഫണ്ടുകൾ.—(1) സംസ്ഥാന നദി-തണ്ണീർത്തട അതോറിറ്റി ഫണ്ട് എന്നു വിളിക്കുന്ന ഒരു ഫണ്ട് രൂപീകരിക്കേണ്ടതും അതിൽ നിന്നും സംസ്ഥാന നദി-തണ്ണീർത്തട അതോറിറ്റിയുടെയും നദീതട ബോർഡുകളുടെയും തണ്ണീർത്തട വികസന ബോർഡുകളുടെയും എല്ലാ ചെലവുകളും വഹിക്കേണ്ടതുമാണ്.

(2) സംസ്ഥാന നദി-തണ്ണീർത്തട അതോറിറ്റി ഫണ്ടിലേക്ക് താഴെ പറയുന്നവ വരവ് വയ്ക്കേണ്ടതാണ്,—

(എ) സർക്കാരിൽ നിന്നോ കേന്ദ്ര സർക്കാരിൽ നിന്നോ ഉള്ള ഗ്രാന്റുകളും അഡ്വാൻസുകളും, എന്തെങ്കിലും ഉണ്ടെങ്കിൽ, അത്;

(ബി) 2001-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ആക്റ്റിൻകീഴിൽ ഓരോ ജില്ലാ കളക്ടറും സൂക്ഷിക്കുന്ന റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും ലഭിക്കാവുന്ന ഏതെങ്കിലും തുക ;

(സി) സംസ്ഥാന നദി-തണ്ണീർത്തട അതോറിറ്റിക്ക് ഏതെങ്കിലും വ്യക്തിയോ, നികായമോ, സർക്കാർ വകുപ്പുകളോ, സംഘടനകളോ, സർക്കാരിതര സംഘടനകളോ, നൽകുന്ന സംഭാവനകൾ ;

(ഡി) ഈ ആക്റ്റിൻകീഴിലുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിനായി സർക്കാരിന്റെ അനുമതിയോടെ കടം വാങ്ങിയ പണമോ വായ്പകളോ ;

(ഇ) ഈ ആക്റ്റിൻകീഴിൽ ഫീസിനത്തിൽ വസൂലാക്കുന്ന ഏതൊരു തുകയും ചുമത്താവുന്ന മറ്റു ചാർജ്ജുകളും ;

(എഫ്) റിസർവ്വോയറുകളിൽ നിന്നുള്ള എക്കൽ മണ്ണിന്റെ വിറ്റുവരവ് ;

(ജി) സർക്കാരിന്റെ മുൻകൂർ അനുമതിയോടുകൂടി, മറ്റേതെങ്കിലും ഉറവിടത്തിൽ നിന്നും അതോറിറ്റി ഉണ്ടാക്കുന്നതോ സ്വീകരിക്കുന്നതോ ആയിട്ടുള്ള വരുമാനം ;

(എച്ച്) 4-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിൻകീഴിൽ നൽകേണ്ടതായ എല്ലാ ഫീസുകളും.

7എൻ. ഫണ്ടുകൾ സ്വീകരിക്കുന്നതിന് ബോർഡിനുള്ള അധികാരം.—ഓരോ ബോർഡിനും അതിന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിനും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ബോർഡിന്റെ മറ്റു വികസന പ്രവർത്തനങ്ങൾക്കുമായി ബോർഡിന്റെ പേരിൽ നൽകപ്പെടുന്ന ഫണ്ടുകളോ സംഭാവനകളോ സ്വീകരിക്കുന്നതിന് അധികാരമുണ്ടായിരിക്കുന്നതാണ്.

7ഒ. നദീതട ബോർഡുകൾക്കും തണ്ണീർത്തട വികസന ബോർഡുകൾക്കും ഫണ്ട് വിതരണം ചെയ്യൽ.—നദീതട ബോർഡുകളുടെയും തണ്ണീർത്തട വികസന ബോർഡുകളുടെയും പ്രവർത്തനങ്ങൾക്കാവശ്യമായി വന്നേയ്ക്കാവുന്ന അങ്ങനെയുള്ള

തുകകൾ സംസ്ഥാന നദി-തണ്ണീർത്തട അതോറിറ്റി ഫണ്ടിൽനിന്നും സംസ്ഥാന നദി-തണ്ണീർത്തട അതോറിറ്റി നൽകേണ്ടതാണ്.

7പി. വാർഷിക ധനവിവരപ്പത്രിക.—(1) സംസ്ഥാന നദി-തണ്ണീർത്തട അതോറിറ്റിയുടെ ചീഫ് എക്സിക്യൂട്ടീവ്, ഓരോ വർഷവും, നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിലും അങ്ങനെയുള്ള സമയത്തിനുള്ളിലും അതോറിറ്റിയുടെ അടുത്ത സാമ്പത്തിക വർഷത്തേക്കുള്ള വരവ് ചെലവ് അടങ്കൽ കാണിക്കുന്ന ഒരു വാർഷിക ധനവിവരപ്പത്രിക തയ്യാറാക്കേണ്ടതും ആയത് അതോറിറ്റിയുടെ മുമ്പാകെ അംഗീകാരത്തിനായി വയ്ക്കേണ്ടതുമാണ്.

(2) പ്രസ്തുത അതോറിറ്റി അംഗീകരിച്ച പ്രകാരമുള്ള വാർഷിക ധനവിവരപ്പത്രിക അംഗീകാരത്തിനായി സർക്കാരിലേക്ക് അയയ്ക്കേണ്ടതാണ്.

7ക്യു. അക്കൗണ്ടുകൾ.—സംസ്ഥാന നദി-തണ്ണീർത്തട അതോറിറ്റിയും ഓരോ നദീതട ബോർഡും തണ്ണീർത്തട വികസന ബോർഡും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിൽ അതിന്റെ അക്കൗണ്ടുകൾ സൂക്ഷിച്ചുപോരേണ്ടതും, നദീതട ബോർഡുകളും തണ്ണീർത്തട വികസന ബോർഡുകളും ഓരോ വർഷവും സംസ്ഥാന നദി-തണ്ണീർത്തട അതോറിറ്റിക്ക് അക്കൗണ്ടുകൾ നൽകേണ്ടതുമാണ്.

7ആർ. ആഡിറ്റ്.—(1) സംസ്ഥാന നദി-തണ്ണീർത്തട അതോറിറ്റിയുടെ അക്കൗണ്ടുകൾ സർക്കാർ നിയമിക്കുന്ന ഒരു ആഡിറ്റർ ആഡിറ്റ് ചെയ്യേണ്ടതും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ ആഡിറ്റ് നടത്തേണ്ടതുമാണ്.

(2) നദീതട ബോർഡുകളുടെയും തണ്ണീർത്തട വികസന ബോർഡുകളുടെയും അക്കൗണ്ടുകൾ ആഡിറ്റ് ചെയ്യുന്നതിനായി സംസ്ഥാന നദി-തണ്ണീർത്തട അതോറിറ്റി ആഡിറ്റർമാരെ നിയമിക്കേണ്ടതും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ ആഡിറ്റ് നടത്തേണ്ടതുമാണ്.

(3) ആഡിറ്റ് ചെയ്ത കണക്കുകളുടെ വാർഷിക പത്രിക നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിലും അങ്ങനെയുള്ള സമയത്തിനുള്ളിലും സർക്കാരിന് അയച്ചുകൊടുക്കേണ്ടതാണ്.

7എസ്. വാർഷിക റിപ്പോർട്ട്.—സംസ്ഥാന നദി-തണ്ണീർത്തട അതോറിറ്റിയും നദീതട ബോർഡും തണ്ണീർത്തട വികസന ബോർഡും, മുൻ സാമ്പത്തിക വർഷത്തെ അതിന്റെ പ്രവർത്തനങ്ങളുടെ മുഴുവൻ വിശദാംശങ്ങളും ഉൾപ്പെടുത്തി അവരുടെ വാർഷിക റിപ്പോർട്ട് തയ്യാറാക്കേണ്ടതും ആ റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കേണ്ടതുമാണ്.

7റ്റി. വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും നിയമസഭ മുമ്പാകെ വയ്ക്കണമെന്ന്.—സംസ്ഥാന നദി-തണ്ണീർത്തട അതോറിറ്റിയുടെ ആഡിറ്റ് ചെയ്ത വാർഷിക അക്കൗണ്ടുകളും വാർഷിക റിപ്പോർട്ടും ലഭിച്ചാൽ ഉടൻതന്നെ ആയത് സർക്കാർ, സംസ്ഥാന നിയമസഭ മുമ്പാകെ വയ്ക്കേണ്ടതാണ്.".

12. 37-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 37-ാം വകുപ്പിൽ, (3)-ാം ഉപവകുപ്പ് വിട്ടുകളയേണ്ടതാണ്.

13. 49-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 49-ാം വകുപ്പിൽ, മാർജിനൽ ശീർഷകത്തിനും (1)-ാം ഉപവകുപ്പിനും പകരം താഴെ പറയുന്ന മാർജിനൽ ശീർഷകവും ഉപവകുപ്പും ചേർക്കേണ്ടതാണ്, അതായത് :—

"49. കർഷകരുടെ വാട്ടർ യൂസർ അസോസിയേഷൻ.—(1) കേരളത്തിൽ പങ്കാളിത്ത ജലസേചന കാര്യകർതൃത്വം നടപ്പിലാക്കുന്നതിനായി ഒരു ജലസേചന സംവിധാനത്തിന്റെ ഉപയോക്താക്കളായുള്ള കർഷകരുടെ "വാട്ടർ യൂസേഴ്സ് അസോസിയേഷൻ" എന്ന പേരിലുള്ള ഒരു കർഷക സംഘടന ഉണ്ടായിരിക്കേണ്ടതാണ്.".

14. 50-ാം വകുപ്പിന് പകരം ചേർക്കൽ.—പ്രധാന ആക്റ്റിലെ 50-ാം വകുപ്പിനുപകരം താഴെ പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

"50. വാട്ടർ യൂസേഴ്സ് അസോസിയേഷനുകളുടെ ഉദ്ദേശ്യങ്ങൾ.—വാട്ടർ യൂസേഴ്സ് അസോസിയേഷനുകളുടെ ഉദ്ദേശ്യങ്ങൾ ഇവയായിരിക്കുന്നതാണ്,—

(1) അവരുടെ അധികാരപരിധിക്കുള്ളിലുള്ള ഒരു ജലസേചന സംവിധാനംവഴി പ്രയോജനം ലഭിക്കുന്ന നാൽപ്പത് ഹെക്ടറിൽ കുറയാതെയുള്ള പ്രദേശത്തിനകത്തെ ജലസേചന സംവിധാനം നടത്തുകയും സംരക്ഷിക്കുകയും ചെയ്യുക ;

(2) അവരുടെ ഉപയോക്താക്കൾക്കിടയിൽ വെള്ളത്തിന്റെ നീതിപൂർവ്വകമായ വിതരണം പ്രോത്സാഹിപ്പിക്കുകയും ഉറപ്പുവരുത്തുകയും ചെയ്യുക ;

(3) ജലസംരക്ഷണത്തിനുള്ള അവബോധം സൃഷ്ടിക്കുക ;

(4) പരമാവധി കാർഷിക ഉൽപ്പാദനം നേടത്തക്കവിധം കാര്യക്ഷമവും പാഴാക്കാതെയുമുള്ള ജലഉപഭോഗം ഉറപ്പുവരുത്തുക ;

(5) കർഷകരെ ഉൾപ്പെടുത്തിക്കൊണ്ട് പരിസ്ഥിതി സംരക്ഷിക്കുകയും പാരിസ്ഥിതിക സന്തുലിതാവസ്ഥ ഉറപ്പുവരുത്തുകയും ജലബഡ്ജറ്റിനും പ്രവർത്തന പദ്ധതിക്കും അനുസൃതമായി ജലസേചന സംവിധാനത്തോട് ഒരു ഉടമസ്ഥതാബോധം ഊട്ടി ഉറപ്പിക്കുകയും ചെയ്യുക.".

15. 51-ാം വകുപ്പിന് പകരം ചേർക്കൽ.—പ്രധാന ആക്റ്റിലെ 51-ാം വകുപ്പിനു പകരം താഴെ പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

"51. സ്ലൂയിസ് ലെവൽ വാട്ടർ യൂസേഴ്സ് അസോസിയേഷൻ.—(1) പദ്ധതികളുടെ ചുമതലയുള്ള ജലസേചന വകുപ്പിലെ സൂപ്രണ്ടിംഗ് എഞ്ചിനീയറോ എക്സിക്യൂട്ടീവ് എഞ്ചിനീയറോ ചുമതലപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനീയറുടെ പദവിയിൽ താഴെയല്ലാത്ത ഒരു ജലസേചന ഉദ്യോഗസ്ഥന്, 40 ഹെക്ടറോളം വരുന്ന വൻകിട, സാധാരണ, ചെറുകിട ജലസേചന പദ്ധതികൾ ഉൾക്കൊള്ളുന്ന ഒന്നോ അതിലധികമോ സ്ലൂയിസുകളുടെ കമാൻഡ് ഏരിയക്കുള്ളിലുള്ള അൻപത് ശതമാനത്തിൽ കുറയാത്ത കർഷകരെ അംഗങ്ങളായി ചേർത്തുകൊണ്ട് സ്ലൂയിസ് ലെവൽ വാട്ടർ യൂസേഴ്സ് അസോസിയേഷൻ എന്നു വിളിക്കപ്പെടുന്ന ഒരു പ്രാഥമിക ലെവൽ

യൂസേഴ്സ് അസോസിയേഷൻ, രൂപീകരിക്കാവുന്നതാണ്. കർഷകരുടെ ജീവിതപങ്കാളികൾക്കും അസോസിയേഷന്റെ അംഗങ്ങളാകാൻ അർഹതയുണ്ടായിരിക്കുന്നതും എന്നാൽ വോട്ടവകാശം അവർ തമ്മിൽ തീരുമാനിക്കപ്പെടാവുന്ന പ്രകാരം ജീവിത പങ്കാളികളിൽ ഏതെങ്കിലും ഒരാൾക്ക് മാത്രം പരിമിതപ്പെടുത്തപ്പെട്ടതുമായിരിക്കേണ്ടതാണ്.

(2) എല്ലാ സ്ലൂയിസ് ലെവൽ വാട്ടർ യൂസേഴ്സ് അസോസിയേഷനുകളും 1955-ലെ തിരുവിതാംകൂർ-കൊച്ചി സാഹിത്യ ശാസ്ത്രീയ ധാർമ്മിക സംഘങ്ങൾ രജിസ്ട്രേഷൻ ആക്റ്റിൻകീഴിലോ 1860-ലെ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്റ്റിൻ (1860-ലെ 21-ാം കേന്ദ്ര ആക്റ്റ്) കീഴിലോ രജിസ്റ്റർ ചെയ്യേണ്ടതാണ്.

(3) അങ്ങനെയുള്ള ഓരോ അസോസിയേഷനും അസോസിയേഷന്റെ അംഗങ്ങൾക്കിടയിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട ഏഴ് അംഗങ്ങൾ അടങ്ങിയ ഒരു എക്സിക്യൂട്ടീവ് കമ്മിറ്റി ഉണ്ടായിരിക്കേണ്ടതും അത് അസോസിയേഷന്റെ കാര്യകർതൃത്വം വഹിക്കുന്നതിനും കർമ്മപരിപാടികൾ നടപ്പിലാക്കുന്നതിനും ഉത്തരവാദിയായിരിക്കുന്നതുമാണ്.

(4) അസോസിയേഷന്റെ എക്സിക്യൂട്ടീവ് കമ്മിറ്റിയിലെ അംഗങ്ങളെ ആ അസോസിയേഷനിലെ അംഗങ്ങൾ, ആകെ അംഗങ്ങളുടെ കുറഞ്ഞത് അൻപത് ശതമാനമെങ്കിലും ഹാജരാകുന്ന ഒരു യോഗത്തിൽവച്ച് അസോസിയേഷന്റെ ബൈലാകൾക്കനുസൃതമായി വോട്ടു ചെയ്ത് മൂന്നു വർഷത്തിലൊരിക്കൽ തെരഞ്ഞെടുക്കേണ്ടതാണ് :

എന്നാൽ, സീറ്റുകളുടെ മൂന്നിലൊന്ന് വനിതാ അംഗങ്ങൾക്കായി സംവരണം ചെയ്യേണ്ടതാണ്.

(5) എക്സിക്യൂട്ടീവ് കമ്മിറ്റി അവരുടെ ഇടയിൽ നിന്നും ഒരു പ്രസിഡന്റിനേയും ഒരു സെക്രട്ടറിയേയും ഒരു ട്രഷററേയും തെരഞ്ഞെടുക്കേണ്ടതാണ്.

(6) ജലസേചന വകുപ്പിലെ ഓവർസിയർ, ആ പ്രദേശത്തെ കൃഷി ആഫീസർ, കമാൻഡ് ഏരിയ ഡെവലപ്മെന്റ് അതോറിറ്റിയിലെ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ, ആ പ്രദേശത്തിന്മേൽ അധികാരിതയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അംഗങ്ങൾ എന്നിവർ സ്ലൂയിസ് ലെവൽ വാട്ടർ യൂസേഴ്സ് അസോസിയേഷനിലെ ജനറൽ ബോഡിയിലെ അംഗങ്ങളായിരിക്കേണ്ടതും എന്നാൽ വോട്ടവകാശമില്ലാത്തതായിരിക്കുന്നതുമാണ്.".

16. 51എ മുതൽ 51ജെ വരെയുള്ള പുതിയ വകുപ്പുകൾ ചേർക്കൽ.—പ്രധാന ആക്റ്റിൽ, 51-ാം വകുപ്പിനുശേഷം താഴെ പറയുന്ന വകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത് :—

"51എ. സ്ലൂയിസ് ലെവൽ വാട്ടർ യൂസേഴ്സ് അസോസിയേഷന്റെ ചുമതലകൾ.—സ്ലൂയിസ് ലെവൽ വാട്ടർ യൂസേഴ്സ് അസോസിയേഷൻ താഴെ പറയുന്ന ചുമതലകൾ നിർവ്വഹിക്കേണ്ടതാണ്, അതായത് :—

(1) സ്ലൂയിസ് ലെവൽ വാട്ടർ യൂസേഴ്സ് അസോസിയേഷന്റെ അധികാരിതയിൻകീഴിൽ വരുന്ന സ്ലൂയിസിൻകീഴിലുള്ള ജലസേചന സംവിധാനത്തിന്റെ നടത്തിപ്പും പരിപാലനവും നോക്കിനടത്തുകയും ഓരോ കൈവശഭൂമിയിലേക്കുമുള്ള ജലസേചനത്തിനുള്ള ജലവിതരണം ക്രമീകരിക്കുകയും ചെയ്യുക ;

(2) സ്ലൂയിസിനു താഴെയുള്ള ജലസേചന സംവിധാനം ആസൂത്രണം ചെയ്യുകയും നിർമ്മിക്കുകയും പരിപാലിക്കുകയും ചെയ്യുക ;

(3) ജലം പാഴാകുന്നതും സംവിധാനത്തിനുണ്ടാകുന്ന ഹാനിയും തടയുക എന്ന കാഴ്ചപ്പാടോടെ ജലസേചന സംവിധാനത്തിന്റെ മേൽനോട്ടം വഹിക്കുക ;

(4) വനിതാ കർഷകരെ കണ്ടെത്തുകയും അവരെ സ്ലൂയിസ് ലെവൽ വാട്ടർ യൂസേഴ്സ് അസോസിയേഷന്റെ കാര്യനിർവ്വഹണത്തിലും പ്രവർത്തനത്തിലും ഇടപെടുവിക്കുകയും ചെയ്യുക ;

(5) ഉത്പാദനശേഷിക്കും കാർഷിക സംസ്കരണത്തിനുംവേണ്ടി വിഭവങ്ങൾ വർദ്ധിപ്പിക്കുകയും സംവിധാനത്തിന്റെ വികസനത്തിനായി പുനർ നിക്ഷേപിക്കുകയും ചെയ്യുക ;

(6) വെള്ളക്കരം വസൂലാക്കുകയും സർക്കാരിന്റെ നിർദ്ദേശാനുസരണം അത് ഒടുക്കുകയോ വിനിയോഗിക്കുകയോ ചെയ്യുക ;

(7) ഉത്പാദനച്ചെലവ് കുറയ്ക്കുന്നതിനും കർഷകരുടെ ലാഭം വർദ്ധിപ്പിക്കുന്നതിനുമായി കൂട്ടുകൃഷിയും വിളകളുടെ പരിപാലനവും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ കൈക്കൊള്ളുക ;

(8) പരസ്പര നേട്ടത്തിനായി തദ്ദേശ അധികാരസ്ഥാനങ്ങളുമായി ബന്ധം സ്ഥാപിക്കുക ;

(9) റവന്യൂ വകുപ്പ് പ്രസിദ്ധീകരിച്ചതുപോലെയുള്ള ഭൂമി കൈവശക്കാരുടെ ഒരു രജിസ്റ്റർ സൂക്ഷിക്കുക ;

(10) പ്രവർത്തന മേഖലയ്ക്കുള്ളിലുള്ള ജലസേചന സംവിധാനത്തിന്റെ ഒരു പട്ടിക തയ്യാറാക്കുകയും സൂക്ഷിക്കുകയും ചെയ്യുക ;

(11) അതിന്റെ പ്രവർത്തന മേഖലയിലുള്ള അംഗങ്ങളും ജല ഉപയോക്താക്കളും തമ്മിലുള്ള തർക്കങ്ങൾ, എന്തെങ്കിലുമുണ്ടെങ്കിൽ, പരിഹരിക്കുക ;

(12) അക്കൗണ്ടുകൾ സൂക്ഷിക്കുക ;

(13) അതിന്റെ അക്കൗണ്ടുകളുടെ വാർഷിക ആഡിറ്റ് നടത്തുക ;

(14) ഓഫീസ് ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് നടത്തിപ്പിന് സഹായിക്കുക ;

(15) നിർണ്ണയിക്കപ്പെടാവുന്ന മറ്റു രേഖകൾ സൂക്ഷിക്കുക ;

(16) ജനറൽ ബോഡി യോഗങ്ങൾ നടത്തുക ;

(17) നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ സ്ഥിരമായി ജല ബഡ്ജറ്റിംഗ് നടത്തുകയും ആനുകാലിക സാമൂഹ്യ ആഡിറ്റ് നടത്തുകയും ചെയ്യുക ;

(18) കനാൽ വാട്ടർ യൂസേഴ്സ് അസോസിയേഷന്റെയും പ്രോജക്ട് മാനേജ്മെന്റ് കമ്മിറ്റിയുടെയും നിർദ്ദേശങ്ങൾ പിൻതുടരുകയും ;

(19) അങ്ങനെയുള്ള അസോസിയേഷന്റെ ചുമതലകൾ നിവർത്തിക്കുന്ന തിനാവശ്യമായ അങ്ങനെയുള്ള നടപടികൾ കൈക്കൊള്ളുക.

51ബി. കനാൽ വാട്ടർ യൂസേഴ്സ് അസോസിയേഷൻ.—ജലവിഭവ വകുപ്പിലെ സൂപ്രണ്ടിംഗ് എഞ്ചിനീയർ ചുമതലപ്പെടുത്തിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥന്, ഒരു ഹൈഡ്രോളിക് ബൗണ്ടറിയിലെ മൊത്തം മുന്നൂറ് ഹെക്ടറിൽ കുറയാത്ത പ്രദേശം ഉൾക്കൊള്ളുന്ന ഒന്നോ അതിലധികമോ കൈവഴി/ശാഖ കനാലുകൾക്കായി ആ കൈവഴി/ശാഖ കനാലുകളുടെ അധികാരിതയ്ക്കുള്ളിൽ വരുന്ന സ്ലൂയിസ് ലെവൽ വാട്ടർ യൂസേഴ്സ് അസോസിയേഷനുകളുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയിലെ തെരഞ്ഞെടുക്കപ്പെട്ട എല്ലാ അംഗങ്ങളും അംഗങ്ങളായുള്ള കനാൽ വാട്ടർ യൂസേഴ്സ് അസോസിയേഷൻ എന്നു വിളിക്കപ്പെടുന്ന ഒരു ദ്വിതീയതല അസോസിയേഷൻ രൂപീകരിക്കാവുന്നതാണ്.

(2) കനാൽ വാട്ടർ യൂസേഴ്സ് അസോസിയേഷനുകളും 1955-ലെ തിരുവിതാംകൂർ-കൊച്ചി സാഹിത്യ ശാസ്ത്രീയ ധാർമ്മിക സംഘങ്ങൾ രജിസ്ട്രേഷൻ ആക്റ്റിൻകീഴിലോ 1860-ലെ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്റ്റിൻകീഴിലോ (1860-ലെ 21-ാം കേന്ദ്ര ആക്റ്റ്) രജിസ്റ്റർ ചെയ്യേണ്ടതാണ്.

(3) അസോസിയേഷന്, പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ, കനാൽ വാട്ടർ യൂസേഴ്സ് അസോസിയേഷന്റെ അംഗങ്ങളിൽ നിന്നുള്ള ആറ് എക്സിക്യൂട്ടീവ് കമമിറ്റി അംഗങ്ങൾ എന്നിവർ അടങ്ങിയ ഒരു എക്സിക്യൂട്ടീവ് കമ്മിറ്റി ഉണ്ടായിരിക്കേണ്ടതും അതിൽ മൂന്നിലൊന്ന് സീറ്റുകൾ വനിതകൾക്കായി സംവരണം ചെയ്യേണ്ടതുമാണ്.

(4) കനാൽ വാട്ടർ യൂസേഴ്സ് അസോസിയേഷന്റെ പ്രസിഡന്റ്, സ്ലൂയിസ് ലെവൽ വാട്ടർ യൂസേഴ്സ് അസോസിയേഷനുകളുടെ പ്രസിഡന്റുമാർക്കിടയിൽ നിന്നും ആയിരിക്കേണ്ടതാണ്.

(5) അസോസിയേഷന്റെ എക്സിക്യൂട്ടീവ് കമ്മിറ്റിയിലെ അംഗങ്ങളെ ആ അസോസിയേഷനിലെ അംഗങ്ങൾ, ആകെ അംഗങ്ങളുടെ കുറഞ്ഞത് അൻപത് ശതമാനമെങ്കിലും ഹാജരാകുന്ന ഒരു യോഗത്തിൽവച്ച് അസോസിയേഷന്റെ ബൈലാകൾക്കനുസൃതമായി വോട്ടുചെയ്ത് മൂന്നുവർഷത്തിലൊരിക്കൽ തെരഞ്ഞെടുക്കേണ്ടതാണ്.

(6) ജലസേചന വകുപ്പിലെ ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ, തദ്ദേശ കൃഷിഭവനിലെ കൃഷി ആഫീസർ, കമാൻഡ് ഏരിയ ഡെവലപ്മെന്റ് അതോറിറ്റിയുടെ സഹകരണ അസിസ്റ്റന്റ് രജിസ്ട്രാർ എന്നിവർ കനാൽ വാട്ടർ യൂസേഴ്സ് അസോസിയേഷനിലെ ജനറൽ ബോഡിയിലെയും എക്സിക്യൂട്ടീവ് കമ്മിറ്റിയിലെയും വോട്ടവകാശമില്ലാത്ത അംഗങ്ങളായിരിക്കുന്നതാണ്.

(7) ബന്ധപ്പെട്ട തദ്ദേശ അധികാരസ്ഥാനങ്ങളിലെ പ്രസിഡന്റുമാർ, കനാൽ വാട്ടർ യൂസേഴ്സ് അസോസിയേഷന്റെ ജനറൽ ബോഡിയിലെ അംഗങ്ങളായിരിക്കേണ്ടതാണ്.

51സി. കനാൽ വാട്ടർ യൂസേഴ്സ് അസോസിയേഷന്റെ ചുമതലകൾ.—കനാൽ വാട്ടർ യൂസേഴ്സ് അസോസിയേഷൻ താഴെ പറയുന്ന ചുമതലകൾ നിർവ്വഹിക്കേണ്ടതാണ്, അതായത് :—

(1) കൈവഴികൾ/ശാഖാ കനാലുകൾ അതിന് താഴെയുള്ള സംവിധാനം എന്നിവയുടെ നടത്തിപ്പും പരിപാലനവും ഒരു കരാർ ഒപ്പിട്ടു പൂർത്തീകരിച്ചശേഷം ജലവിഭവ വകുപ്പിൽ നിന്നും ഏറ്റെടുക്കുക ;

(2) ശാഖാ കനാൽ/കൈവഴികളുടെ തലത്തിൽ താഴെയുള്ള എല്ലാ അറ്റകുറ്റപ്പണികളും ആസൂത്രണം ചെയ്യുകയും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ നടപ്പിലാക്കുകയും ചെയ്യുക ;

(3) പ്രവർത്തന പദ്ധതി തയ്യാറാക്കുകയും ശാഖാ കനാൽ/കൈവഴി ഫീൽഡ് ചാനൽ എന്നീ തലങ്ങളിൽ ജലവിതരണം ക്രമീകരിക്കുകയും ആ പ്രദേശത്തിനും ജല ലഭ്യതയ്ക്കും അനുയോജ്യമായ ഒരു വിളവെടുപ്പ് സമ്പ്രദായം പിൻതുടരുകയും ചെയ്യുക ;

(4) ജലവിതരണവും സംവിധാനത്തിന്റെ അറ്റകുറ്റപ്പണികളുമായി ബന്ധപ്പെട്ട് ഉടലെടുക്കുന്ന തർക്കങ്ങൾ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ പരിഹരിക്കുക ;

(5) വനിതാകർഷകരെ കണ്ടെത്തുകയും അവരെ വാട്ടർ യൂസേഴ്സ് അസോസിയേഷന്റെ കാര്യനിർവ്വഹണത്തിനും പ്രവർത്തനത്തിലും ഇടപെടുവിക്കുകയും ചെയ്യുക ;

(6) നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ, ഉത്പാദന ശേഷിക്കും കാർഷിക സംസ്കരണത്തിനുംവേണ്ടി വിഭവങ്ങൾ വർദ്ധിപ്പിക്കുകയും സംവിധാനത്തിന്റെ വികസനത്തിനായി പുനർനിക്ഷേപിക്കുകയും ചെയ്യുക ;

(7) ഉത്പാദനച്ചെലവ് കുറയ്ക്കുന്നതിനും കർഷകരുടെ ലാഭം വർദ്ധിപ്പിക്കുന്നതിനുമായി കൂട്ടുകൃഷിയും വിളകളുടെ പരിപാലനവും കൈക്കൊള്ളുക ;

(8) തദ്ദേശത്ത് ലഭ്യമായ തൊഴിൽ വിഭവശേഷി ഒന്നിച്ചുചേർക്കുകയും കനാൽ വാട്ടർ യൂസേഴ്സ് അസോസിയേഷന്റെ നേതൃത്വത്തിൽ ഉപയോഗപ്പെടുത്തുകയും ചെയ്യുക ;

(9) പരസ്പര നേട്ടത്തിനായി തദ്ദേശാധികാരസ്ഥാനങ്ങളുമായി ബന്ധം സ്ഥാപിക്കുക ;

(10) ഉൽപ്പന്നങ്ങൾ എളുപ്പത്തിൽ വിറ്റഴിക്കുന്നതിനായി സർക്കാർ-സർക്കാരിതര വിപണന സ്ഥാപനങ്ങളുമായി പങ്കാളിത്തത്തിലേർപ്പെടുക ;

(11) സ്ലൂയിസ് വാട്ടർ യൂസേഴ്സ് അസോസിയേഷനുകൾക്കും കനാൽ വാട്ടർ യൂസേഴ്സ് അസോസിയേഷനുകൾക്കും വ്യക്തിഗത കർഷകർക്കും സർക്കാർ ഏജൻസികൾ, ബാങ്കുകൾ തുടങ്ങിയവയിൽ നിന്നും വായ്പകൾ, സബ്സിഡികൾ, ഗ്രാന്റുകൾ തുടങ്ങിയവ ഏർപ്പാടാക്കുന്നതിന് നേതൃത്വം വഹിക്കുക ;

(12) നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ അക്കൗണ്ടുകൾ സൂക്ഷിക്കുകയും അതിന്റെ അക്കൗണ്ടുകളുടെ വാർഷിക ആഡിറ്റ് നടത്തിപ്പിക്കുകയും ചെയ്യുക ;

(13) ആഫീസ് ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് നടത്തിപ്പിൽ സഹായിക്കുക ;

(14) നിർണ്ണയിക്കപ്പെടാവുന്ന മറ്റു രേഖകൾ സൂക്ഷിക്കുക ;

(15) ജനറൽ ബോഡി യോഗങ്ങൾ നടത്തുക ;

(16) നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ, സ്ഥിരമായി ജല ബഡ്ജറ്റിംഗ് നടത്തുകയും ആനുകാലിക സാമൂഹ്യ ആഡിറ്റ് നടത്തുകയും ചെയ്യുക ;

(17) പ്രോജക്ട് മാനേജ്മെന്റ് കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ നടപ്പിലാക്കുക ; കൂടാതെ

(18) അസോസിയേഷന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിനാവശ്യമായ അങ്ങനെയുള്ള നടപടികളെടുക്കുക.

51ഡി. പ്രോജക്ട് മാനേജ്മെന്റ് കമ്മിറ്റി.—(1) ജലസേചന വകുപ്പിലെ ചീഫ് എഞ്ചിനീയർ അധികാരപ്പെടുത്തിയ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പദവിയിൽ താഴെയല്ലാത്ത ഒരു ജലസേചന ആഫീസർക്കോ കമാൻഡ് ഏരിയ ഡെവലപ്മെന്റ് അതോറിറ്റിയുടെ അഡ്മിനിസ്ട്രേറ്റർക്കോ ഓരോ ജലസേചന പദ്ധതിക്കുമായി, കനാൽ വാട്ടർ യൂസേഴ്സ് അസോസിയേഷനുകളുടെ എല്ലാ പ്രസിഡന്റുമാരെയും അംഗങ്ങളാക്കിക്കൊണ്ട്, പ്രോജക്റ്റ് മാനേജ്മെന്റ് കമ്മിറ്റി എന്ന് വിളിക്കപ്പെടുന്ന ഒരു പദ്ധതിതല സംഘടന രൂപീകരിക്കാവുന്നതാണ്.

(2) പദ്ധതിയുടെ സൂപ്രണ്ടിംഗ് എഞ്ചിനീയറോ എക്സിക്യൂട്ടീവ് എഞ്ചിനീയറോ, ഓരോ പ്രോജക്റ്റ് മാനേജ്മെന്റ് കമ്മിറ്റിക്കുമായി ഒരു ചെയർപേഴ്സണും പ്രോജക്റ്റ് മാനേജ്മെന്റ് കമ്മിറ്റിയിലെ അംഗങ്ങളിൽനിന്നും തെരഞ്ഞെടുത്ത പതിനഞ്ച് അംഗങ്ങളും ഉൾപ്പെടുന്ന ഒരു എക്സിക്യൂട്ടീവ് കമ്മിറ്റി, മേഖല തിരിച്ച്, രൂപീകരിക്കേണ്ടതാണ് :

എന്നാൽ, മൂന്നിലൊന്ന് സീറ്റുകൾ വനിതകൾക്കായി സംവരണം ചെയ്യാവുന്നതാണ് :

എന്നുമാത്രമല്ല, വനിതകളുടെ വേണ്ടത്ര പ്രാതിനിധ്യം ഇല്ലാത്തിടത്ത്, വിവിധ മേഖലകൾക്ക് വേണ്ടത്ര പ്രാതിനിധ്യം നൽകിക്കൊണ്ട് വിവിധ കനാൽ വാട്ടർ യൂസേഴ്സ് അസോസിയേഷനുകളിലെ വനിതാ അംഗങ്ങളിൽനിന്നും അഞ്ച് വനിതകളെ വരെ എക്സിക്യൂട്ടീവ് കമ്മിറ്റിയിലേക്ക് നാമനിർദ്ദേശം ചെയ്യുന്നതിന് ചെയർപേഴ്സണ് അവകാശം ഉണ്ടായിരിക്കുന്നതാണ്.

(3) ജലസേചന വകുപ്പിലെ ബന്ധപ്പെട്ട സൂപ്രണ്ടിംഗ് എഞ്ചിനീയർ അല്ലെങ്കിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ, വാട്ടർ മാനേജ്മെന്റ് സ്പെഷ്യലിസ്റ്റ്, കൃഷിയിലെയും കമാൻഡ് ഏരിയ ഡെവലപ്മെന്റ് അതോറിറ്റിയുടെ സഹകരണ-മൂല്യനിർണ്ണയ വികസന ആഫീസർമാർ, ഡെപ്യൂട്ടി ഡയറക്ടർ, കൃഷി (ജലമാനേജ്മെന്റ്), ജലസേചന പദ്ധതിയുടെ കമാൻഡ് ഏരിയയുടെ അധികാരിതയ്ക്കുള്ളിൽ വരുന്ന ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, എം.പി.മാർ, എം.എൽ.എ.മാർ എന്നിവരെ വോട്ടവകാശമില്ലാത്ത അംഗങ്ങളായി പ്രോജക്റ്റ് മാനേജ്മെന്റ് കമ്മിറ്റിയിലേക്ക് നാമനിർദ്ദേശം ചെയ്യാവുന്നതും, ജലസേചന വകുപ്പിലെ സൂപ്രണ്ടിംഗ് എഞ്ചിനീയറെയോ എക്സിക്യൂട്ടീവ് എഞ്ചിനീയറെയോ പ്രോജക്റ്റ് മാനേജ്മെന്റ് കമ്മിറ്റിയുടെയും എക്സിക്യൂട്ടീവ് കമ്മിറ്റിയുടെയും പ്രവർത്തനങ്ങൾ മേൽനോട്ടം വഹിച്ച് നടപ്പിലാക്കുന്നതിനുമുള്ള എക്സിക്യൂട്ടീവ് അതോറിറ്റിയായി പദവി നാമനിർദ്ദേശം ചെയ്യപ്പെടേണ്ടതുമാണ്.

51ഇ. പ്രോജക്റ്റ് മാനേജ്മെന്റ് കമ്മിറ്റിയുടെ ചുമതലകൾ.—പ്രോജക്റ്റ് മാനേജ്മെന്റ് കമ്മിറ്റി താഴെ പറയുന്ന ചുമതലകൾ നിർവ്വഹിക്കേണ്ടതാണ്, അതായത് :—

(i) എല്ലാ കനാൽ വാട്ടർ യൂസേഴ്സ് അസോസിയേഷനുകളുമായി കൂടിയാലോചിച്ച് പ്രവർത്തനപദ്ധതി അംഗീകരിക്കുക ;

(ii) മെയിൻ സിസ്റ്റം ലെവലിൽ അറ്റകുറ്റപ്പണികൾ തയ്യാറാക്കുകയും നടപ്പിലാക്കുകയും ചെയ്യുക ;

(iii) കനാൽ വാട്ടർ യൂസേഴ്സ് അസോസിയേഷനുകൾ തമ്മിലുള്ള തർക്കങ്ങൾ പരിഹരിക്കുക ;

(iv) വാട്ടർ യൂസേഴ്സ് അസോസിയേഷനുകൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുക ;

(v) നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ, ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും കമാൻഡ് ഏരിയായിലുള്ള ഉപയോക്താക്കളുടെ ക്ഷേമത്തിനുമായി വിഭവങ്ങൾ വർദ്ധിപ്പിക്കുകയും സംവിധാനങ്ങളുടെ വികസനത്തിനായി പുനർനിക്ഷേപിക്കുകയും ചെയ്യുക ;

(vi) ഉന്നതതല ജലസേചന സംഘടനയുടെയും സർക്കാരിന്റെയും നിർദ്ദേശങ്ങൾ പാലിക്കുക ;

(vii) കമ്മിറ്റിയുടെ ചുമതലകൾ നിർവ്വഹിക്കുന്നതിനാവശ്യമായ അങ്ങനെയുള്ള നടപടികളെടുക്കുക.

51എഫ്. ഉന്നതതല ജലസേചന സംഘടന.—(1) സർക്കാരിന്, സംസ്ഥാനത്തെ പ്രോജക്റ്റ് മാനേജ്മെന്റ് കമ്മിറ്റികളുടെ എല്ലാ ചെയർപേഴ്സൺമാരും അടങ്ങിയതും എല്ലാ എക്സിക്യൂട്ടീവ് അധികാരികളും അംഗങ്ങളായും ഉൾപ്പെട്ട ഒരു ഉന്നതതല ജലസേചന സംഘടന രൂപീകരിക്കാവുന്നതും പ്രോജക്റ്റ് മാനേജ്മെന്റ് കമ്മിറ്റികളുടെ ചെയർപേഴ്സൺമാരിൽ നിന്നും ചെയർപേഴ്സണെ സർക്കാർ നാമനിർദ്ദേശം ചെയ്യേണ്ടതുമാണ്.

(2) സർക്കാരിന്, ജലസേചന വകുപ്പിലെ ചീഫ് എഞ്ചിനീയർമാരെയും മൊത്തം പത്തിൽ കുറയാത്ത അങ്ങനെയുള്ള എണ്ണം ജനപ്രതിനിധികളെയും വിദഗ്ദ്ധരെയുംകൂടി ഉന്നതതല ജലസേചന സംഘടനയിലേക്ക് നാമനിർദ്ദേശം ചെയ്യാവുന്നതാണ്.

(3) ഉന്നതതല ജലസേചന സംഘടന, പ്രോജക്റ്റ് മാനേജ്മെന്റ് കമ്മിറ്റികളെ അതിന്റെ എല്ലാ പ്രവർത്തനങ്ങളിലും മാർഗ്ഗനിർദ്ദേശം നൽകുകയും നയിക്കുകയും സഹായിക്കുകയും ചെയ്യേണ്ടതാണ്.

51ജി. ജല ഉപയോഗ പ്രദേശത്തിന്റെ രേഖപ്പെടുത്തൽ.—റവന്യൂ അധികാരസ്ഥാനങ്ങളുമായി കൂടിയാലോചിച്ച് സർക്കാർ നിയമിക്കുന്ന ജലസേചന ഉദ്യോഗസ്ഥൻ, ഓരോ ജലസേചന സംവിധാനത്തിന്റെയും കീഴിലുള്ള എല്ലാ കമാൻഡ് ഏരിയായും ഭരണപരമായി സാദ്ധ്യമായ ഒരു ഹൈഡ്രോളിക് അടിസ്ഥാനത്തിൽ രേഖപ്പെടുത്തേണ്ടതും അത് ഒരു ജലോപയോഗ പ്രദേശമാണെന്ന് പ്രഖ്യാപിക്കേണ്ടതുമാണ്.

51എച്ച്. എക്സിക്യൂട്ടീവ് കമ്മിറ്റിയിലേക്കുള്ള തെരഞ്ഞെടുപ്പും അയോഗ്യതയും നീക്കംചെയ്യലും.—സ്ലൂയിസ് ലെവൽ വാട്ടർ യൂസേഴ്സ് അസോസിയേഷൻ, കനാൽ വാട്ടർ യൂസേഴ്സ് അസോസിയേഷൻ, പ്രോജക്റ്റ് മാനേജ്മെന്റ് കമ്മിറ്റി എന്നിവയിലേക്കുള്ള തെരഞ്ഞെടുപ്പ് മൂന്ന് വർഷത്തിലൊരിക്കൽ കുറഞ്ഞത് ആകെ അംഗങ്ങളുടെ അൻപതു ശതമാനമെങ്കിലും ഹാജരാവുകയും വോട്ടുചെയ്യുകയും ചെയ്യുന്ന ബന്ധപ്പെട്ട സംഘടനയുടെ ജനറൽ ബോഡി യോഗത്തിൽ വച്ച് അസോസിയേഷന്റെ ബൈലാകൾക്കനുസൃതമായും സർക്കാർ നിർണ്ണയിച്ചേക്കാവുന്ന അങ്ങനെയുള്ള രീതിയിലും നടത്തേണ്ടതാണ്.

(2) സാന്മാർഗ്ഗിക ദൂഷ്യം ഉൾപ്പെട്ടതും മൂന്ന് മാസത്തിൽ കൂടുതലുള്ള ഒരു കാലയളവിലേക്ക് ശിക്ഷ നൽകാവുന്നതുമായ ഏതെങ്കിലും കുറ്റത്തിന് ഒരു ക്രിമിനൽ കോടതി ശിക്ഷിച്ചിട്ടുള്ള യാതൊരാൾക്കും സ്ലൂയിസ് ലെവൽ വാട്ടർ യൂസേഴ്സ് അസോസിയേഷന്റെയോ കനാൽ വാട്ടർ യൂസേഴ്സ് അസോസിയേഷന്റെയോ എക്സിക്യൂട്ടീവ് കമ്മിറ്റിയിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നതിനോ, ചെയർപേഴ്സണോ, പ്രസിഡന്റോ, അംഗമോ ആകുന്നതിനോ യോഗ്യതയുണ്ടായിരിക്കുന്നതല്ല :

എന്നാൽ, പിന്നീട് അങ്ങനെയുള്ള ശിക്ഷ റദ്ദാക്കുകയോ കുറവു ചെയ്യുകയോ ചെയ്തിട്ടുള്ളപക്ഷം അയാൾ ചെയർപേഴ്സൺ, പ്രസിഡന്റ് അല്ലെങ്കിൽ അംഗമായി തെരഞ്ഞെടുക്കപ്പെടുവാൻ യോഗ്യനായിരിക്കുന്നതാണ്.

(3) വാട്ടർ യൂസേഴ്സ് അസോസിയേഷനിലെ വോട്ട് ചെയ്യാൻ അർഹതയുള്ള ആകെ അംഗങ്ങളുടെ മൂന്നിലൊന്നിൽ കുറയാതെയുള്ള അംഗങ്ങൾ ഒപ്പിട്ട ഒരു രേഖാമൂലമുള്ള നോട്ടീസ് നൽകിക്കൊണ്ടും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിലും ഒരു വാട്ടർ യൂസേഴ്സ് അസോസിയേഷന്റെ ഒരു ചെയർപേഴ്സണെയോ ഒരു പ്രസിഡന്റിനെയോ എക്സിക്യൂട്ടീവ് കമ്മിറ്റിയിലെ ഒരംഗത്തെയോ നീക്കംചെയ്യുന്നതിനുള്ള ഒരു ഉപക്ഷേപം ഉന്നയിക്കാവുന്നതാണ്.

(4) ബന്ധപ്പെട്ട വാട്ടർ യൂസേഴ്സ് അസോസിയേഷന്റെ, കുറഞ്ഞത് പത്തു ദിവസത്തെ നോട്ടീസ് നൽകിയതിനുശേഷം ഈ ആവശ്യത്തിനായി പ്രത്യേകം വിളിച്ചു കൂട്ടിയ ഒരു ജനറൽ ബോഡി യോഗത്തിൽ ഹാജരായി വോട്ടുചെയ്ത അംഗങ്ങളുടെ മൂന്നിൽ രണ്ട് ഭൂരിപക്ഷത്തോടുകൂടി ആ ഉപക്ഷേപം നടപ്പിലാക്കുകയാണെങ്കിൽ, ബന്ധപ്പെട്ട ഇറിഗേഷൻ ആഫീസർ, ഉത്തരവ് പ്രകാരം, അയാളെ ഉദ്യോഗത്തിൽ നിന്നും നീക്കംചെയ്യേണ്ടതാണ്.

51ജെ. സർക്കാരിന്റെ പൊതുവായ മേൽനോട്ടം.— സർക്കാരിന്, അതതു സമയങ്ങളിൽ, സ്ലൂയിസ് വാട്ടർ യൂസേഴ്സ് അസോസിയേഷന്റെയോ കനാൽ വാട്ടർ യൂസേഴ്സ് അസോസിയേഷന്റെയോ അതിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റികളുടെയോ, അതത് സംഗതിപോലെ, മേൽനോട്ടത്തിനും ശരിയായ പ്രവർത്തനത്തിനുമായി അങ്ങനെയുള്ള നിർദ്ദേശങ്ങളും ഉത്തരവുകളും നൽകാവുന്നതാണ്.

(2) സർക്കാരിന്, അത്തരം അസോസിയേഷനുകളുടെ പ്രവർത്തനങ്ങൾ ക്രമപ്പെടുത്തുന്നതിനും നിരീക്ഷിക്കുന്നതിനുമായി ഏതെങ്കിലും ഉദ്യോഗസ്ഥനെയോ ഉദ്യോഗസ്ഥരുടെ സംഘത്തെയോ ചുമതലപ്പെടുത്താവുന്നതാണ്.

(3) ജലവിതരണ സംവിധാനം നിർമ്മിക്കുന്നതിനും പരിപാലിക്കുന്നതിനും, അതിനെ ഏൽപ്പിച്ചിരിക്കുന്ന ജലവിതരണ സംവിധാനത്തിന്റെ അങ്ങനെയുള്ള ഭാഗത്തിന്റെ പ്രവർത്തനങ്ങളുടെ നടത്തിപ്പിനുമായി, സർക്കാരിന് ഒരു അസോസിയേഷനെ ചുമതലപ്പെടുത്താവുന്നതാണ്.

17. 53-ാം വകുപ്പിന് പകരം ചേർക്കൽ.— പ്രധാന ആക്റ്റിലെ 53-ാം വകുപ്പിനുപകരം താഴെ പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

"53. ക്ഷമതയുള്ള അധികാരസ്ഥാനത്തിന്റെ നിയമനവും അദ്ദേഹത്തിന്റെ ചുമതലകളും.— ഈ ആക്റ്റിന്റെ ആവശ്യത്തിലേക്കായി, പ്രോജക്റ്റ് മാനേജ്മെന്റ് കമ്മിറ്റിയുടെ എക്സിക്യൂട്ടീവ് അതോറിറ്റിയായി പദവിനിർദ്ദേശം ചെയ്യപ്പെട്ട ഒരു എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ റാങ്കിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥൻ ഒരു ഓവർസിയറെ അങ്ങനെയുള്ള എണ്ണം സ്ലൂയിസ് ലെവൽ വാട്ടർ യൂസേഴ്സ് അസോസിയേഷനുകളുടെ ക്ഷമതയുള്ള അധികാരസ്ഥാനമായും ഒരു അസിസ്റ്റന്റ് എഞ്ചിനീയറെയോ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറെയോ അങ്ങനെയുള്ള എണ്ണം കനാൽ വാട്ടർ യൂസേഴ്സ് അസോസിയേഷന്റെ ക്ഷമതയുള്ള അധികാരസ്ഥാനമായും നിയമിക്കേണ്ടതാണ്.

(2). (1)-ാം ഉപവകുപ്പിൻകീഴിൽ നിയമിക്കപ്പെട്ട ക്ഷമതയുള്ള അധികാരസ്ഥാനം, അതത് അസോസിയേഷനുകളോട്, അതിന്റെ യോഗങ്ങൾ നടത്തുന്നതിനും തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനും സാങ്കേതിക ഉപദേശം നൽകുന്നതിനും ആവശ്യമായ സാങ്കേതിക തികവോടെ ജോലികൾ നിർവ്വഹിക്കുന്നുണ്ടെന്നുറപ്പുവരുത്തുന്നതിനും ഉത്തരവാദിത്വം ഉണ്ടായിരിക്കുന്നതാണ്.

18. 54-ാം വകുപ്പിന്റെ ഭേദഗതി.— പ്രധാന ആക്റ്റിലെ 54-ാം വകുപ്പിൽ,—

(i) (1)-ാം ഉപവകുപ്പിൽ, "അസോസിയേഷന്റെ", "അസോസിയേഷനെ" എന്നീ വാക്കുകൾ വരുന്നിടത്തെല്ലാം അവയ്ക്കുപകരം യഥാക്രമം "വാട്ടർ യൂസേഴ്സ് അസോസിയേഷന്റെ", "വാട്ടർ യൂസേഴ്സ് അസോസിയേഷനെ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ് ;

(ii) (2)-ാം ഉപവകുപ്പിൽ, (ജി) ഇനത്തിനുശേഷം താഴെ പറയുന്ന ഇനങ്ങൾ ചേർക്കേണ്ടതാണ്, അതായത് :—

"(എച്ച്) ഈ ആക്റ്റിൻകീഴിൽ ജല ഉപയോക്താക്കളിൽ നിന്നും ഈടാക്കുന്ന പിഴ എന്തെങ്കിലുമുണ്ടെങ്കിൽ ;

(ഐ) കാർഷിക സംസ്കരണത്തിൽ നിന്നും ലഭിക്കുന്ന ലാഭം എന്തെങ്കിലുമുണ്ടെങ്കിൽ ;

(ജെ) സർക്കാരിന്റെ അനുമതിയോടെ അഭ്യുദയകാംക്ഷികളിൽ നിന്നും ലഭിക്കുന്ന സംഭാവനകൾ.".

19. 55-ാം വകുപ്പിന്റെ ഭേദഗതി.— പ്രധാന ആക്റ്റിന്റെ 55-ാം വകുപ്പിൽ, നിലവിലുള്ള വകുപ്പ് ആ വകുപ്പിന്റെ (1)-ാം ഉപവകുപ്പായി അക്കമിടേണ്ടതും, അങ്ങനെ അക്കമിട്ട (1)-ാം ഉപവകുപ്പിനുശേഷം താഴെ പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതുമാണ്, അതായത്:—

"(2) ഏതെങ്കിലും ഒരു ജോലി വാട്ടർ യൂസേഴ്സ് അസോസിയേഷൻ ഏറ്റെടുക്കുന്നപക്ഷം, ജോലിയുടെ മതിപ്പ് ചെലവും, നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ജോലിയുടെ തരവും, ചെയ്തുതീർത്ത ജോലിയുടെ വിശദവിവരങ്ങളും ജോലിസ്ഥലത്ത് വ്യക്തമായി കാണാവുന്ന തരത്തിൽ സൂക്ഷിച്ചിട്ടുള്ള ഒരു നോട്ടീസ് ബോർഡിൽ മുൻകൂട്ടി പ്രദർശിപ്പിക്കേണ്ടതാണ്.".

20. 56-ാം വകുപ്പിന് പകരം ചേർക്കൽ.—(1) പ്രധാന ആക്റ്റിന്റെ 56-ാം വകുപ്പിന് പകരം താഴെ പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"56. സോഷ്യൽ ആഡിറ്റും നിരീക്ഷണവും.—(1) ഓരോ വിളവെടുപ്പ് കാലത്തിന്റെയും അവസാനം, നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ സാമൂഹിക ആഡിറ്റ് നടത്തുന്നതിനായി കർഷകരും ഉദ്യോഗസ്ഥരും അടങ്ങുന്ന ഒരു കമ്മിറ്റിയെ പ്രോജക്ട് മാനേജ്മെന്റ് കമ്മിറ്റി ചുമതലപ്പെടുത്തേണ്ടതാണ്.

(2) സാമൂഹിക ആഡിറ്റ് നടത്തുന്നതിന് വേണ്ട എല്ലാവിധ സഹകരണവും ബന്ധപ്പെട്ട ക്ഷമതയുള്ള അധികാരസ്ഥാനം നൽകേണ്ടതാണ്.

(3) സാമൂഹിക ആഡിറ്റിൽ താഴെ പറയുന്നവ ഉൾപ്പെടുന്നതാണ്, അതായത്:—

(എ) ജലവിതരണത്തിലുള്ള നീതി ;

(ബി) ഉത്പാദനത്തിനും ഉത്പാദനക്ഷമതയിലുമുള്ള വർദ്ധന ;

(സി) വിളകളുടെ വൈവിദ്ധ്യവൽക്കരണം ;

(ഡി) മൾട്ടിപ്പിൾ ക്രോപ്പിംഗ് ;

(ഇ) ജനത്തിന്റെ ഉപയോഗത്തിലുള്ള കാര്യക്ഷമത ;

(എഫ്) പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായുള്ള വിഭവ വിനിയോഗം ;

(ജി) ചെയ്തുതീർത്ത ജോലികളുടെ ഗുണനിലവാരം ;

(എച്ച്) വാട്ടർ യൂസേഴ്സ് അസോസിയേഷന്റെ കൃഷി ചെയ്ത സ്ഥലങ്ങളിൽ മുൻകാലത്തെ അപേക്ഷിച്ചുള്ള പുരോഗതി ;

(ഐ) അത്യുൽപ്പാദനശേഷിയുള്ള വിത്തിനങ്ങൾ, കീടനാശിനികൾ മുതലായവ സ്വീകരിക്കുന്നതിൽ ഗവേഷണ സൗകര്യങ്ങളുടെ വിനിയോഗം ;

(ജെ) വാട്ടർ യൂസേഴ്സ് അസോസിയേഷന്റെ പ്രവർത്തനങ്ങൾ.

(4) അങ്ങനെ നടത്തിയ സാമൂഹിക ആഡിറ്റ്, ചെലവഴിച്ച ഫണ്ട് സംബന്ധമായി കൈവരിച്ച നേട്ടങ്ങൾ അടങ്ങിയ ഒരു ലിസ്റ്റ് വാട്ടർ യൂസേഴ്സ് അസോസിയേഷന്റെ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിച്ചുകൊണ്ട് വാട്ടർ യൂസേഴ്സ് അസോസിയേഷന്റെ എല്ലാ ജല ഉപയോക്താക്കൾക്കും അറിയത്തക്കവിധത്തിലാക്കേണ്ടതാണ്.

(5) സാമൂഹിക ആഡിറ്റിന്റെ റിപ്പോർട്ട്, സർക്കാർ കാലാകാലങ്ങളിൽ വിനിർദ്ദേശിക്കുന്നപ്രകാരമുള്ള എല്ലാ ആളുകൾക്കോ അധികാരികൾക്കോ അയച്ചു കൊടുക്കേണ്ടതാണ്.".

21. 70-ാം വകുപ്പിന്റെ ഭേദഗതി.—(1) പ്രധാന ആക്റ്റിന്റെ 70-ാം വകുപ്പിൽ,—

(i) (1)-ാം ഉപവകുപ്പിൽ, "അയ്യായിരം രൂപ" എന്ന വാക്കുകൾക്കുപകരം "അൻപതിനായിരം രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ് ;

(ii) (2)-ാം ഉപവകുപ്പിൽ, "മൂന്ന് വർഷം" എന്ന വാക്കുകൾക്കുപകരം "രണ്ടു വർഷം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ് ;

(iii) (3)-ാം ഉപവകുപ്പിൽ, "ഇരുപത്തി അയ്യായിരം രൂപ" എന്ന വാക്കുകൾക്കുപകരം "ഒരു ലക്ഷം രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ് ;

(iv) (3)-ാം ഉപവകുപ്പിനുശേഷം താഴെ പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(3എ) ആക്റ്റിന്റെ 7എ വകുപ്പിന്റെ (1)-ാം ഉപവകുപ്പിലെയോ (2)-ാം ഉപവകുപ്പിലെയോ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് ജലപ്രവാഹത്തിന്റെയോ തണ്ണീർത്തടത്തിന്റെയോ ഏതെങ്കിലും ഭാഗത്ത് അതിക്രമിച്ച് കടക്കുകയോ അല്ലെങ്കിൽ

അങ്ങനെയുള്ള ജലപ്രവാഹത്തിന്റെയോ തണ്ണീർത്തടത്തിന്റെയോ ഏതെങ്കിലും ഭാഗം രൂപാന്തരപ്പെടുത്തുകയോ അല്ലെങ്കിൽ അവയിൽനിന്ന് മണൽ നീക്കംചെയ്യുകയോ ചെയ്യുന്ന ഏതൊരാളും, കുറ്റസ്ഥാപനത്തിന്മേൽ, രണ്ടുവർഷം വരെയാകാവുന്നതും എന്നാൽ ആറു മാസത്തിൽ കുറയാൻ പാടില്ലാത്തതുമായ കാലയളവിലേക്കുള്ള തടവോ, അൻപതിനായിരം രൂപവരെയാകാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ് ;

(3ബി) 7ബി വകുപ്പിലെ വ്യവസ്ഥകൾ ലംഘിക്കുന്ന ഏതൊരാളും, കുറ്റസ്ഥാപനത്തിന്മേൽ, രണ്ടുവർഷംവരെയാകാവുന്ന കാലയളവിലേക്കുള്ള തടവോ ഒരു ലക്ഷം രൂപവരെയാകാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്." ;

(v) (4)-ാം ഉപവകുപ്പിൽ, ''ആയിരം രൂപ'' എന്ന വാക്കുകൾക്കു പകരം "ഇരുപത്തി അയ്യായിരം രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ് ;

(vi) (6)-ാം ഉപവകുപ്പിൽ, (എഫ്) ഖണ്ഡത്തിൽ, "അയ്യായിരം രൂപ" എന്ന വാക്കുകൾക്കുപകരം "ഇരുപത്തി അയ്യായിരം രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

22. 71-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിന്റെ 71-ാം വകുപ്പിൽ, "നൂറ് രൂപ" എന്ന വാക്കുകൾക്കു പകരം "അഞ്ഞൂറ് രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

23. 72-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിന്റെ 72-ാം വകുപ്പിൽ, (ബി) ഖണ്ഡത്തിനുശേഷം താഴെ പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(ബിബി) 70-ാം വകുപ്പിന്റെ (3എ) ഉപവകുപ്പിലോ (3ബി) ഉപവകുപ്പിലോ പരാമർശിച്ചിരിക്കുന്ന ഏതെങ്കിലും കുറ്റം സംബന്ധിച്ച് രണ്ടു വർഷംവരെയാകാവുന്നതും എന്നാൽ ഒരു വർഷത്തിൽ കുറയാൻ പാടില്ലാത്തതുമായ ഒരു കാലയളവിലേക്കുള്ള തടവും ഒരു ലക്ഷത്തി അൻപതിനായിരം രൂപവരെയാകാവുന്ന പിഴയും.".

24. 75-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിന്റെ 75-ാം വകുപ്പിൽ,—

(i) "7-ാം വകുപ്പിലെ" എന്ന വാക്കിനും അക്കത്തിനും ശേഷം, "അല്ലെങ്കിൽ 7എ വകുപ്പിന്റെ (2)-ാം ഉപവകുപ്പിലെ" എന്ന വാക്കുകളും അക്കങ്ങളും അക്ഷരങ്ങളും ബ്രാക്കറ്റുകളും ചേർക്കേണ്ടതാണ് ;

(ii) ''ഇറിഗേഷൻ ആഫീസർ'' എന്ന വാക്കുകൾക്കുശേഷം, "അല്ലെങ്കിൽ സംസ്ഥാന നദി-തണ്ണീർത്തട അതോറിറ്റി അധികാരപ്പെടുത്തിയ മറ്റേതെങ്കിലും ആഫീസർ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

25. 81എ എന്ന വകുപ്പ് ചേർക്കൽ.—പ്രധാന ആക്റ്റിന്റെ 81-ാം വകുപ്പിനു ശേഷം താഴെ പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"81എ. പ്രവേശനത്തിനും പിടിച്ചെടുക്കലിനുമുള്ള അധികാരം.—(1) സംസ്ഥാന നദി-തണ്ണീർത്തട അതോറിറ്റിയുടെ ഏതെങ്കിലും ഉദ്യോഗസ്ഥനോ നദീതട ബോർഡിന്റെയോ തണ്ണീർത്തട വികസന ബോർഡിന്റെയോ, ആ അതോറിറ്റിയോ ബോർഡുകളോ ചുമതല പ്പെടുത്തിയ ഒരു ഉദ്യോഗസ്ഥനോ അല്ലെങ്കിൽ ഇതിനായി സർക്കാർ ചുമതലപ്പെടുത്തിയ

ഏതെങ്കിലും ഉദ്യോഗസ്ഥനോ, ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നത് ഉറപ്പുവരുത്തുക എന്ന ഉദ്ദേശ്യത്തോടെ ഏത് പരിസരത്തും പ്രവേശിക്കാവുന്നതും പരിശോധന നടത്താവുന്നതും ഈ ആക്റ്റിന്റെ വ്യവസ്ഥകൾക്ക് വിരുദ്ധമായ ഏതെങ്കിലും പ്രവർത്തനം നടത്തുന്നതിനായി ഉപയോഗിച്ചതോ ഉപയോഗിച്ചതായി കരുതപ്പെടാവുന്നതോ ആയ ഏതെങ്കിലും വസ്തുവോ, യാനമോ, വാഹനമോ അല്ലെങ്കിൽ ഗതാഗത മാർഗ്ഗമോ ഏതെങ്കിലും ഉപകരണങ്ങളോ പിടിച്ചെടുക്കാവുന്നതുമാണ്.

(2) 1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയിലെ (1974-ലെ 2-ാം കേന്ദ്ര ആക്റ്റ്) തെരച്ചിലും പിടിച്ചെടുക്കലുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ ഈ ആക്റ്റിൻ കീഴിലുള്ള തെരച്ചിലിനും പിടിച്ചെടുക്കലിനും ബാധകമായിരിക്കുന്നതാണ്.

(3) 2001-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും ആക്റ്റിൻകീഴിലുള്ള ഒരു കുറ്റവുമായി ബന്ധപ്പെട്ട് പിടിച്ചെടുത്ത വസ്തുക്കളോ വാഹനങ്ങളോ, അല്ലെങ്കിൽ ഗതാഗത മാർഗ്ഗമോ, കണ്ടുകെട്ടലിനും ആ ആക്റ്റിൽ വ്യവസ്ഥ ചെയ്തപ്രകാരമുള്ള തുടർനടപടികൾക്കുമുള്ള ഒരു റിപ്പോർട്ട് സഹിതം ആ സ്ഥലത്ത് അധികാരിതയുള്ള സബ് ഡിവിഷണൽ മജിസ്ട്രേറ്റിനെ ഏൽപ്പിക്കേണ്ടതാണ്.".

26. 90-ാം വകുപ്പ് വിട്ടുകളയൽ.—പ്രധാന ആക്റ്റിന്റെ 90-ാം വകുപ്പ് വിട്ടുകളയേണ്ടതാണ്.

27. 91എ 91ബി എന്നീ പുതിയ വകുപ്പുകൾ ചേർക്കൽ.— പ്രധാന ആക്റ്റിന്റെ 91-ാം വകുപ്പിനു ശേഷം താഴെ പറയുന്ന വകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"91എ. അപ്പീൽ.—(1) നദീതട ബോർഡിന്റെയോ നദീതട വികസന ബോർഡിന്റെയോ തീരുമാനംമൂലം സങ്കടം അനുഭവിക്കുന്ന ഏതൊരാൾക്കും, തീരുമാനം അറിയിച്ച തീയതി മുതൽ മുപ്പതു ദിവസത്തിനകം സംസ്ഥാന നദി-തണ്ണീർത്തട അതോറിറ്റി മുമ്പാകെ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ ഒരു അപ്പീൽ ഫയൽ ചെയ്യാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൻകീഴിൽ ലഭിക്കുന്ന ഏതൊരു അപ്പീലും, നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ, മുപ്പതു ദിവസത്തിനകം സംസ്ഥാന നദി-തണ്ണീർത്തട അതോറിറ്റി തീർപ്പാക്കേണ്ടതും അതിന്മേലുള്ള അതിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

91ബി. റിവിഷനുള്ള അധികാരം:—സർക്കാരിന്, സ്വമേധയായോ സങ്കടമനുഭവിക്കുന്ന ഏതെങ്കിലും ആൾ നൽകിയ ഒരു അപേക്ഷയിന്മേലോ, അപ്പീലിന്മേൽ പാസ്സാക്കിയ ഏതെങ്കിലും ഉത്തരവിന്റെ രേഖകൾ ആവശ്യപ്പെടാവുന്നതും അതിനു യുക്തമെന്നുതോന്നുന്ന അങ്ങനെയുള്ള ഉത്തരവുകൾ പാസ്സാക്കാവുന്നതുമാണ് :

എന്നാൽ, ബന്ധപ്പെട്ട കക്ഷികൾക്ക് പറയുവാനുള്ളത് പറയുവാൻ ഒരവസരം നൽകാതെ അങ്ങനെയുള്ള യാതൊരു ഉത്തരവും പരിഷ്കരിക്കാൻ പാടുള്ളതല്ല.".

28. സാധൂകരണം.—2011-ലെ കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) ഓർഡിനൻസ് (2011-ലെ 41) (ഇതിനുശേഷം പ്രസ്തുത ഓർഡിനൻസ് എന്നാണ് പരാമർശിക്കപ്പെടുക) പ്രാബല്യത്തിലില്ലാതായിത്തീർന്നിരുന്നാൽ തന്നെയും,—

(എ) പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ, എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്ട് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ് ;

(ബി) പ്രസ്തുത ഓർഡിനൻസ് പ്രാബല്യത്തിലില്ലാതായിത്തീർന്നതിനുശേഷവും ഈ ആക്റ്റ് ഗസറ്റിൽ പ്രസിദ്ധീകരിച്ച തീയതിക്കു മുമ്പും ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ, അവ പ്രസ്തുത ഓർഡിനൻസ് പ്രാബല്യത്തിലില്ലാതായിത്തീരുന്നില്ലെങ്കിൽ പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്യുകയോ എടുക്കുകയോ ചെയ്യുമായിരുന്നു എന്ന പോലെ, ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

ജല ലഭ്യതയുടെയും ആവശ്യകതയുടെയും അതുല്യമായ സവിശേഷതകൾ സംബന്ധിച്ച പഠനത്തിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ കുറെ വർഷങ്ങളായി സംസ്ഥാനത്ത് അനുവർത്തിച്ചുവരുന്ന ജലപരിപാലനരീതിയിൽ സാരമായ മാറ്റം ആവശ്യമായിത്തീർന്നിരിക്കുന്നു. ജലവിഭവങ്ങളുടെ സംരക്ഷണം ഉറപ്പാക്കുന്നതിനായുള്ള വിവിധ പ്രവർത്തനങ്ങൾ ഇപ്പോൾ വിവിധ വകുപ്പുകളിൽ നിക്ഷിപ്തമാണ് എന്നത് അവയുടെ സംരക്ഷണം, വിനിയോഗം, കാര്യകർതൃത്വം എന്നിവയ്ക്കായുള്ള ഒരു സമഗ്ര സമീപനം ഉറപ്പാക്കുന്നതിൽ ബുദ്ധിമുട്ട് ഉണ്ടാക്കുന്നു. സംസ്ഥാനത്തെ നദീതടങ്ങളും തണ്ണീർത്തടങ്ങളും അവയുടെ ഫലപ്രദമായ ഉപയോഗത്തിനായി പരിപാലിക്കുകയും സംരക്ഷിക്കുകയും നോക്കിനടത്തുകയും ചെയ്യേണ്ടതായിട്ടുണ്ട്. നദീതടങ്ങളുടെയും തണ്ണീർത്തടങ്ങളുടെയും സമഗ്രപരിപാലനം പോലെയുള്ള, ജലവിഭവ വികസനവുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയെന്ന ചുമതല ഏൽപ്പിച്ചുകൊടുക്കുന്നതിനായി ഒരു സംസ്ഥാന നദി-തണ്ണീർത്തട അതോറിറ്റിയുടെ രൂപീകരണവും നദീതടബോർഡുകൾ, തണ്ണീർത്തട വികസന ബോർഡുകൾ എന്നിവയുടെ രൂപീകരണവും ആവശ്യമായിത്തീർന്നിട്ടുണ്ട്. ആയതിനാൽ ജലവിഭവ പരിപാലനവുമായി ബന്ധപ്പെട്ട് ഭാരത സർക്കാരിന്റെ ജലവിഭവ മന്ത്രാലയത്തിന്റെ ദേശീയ ജലനയത്തിന്റെയും സംസ്ഥാന സർക്കാരിന്റെ ജലനയത്തിന്റെയും ചുവടു പിടിച്ച് 2003-ലെ കേരള ജലസേചനവും ജലസംരക്ഷണവും ആക്റ്റിൽ (2003-ലെ 31)-ൽ അനുയോജ്യമായ ഭേദഗതി വരുത്തിക്കൊണ്ടുള്ള ഒരു നിയമനിർമ്മാണം കൊണ്ടുവരുന്നതിന് സർക്കാർ തീരുമാനിച്ചു.

2. കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും മേൽപ്പറഞ്ഞ നിർദ്ദേശത്തിന് ഉടൻ പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും 2011-ലെ കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) ഓർഡിനൻസ് 2011 ഏപ്രിൽ 27-ാം തീയതി ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2011-ലെ 41-ാം നമ്പർ ഓർഡിനൻസായി 2011 ഏപ്രിൽ 28-ാം തീയതിയിലെ 932-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. എന്നാൽ, ഭരണഘടനയുടെ 213-ാം അനുച്ഛേദം (2)-ാം ഖണ്ഡം (എ) ഉപഖണ്ഡ പ്രകാരം പ്രസ്തുത ഓർഡിനൻസ് 2011 ജൂലൈ 13-ാം തീയതി പ്രാബല്യത്തിലില്ലാതായി

ത്തീർന്നു. പ്രസ്തുത ഓർഡിനൻസിന് പ്രാബല്യമില്ലാതായിത്തീർന്നശേഷവും ഈ ആക്റ്റ് പ്രസിദ്ധീകരിക്കുന്നതിനുമുമ്പും ഓർഡിനൻസ് പ്രകാരം എടുത്ത നടപടി എന്തെങ്കിലും ഉണ്ടെങ്കിൽ അത് സാധൂകരിച്ചുകൊണ്ട് ഒരു നിയമനിർമ്മാണം കൊണ്ടുവരുവാൻ സർക്കാർ ഇപ്പോൾ തീരുമാനിച്ചു.

3. മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ബില്ലിലെ 10-ാം ഖണ്ഡപ്രകാരം ചേർക്കാൻ ഉദ്ദേശിക്കുന്ന 7സി, 7ഇ, 7ജി എന്നീ വകുപ്പുകൾ സംസ്ഥാന നദി-തണ്ണീർത്തട അതോറിറ്റിയും, നദീതട ബോർഡുകളും തണ്ണീർത്തട ബോർഡുകളും രൂപീകരിക്കാൻ വ്യവസ്ഥ ചെയ്യുന്നു. പ്രസ്തുത അതോറിറ്റിയിലും ബോർഡുകളിലും ഔദ്യോഗികവും അനൗദ്യോഗികവുമായ അംഗങ്ങൾ അടങ്ങിയിരിക്കുന്നു. അതോറിറ്റിയും ബോർഡുകളും സ്ഥാപിക്കുന്നതിനും യോഗങ്ങൾക്കും മറ്റു ചുമതലകൾക്കും വേണ്ടി സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽനിന്നും ചെലവ് ആവശ്യമായി വരുന്നു. അതുപോലെത്തന്നെ, ബില്ലിന്റെ 11-ാം ഖണ്ഡപ്രകാരം ചേർക്കാനുദ്ദേശിക്കുന്ന 7എം വകുപ്പ്, "സംസ്ഥാന നദി-തണ്ണീർത്തട ഫണ്ട്" എന്നു വിളിക്കപ്പെടുന്ന ഒരു ഫണ്ട് രൂപീകരിക്കാൻ വ്യവസ്ഥ ചെയ്യുന്നു. ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽ നിന്നും ചെലവ് വരുന്നതാണ്. മേൽപ്പറഞ്ഞ ആവശ്യങ്ങൾക്കായി സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽ നിന്നും ഏകദേശം 26,00,000 രൂപ ആവർത്തക ചെലവും 14,00,000 രൂപ അനാവർത്തക ചെലവും പ്രതീക്ഷിക്കുന്നു.

## ഏല്പിച്ചുകൊടുത്ത നിയമനിർമ്മാണം സംബന്ധിച്ച മെമ്മോറാണ്ടം

1. ബില്ലിലെ 5-ാം ഖണ്ഡത്തിന്റെ (iv)-ാം ഉപഖണ്ഡപ്രകാരം, ചേർക്കാൻ ഉദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ 4-ാം വകുപ്പിന്റെ (3)-ാം ഉപവകുപ്പ്, ജലമെടുക്കുന്നതു തടയുന്നതിന് സ്ഥാപിച്ചിട്ടുള്ള ഏതൊരു ഉപകരണവും നീക്കംചെയ്യുന്നതിനോ, പിടിച്ചെടുക്കുന്നതിനും കണ്ടുകെട്ടുന്നതിനുമോ, ഉള്ള രീതി നിർണ്ണയിക്കാൻ സർക്കാരിനെ അധികാരപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

2. ബില്ലിലെ 10-ാം ഖണ്ഡപ്രകാരം ചേർക്കാൻ ഉദ്ദേശിക്കുന്ന 7സി വകുപ്പ്, വിജ്ഞാപനം മുഖേന സംസ്ഥാന നദി-തണ്ണീർത്തട അതോറിറ്റി എന്നു വിളിക്കപ്പെടുന്ന ഒരു അതോറിറ്റി രൂപീകരിക്കാൻ സർക്കാരിനെ അധികാരപ്പെടുത്താൻ ഉദ്ദേശിക്കുന്നു. ബില്ലിലെ പ്രസ്തുത ഖണ്ഡപ്രകാരം ചേർക്കാൻ ഉദ്ദേശിക്കുന്ന 7ഡി വകുപ്പിന്റെ (എൻ) ഇനം, സംസ്ഥാന നദി-തണ്ണീർത്തട അതോറിറ്റിയുടെ ഫണ്ട്, നദീതട ബോർഡുകൾക്കും തണ്ണീർത്തട വികസന ബോർഡുകൾക്കും നൽകുന്നതിനുള്ള രീതിയും വ്യവസ്ഥകളും ഉപാധികളും നിർണ്ണയിക്കാൻ സർക്കാരിനെ അധികാരപ്പെടുത്താൻ ഉദ്ദേശിക്കുന്നു. ബില്ലിലെ പ്രസ്തുത ഖണ്ഡപ്രകാരം ചേർക്കാൻ ഉദ്ദേശിക്കുന്ന 7ഇ വകുപ്പിന്റെ (1)-ാം (1)-ാം ഉപവകുപ്പ്, വിജ്ഞാപനം മുഖേന നദീതട ബോർഡുകൾ രൂപീകരിക്കുന്നതിന്

സർക്കാരിനെ അധികാരപ്പെടുത്താൻ ഉദ്ദേശിക്കുന്നു. ബില്ലിലെ പ്രസ്തുത ഖണ്ഡപ്രകാരം ചേർക്കാൻ ഉദ്ദേശിക്കുന്ന 7എഫ് വകുപ്പിന്റെ (ഇ) ഇനം, വികസന പദ്ധതികളെ സംബന്ധിച്ച പാരിസ്ഥിതിക ആഘാത വിലയിരുത്തലും ബെനിഫിറ്റ് കോസ്റ്റ് അനാലിസിസും നടത്തുന്നതിനുള്ള രീതി നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്താൻ ഉദ്ദേശിക്കുന്നു. പ്രസ്തുത ഖണ്ഡപ്രകാരം ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പിന്റെ (ജി) ഇനം, നദീതടത്തിനകത്തുള്ള ജലസ്രോതസ്സിൽ നിന്നും ജലമെടുക്കുന്നത് ക്രമീകരിക്കുന്നതിനും അനുമതി നൽകുന്നതിനും ഉള്ള വ്യവസ്ഥകൾ നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്താൻ ഉദ്ദേശിക്കുന്നു. പ്രസ്തുത ഖണ്ഡപ്രകാരം ചേർക്കാൻ ഉദ്ദേശിക്കുന്ന പ്രസ്തുത വകുപ്പിലെ (എൻ) ഇനം, നദീതട ബോർഡുകളുടെ കീഴിൽവരുന്ന നദികളുടെ ആവാസ വ്യവസ്ഥയെയും നദീതട പ്രദേശങ്ങളെയും പരിരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനുമുള്ള രീതി നിർണ്ണയിക്കാൻ സർക്കാരിനെ അധികാരപ്പെടുത്താൻ ഉദ്ദേശിക്കുന്നു. പ്രസ്തുത ഖണ്ഡപ്രകാരം ചേർക്കാൻ ഉദ്ദേശിക്കുന്ന പ്രസ്തുത വകുപ്പിന്റെ (ആർ) ഇനം, നദികളുടെയും നദീതടങ്ങളുടെയും കാര്യക്ഷമമായ ഭരണത്തിനും പരിപാലനത്തിനും പരിരക്ഷണത്തിനും അവയുടെ വിവേകപൂർവ്വമായ ഉപയോഗത്തിനും വേണ്ടിയുള്ള രീതികളും വ്യവസ്ഥയും നിർണ്ണയിക്കാൻ സർക്കാരിനെ അധികാരപ്പെടുത്താൻ ഉദ്ദേശിക്കുന്നു. പ്രസ്തുത ഖണ്ഡപ്രകാരം ചേർക്കാൻ ഉദ്ദേശിക്കുന്ന 7ജി വകുപ്പിന്റെ (1)-ാം ഖണ്ഡം, വിജ്ഞാപനം മുഖേന തണ്ണീർത്തട വികസന ബോർഡുകൾ രൂപീകരിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്താൻ ഉദ്ദേശിക്കുന്നു. പ്രസ്തുത ഖണ്ഡപ്രകാരം ചേർക്കാൻ ഉദ്ദേശിക്കുന്ന 7എച്ച് വകുപ്പിന്റെ (പി) ഇനം, തണ്ണീർത്തട വ്യവസ്ഥയുടെ നടത്തിപ്പിൽ തദ്ദേശത്തെ ജനങ്ങളുടെ സജീവ പങ്കാളിത്തം ഉറപ്പു വരുത്തുന്നതിനുവേണ്ടിയുള്ള രീതി നിർണ്ണയിക്കാൻ സർക്കാരിനെ അധികാരപ്പെടുത്താൻ ഉദ്ദേശിക്കുന്നു. പ്രസ്തുത ഖണ്ഡപ്രകാരം ചേർക്കാൻ ഉദ്ദേശിക്കുന്ന പ്രസ്തുത വകുപ്പിന്റെ (ക്യു) ഇനം, തണ്ണീർത്തടങ്ങളുടെ വികസനത്തിനായുള്ള ഫണ്ടുകൾ കൈകാര്യം ചെയ്യുന്നതിനും വിനിയോഗിക്കുന്നതിനുമുള്ള രീതി നിർണ്ണയിക്കാൻ സർക്കാരിനെ അധികാരപ്പെടുത്താൻ ഉദ്ദേശിക്കുന്നു. പ്രസ്തുത ഖണ്ഡപ്രകാരം ചേർക്കാൻ ഉദ്ദേശിക്കുന്ന 7കെ വകുപ്പ്, സംസ്ഥാന നദി-തണ്ണീർത്തട അതോറിറ്റി, നദീതട ബോർഡ്, തണ്ണീർത്തട വികസന ബോർഡ് എന്നിവയുടെ കാര്യനിർവ്വഹണത്തിനായുള്ള നടപടിക്രമം സംബന്ധിച്ച ചട്ടങ്ങൾ നിർണ്ണയിക്കാൻ സർക്കാരിനെ അധികാരപ്പെടുത്താൻ ഉദ്ദേശിക്കുന്നു. പ്രസ്തുത ഖണ്ഡപ്രകാരം ചേർക്കാർ ഉദ്ദേശിക്കുന്ന 7എൽ വകുപ്പിന്റെ (1)-ാം ഉപവകുപ്പ്, സംസ്ഥാന നദി-തണ്ണീർത്തട അതോറിറ്റിയുടെ ചീഫ് എക്സിക്യൂട്ടീവ്, അതോറിറ്റിയുടെ തീരുമാനം നടപ്പാക്കേണ്ട രീതി നിർണ്ണയിക്കാൻ സർക്കാരിനെ അധികാരപ്പെടുത്താൻ ഉദ്ദേശിക്കുന്നു. പ്രസ്തുത ഖണ്ഡപ്രകാരം ചേർക്കാൻ ഉദ്ദേശിക്കുന്ന പ്രസ്തുത വകുപ്പിന്റെ (2)-ാം ഉപവകുപ്പ്, ജലവിഭവ വകുപ്പിൽ നിന്നും പുനർവിന്യസിച്ചിട്ടുള്ള സംസ്ഥാന നദി-തണ്ണീർത്തട അതോറിറ്റിയിലെയും, നദീതട ബോർഡിലെയും തണ്ണീർത്തട വികസന ബോർഡിലെയും ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും സേവനവ്യവസ്ഥകളും ഉപാധികളും നിർണ്ണയിക്കാൻ സർക്കാരിനെ അധികാരപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

3. ബില്ലിലെ 11-ാം ഖണ്ഡപ്രകാരം ചേർക്കാൻ ഉദ്ദേശിക്കുന്ന 7എൻ വകുപ്പ്, ബോർഡിന്റെ ചുമതലകളും മറ്റു വികസനപ്രവർത്തനങ്ങളും നിർണ്ണയിക്കാൻ സർക്കാരിനെ അധികാരപ്പെടുത്താൻ ഉദ്ദേശിക്കുന്നു. പ്രസ്തുത ഖണ്ഡപ്രകാരം ചേർക്കാൻ ഉദ്ദേശിക്കുന്ന 7പി വകുപ്പ് സംസ്ഥാന നദി-തണ്ണീർത്തട അതോറിറ്റിയുടെ വാർഷിക സാമ്പത്തിക

സ്റ്റേറ്റ്മെന്റ് തയ്യാറാക്കേണ്ടുന്ന ഫാറവും ആയതിന്റെ സമയപരിധിയും നിർണ്ണയിക്കാൻ സർക്കാരിനെ അധികാരപ്പെടുത്താൻ ഉദ്ദേശിക്കുന്നു. പ്രസ്തുത ഖണ്ഡപ്രകാരം ചേർക്കാൻ ഉദ്ദേശിക്കുന്ന 7ക്യു വകുപ്പ് സംസ്ഥാന നദി-തണ്ണീർത്തട അതോറിറ്റിയുടെയും നദീതട ബോർഡുകളുടെയും തണ്ണീർത്തട വികസന ബോർഡുകളുടെയും കണക്കുകൾ സൂക്ഷിക്കുന്നതിനായുള്ള ഫാറം നിർണ്ണയിക്കാൻ സർക്കാരിനെ അധികാരപ്പെടുത്താൻ ഉദ്ദേശിക്കുന്നു. പ്രസ്തുത ഖണ്ഡപ്രകാരം ചേർക്കാൻ ഉദ്ദേശിക്കുന്ന 7ആർ വകുപ്പിന്റെ (1)-ാം ഉപവകുപ്പ് സംസ്ഥാന നദി-തണ്ണീർത്തട അതോറിറ്റിയിൽ ആഡിറ്ററെ നിയമിക്കാനും കണക്കുകൾ ആഡിറ്റു നടത്തേണ്ട രീതി നിർണ്ണയിക്കാനും സർക്കാരിനെ അധികാരപ്പെടുത്താൻ ഉദ്ദേശിക്കുന്നു. പ്രസ്തുത വകുപ്പിന്റെ (2)-ാം ഉപവകുപ്പ് സംസ്ഥാന നദി-തണ്ണീർത്തട അതോറിറ്റിയിലെ ആഡിറ്റർമാർ ആഡിറ്റ് നടത്തുന്ന രീതി നിർണ്ണയിക്കാൻ സർക്കാരിനെ അധികാരപ്പെടുത്താൻ ഉദ്ദേശിക്കുന്നു. പ്രസ്തുത വകുപ്പിന്റെ (3)-ാം ഉപവകുപ്പ് കണക്കുകളുടെ വാർഷിക സ്റ്റേറ്റ്മെന്റ് ഹാജരാക്കുന്നതിനുള്ള രീതിയും ആയതിനുള്ള സമയവും നിർണ്ണയിക്കാൻ സർക്കാരിനെ അധികാരപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

4. ബില്ലിലെ 16-ാം ഖണ്ഡപ്രകാരം ചേർക്കാൻ ഉദ്ദേശിക്കുന്ന 51എ വകുപ്പിലെ (7)-ാം ഇനം, കർഷകരുടെ ഉല്പാദന ചെലവ് കുറയ്ക്കാനും ലാഭം വർദ്ധിപ്പിക്കാനുമുതകുന്ന സമൂഹകൃഷി അല്ലെങ്കിൽ വിളകളുടെ പരിപാലനം വാട്ടർ യൂസേഴ്സ് അസോസിയേഷനുകൾ ഏറ്റെടുക്കേണ്ട രീതി നിർണ്ണയിക്കാൻ സർക്കാരിനെ അധികാരപ്പെടുത്താൻ ഉദ്ദേശിക്കുന്നു. ബില്ലിലെ 16-ാം ഖണ്ഡപ്രകാരം ചേർക്കാൻ ഉദ്ദേശിക്കുന്ന പ്രസ്തുത വകുപ്പിലെ (15)-ാം ഇനം, പ്രസ്തുത അസോസിയേഷൻ സൂക്ഷിക്കേണ്ടതായ മറ്റു രേഖകൾ നിർണ്ണയിക്കാൻ സർക്കാരിനെ അധികാരപ്പെടുത്താൻ ഉദ്ദേശിക്കുന്നു. പ്രസ്തുത ഖണ്ഡപ്രകാരം ചേർക്കാൻ ഉദ്ദേശിക്കുന്ന പ്രസ്തുത വകുപ്പിലെ (17)-ാം ഇനം, പ്രസ്തുത അസോസിയേഷൻ നടത്തേണ്ട കൃത്യമായ വാട്ടർ ബഡ്ജറ്റിംഗിന്റെയും തുടർച്ചയായുള്ള സാമൂഹ്യ ആഡിറ്റിന്റെയും രീതി നിർണ്ണയിക്കാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നു. പ്രസ്തുത ഖണ്ഡപ്രകാരം ചേർക്കാനുദ്ദേശിച്ചുകൊണ്ടുള്ള 51സി വകുപ്പിന്റെ (2)-ാം ഇനം, കനാൽ വാട്ടർ യൂസേഴ്സ് അസോസിയേഷൻ, ഡിസ്ട്രിബ്യൂട്ടറി ലെവലിനോ ബ്രാഞ്ച് കനാലിനോ താഴെയുള്ളതിന്റെ അറ്റകുറ്റപ്പണികൾ നടത്താനും പദ്ധതി തയ്യാറാക്കാനുമുള്ള രീതി നിർണ്ണയിക്കാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നു. പ്രസ്തുത ഖണ്ഡപ്രകാരം ചേർക്കാൻ ഉദ്ദേശിക്കുന്ന പ്രസ്തുത വകുപ്പിലെ (4)-ാം ഇനം, ഈ പദ്ധതിയിൻകീഴിൽ ജലം ഏതുവിധത്തിൽ വിതരണം ചെയ്യണമെന്നും നിലനിർത്തണമെന്നും ഉയർന്നുവരുന്നതായ തർക്കങ്ങൾ അസോസിയേഷൻ രമ്യമായി പരിഹരിക്കേണ്ടുന്ന രീതി നിർണ്ണയിക്കാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നു. പ്രസ്തുത ഖണ്ഡപ്രകാരം ചേർക്കാനുദ്ദേശിച്ചുകൊണ്ടുള്ള പ്രസ്തുത വകുപ്പിന്റെ (6)-ാം ഇനം, വിഭവവർദ്ധനവിനും ഉൽപ്പാദനത്തിന്റെയും അഗ്രോ പ്രൊസസിംഗിന്റെയും വികസനത്തിന് പുനർനിക്ഷേപം നടത്തുന്നതിനുള്ള രീതി നിർണ്ണയിക്കാൻ സർക്കാരിനെ അധികാരപ്പെടുത്താൻ ഉദ്ദേശിക്കുന്നു. പ്രസ്തുത ഖണ്ഡപ്രകാരം ചേർക്കാൻ ഉദ്ദേശിക്കുന്ന പ്രസ്തുത വകുപ്പിന്റെ (12)-ാം ഇനം, പ്രസ്തുത അസോസിയേഷൻ കണക്കുകൾ സൂക്ഷിക്കേണ്ടതിന്റെയും കണക്കുകളുടെ വാർഷിക ആഡിറ്റു നടത്തേണ്ടതിന്റെയും രീതി നിർണ്ണയിക്കാൻ സർക്കാരിനെ അധികാരപ്പെടുത്താൻ ഉദ്ദേശിക്കുന്നു. പ്രസ്തുത ഖണ്ഡപ്രകാരം ചേർക്കാൻ ഉദ്ദേശിക്കുന്ന പ്രസ്തുത വകുപ്പിലെ (14)-ാം ഇനം, അസോസിയേഷൻ സൂക്ഷിക്കേണ്ട മറ്റു രേഖകൾ നിർണ്ണയിക്കാൻ സർക്കാരിനെ അധികാരപ്പെടുത്താൻ ഉദ്ദേശിക്കുന്നു. പ്രസ്തുത

ഖണ്ഡപ്രകാരം ചേർക്കാൻ ഉദ്ദേശിക്കുന്ന പ്രസ്തുത വകുപ്പിലെ (16)-ാം ഇനം, പ്രസ്തുത അസോസിയേഷൻ സ്ഥിരമായി വാട്ടർ ബഡ്ജറ്റിംഗും ആനുകാലിക സാമൂഹ്യ ആഡിറ്റും നടത്തുന്നതിനുള്ള രീതി നിർണ്ണയിക്കാൻ സർക്കാരിനെ അധികാരപ്പെടുത്താൻ ഉദ്ദേശിക്കുന്നു. പ്രസ്തുത ഖണ്ഡപ്രകാരം ചേർക്കാൻ ഉദ്ദേശിക്കുന്ന 51ഇ വകുപ്പിലെ (V)-ാം ഇനം, ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും കമാന്റ് ഏരിയായിലെ ഉപയോക്താക്കളുടെ ക്ഷേമത്തിനുമായി വിഭവങ്ങൾ വർദ്ധിപ്പിക്കുകയും സംവിധാനങ്ങളുടെ വികസനത്തിനായി പുനർനിക്ഷേപിക്കുകയും ചെയ്യേണ്ട രീതി നിർണ്ണയിക്കാൻ സർക്കാരിനെ അധികാരപ്പെടുത്താൻ ഉദ്ദേശിക്കുന്നു. പ്രസ്തുത ഖണ്ഡപ്രകാരം ചേർക്കാൻ ഉദ്ദേശിക്കുന്ന 51എച്ച് വകുപ്പിന്റെ (1)-ാം ഉപവകുപ്പ്, സ്ലൂയിസ് ലെവൽ വാട്ടർ യൂസേഴ്സ് അസോസിയേഷൻ, കനാൽ വാട്ടർ യൂസേഴ്സ് അസോസിയേഷൻ, പ്രോജക്റ്റ് മാനേജ്മെന്റ് കമ്മിറ്റി എന്നിവയുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയിലേക്കുള്ള തെരഞ്ഞെടുപ്പിന്റെ രീതി നിർണ്ണയിക്കാൻ സർക്കാരിനെ അധികാരപ്പെടുത്താൻ ഉദ്ദേശിക്കുന്നു. പ്രസ്തുത ഖണ്ഡപ്രകാരം ചേർക്കാൻ ഉദ്ദേശിക്കുന്ന പ്രസ്തുത വകുപ്പിന്റെ (3)-ാം ഉപവകുപ്പ്, വാട്ടർ യൂസേഴ്സ് അസോസിയേഷനിലെ എക്സിക്യൂട്ടീവ് കമ്മിറ്റിയിലെ ചെയർപേഴ്സണെയോ, പ്രസിഡന്റിനെയോ, അല്ലെങ്കിൽ അംഗത്തെയോ നീക്കംചെയ്യുന്നതിനുള്ള രീതി നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

5. ബില്ലിലെ 20-ാം ഖണ്ഡപ്രകാരം പകരം ചേർക്കാനുദ്ദേശിക്കുന്ന 56-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പ്, സാമൂഹിക ആഡിറ്റ് നടത്തുന്നതിനായി പ്രോജക്റ്റ് മാനേജ്മെന്റ് കമ്മിറ്റി ഏതു രീതിയിലാണ് ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തേണ്ടത് എന്ന് നിർണ്ണയിക്കാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നു.

6. ബില്ലിലെ 27-ാം ഖണ്ഡപ്രകാരം ചേർക്കാൻ ഉദ്ദേശിക്കുന്ന 91എ വകുപ്പിന്റെ (1)-ാം ഉപവകുപ്പ്, നദീതീര ബോർഡുകളുടെയും തണ്ണീർത്തട വികസന ബോർഡുകളുടെയും തീരുമാനത്തിനെതിരെ സംസ്ഥാന നദി-തണ്ണീർത്തട അതോറിറ്റിയിൽ അപ്പീൽ സമർപ്പിക്കുന്നതിനുള്ള രീതി നിർണ്ണയിക്കാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നു. പ്രസ്തുത വകുപ്പിന്റെ (2)-ാം ഉപവകുപ്പ്, സംസ്ഥാന നദി-തണ്ണീർത്തട അതോറിറ്റി അപ്പീൽ തീർപ്പാക്കുന്ന രീതി നിർണ്ണയിക്കാൻ സർക്കാരിന് അധികാരം നൽകുന്നു.

7. ഏതു കാര്യങ്ങളെ സംബന്ധിച്ചാണോ വിജ്ഞാപനങ്ങളോ ഉത്തരവുകളോ പുറപ്പെടുവിക്കാവുന്നത് അല്ലെങ്കിൽ ചട്ടങ്ങൾ ഉണ്ടാക്കാവുന്നത്, അവ നടപടിക്രമം സംബന്ധിച്ചുള്ളതും സാധാരണവും ഭരണപരവും ആയ സ്വഭാവത്തോടുകൂടിയതുമാണ്. കൂടാതെ, ചട്ടങ്ങൾ നിയമസഭയുടെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയവുമാണ്. ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം, അതിനാൽ, സാധാരണ സ്വഭാവത്തോടു കൂടിയതാണ്.

പി. ജെ. ജോസഫ്

(ശരിത്തർജ്ജമ)

## 2003-ലെ കേരള ജലസേചനവും ജലസംരക്ഷണവും ആക്റ്റിൽ നിന്നുള്ള പ്രസക്തഭാഗങ്ങൾ

(2003-ലെ 31-ാം ആക്റ്റ്)

** ** **

** ** **

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) കർഷക സംഘടനകളുമായി ബന്ധപ്പെട്ട് "പ്രവർത്തനപ്രദേശം" എന്നാൽ ഒരു ജലസേചന സംവിധാനത്തിന്റെ കമാൻഡ് ഏരിയയിലുള്ള വിജ്ഞാപനപ്പെടുത്തിയേക്കാവുന്ന ഒരുമിച്ചുകിടക്കുന്ന ഭൂവിഭാഗം എന്നർത്ഥമാകുന്നു ;

** ** **

(ഡി) ''ബോർഡ്'' എന്നാൽ 90-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം രൂപീകരിച്ച ജലനിയന്ത്രണ-വിനിയോഗ ബോർഡ് എന്നർത്ഥമാകുന്നു ;

** ** **

(എം) "കർഷകരുടെ അസോസിയേഷൻ" എന്നാൽ 49-ാം വകുപ്പിലെ വ്യവസ്ഥകൾ അനുസരിച്ച് ഉണ്ടാക്കിയിട്ടുള്ള വാട്ടർ യൂസേഴ്സ് അസോസിയേഷൻ എന്നും, 90-ാം വകുപ്പിൻകീഴിൽ രൂപീകരിച്ചിട്ടുള്ള ജലനിയന്ത്രണ-വിനിയോഗ ബോർഡ് എന്നും അർത്ഥമാകുന്നു ;

** ** **

(എകെ) ''പുഞ്ച സ്പെഷ്യൽ ഓഫീസർ'' എന്നാൽ ഈ ആക്ടിലെ 31-ാം വകുപ്പുപ്രകാരം സർക്കാർ നിയമിച്ച ഒരു ഉദ്യോഗസ്ഥൻ എന്ന് അർത്ഥമാകുന്നു ;

(എഎൽ) "അഴിമുഖം" എന്നാൽ നദി കടലിൽ ചേരുന്നിടത്തെ നദിയുടെ ഭാഗം എന്നർത്ഥമാകുന്നു ;

(എഎം) "സംസ്ഥാനം" എന്നാൽ കേരള സംസ്ഥാനം എന്ന് അർത്ഥമാകുന്നു ;

** ** **

(എക്യു) "ജലപ്രവാഹം" എന്നാൽ ഒരു സ്വകാര്യ ഭൂമിയിൽ ഉള്ളതൊഴികെ ഒരു നദി, അരുവി, നീരുറവ, ചാനൽ, തടാകം അഥവാ ഏതെങ്കിലും പ്രകൃതിദത്തമായ ജലശേഖരം എന്നർത്ഥമാകുന്നതും അതിൽ ഏതെങ്കിലും നദിയുടെയോ, അരുവിയുടെയോ, നീരുറവയുടെയോ, ചാനലിന്റെയോ, പോഷകനദിയോ, ശാഖയോ ഉൾപ്പെടുന്നതുമാകുന്നു ;

(എആർ) "ജല ഉപയോക്താവ്" എന്നാൽ ഏതെങ്കിലും ആവശ്യത്തിന് സർക്കാരിന്റെ ജലസേചന സ്രോതസ്സിൽനിന്നും ജലം ഉപയോഗിക്കുന്ന ഏതെങ്കിലും വ്യക്തിയോ, ഏകാംഗീകൃതനികായമോ, ഒരു സംഘമോ ഒരു സ്ഥാപനമോ ഒരു അസോസിയേഷനോ എന്നർത്ഥമാകുന്നതും അവ ഉൾപ്പെടുന്നതുമാകുന്നു.

## അദ്ധ്യായം II

## ജലപ്രവാഹങ്ങളിലെ ജലസംരക്ഷണം

3. ജലപ്രവാഹങ്ങളും ജലപ്രവാഹങ്ങളിലെ ജലവും സർക്കാരിന്റെ സ്വത്തായിരിക്കുമെന്ന്.—തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ അഥവാ ഏതെങ്കിലും ആചാരത്തിലോ കീഴ്വഴക്കത്തിലോ അഥവാ ഏതെങ്കിലും കരാറിലോ, മറ്റ് പ്രമാണത്തിലോ വിപരീതമായി എന്തുതന്നെ അടങ്ങിയിരുന്നാലും 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ (1994-ലെ 13) 218-ാം വകുപ്പിലേയും 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലോ (1994-ലെ 20) 208-ാം വകുപ്പിലേയും വ്യവസ്ഥകൾക്കു വിധേയമായി, സംസ്ഥാനത്തിലെ എല്ലാ ജലപ്രവാഹങ്ങളും അങ്ങനെയുള്ള ജലപ്രവാഹങ്ങളിലെ മുഴുവൻ ജലവും സർക്കാരിന്റെ സ്വത്തായിരിക്കുന്നതും, സർക്കാരിന്, ജലസേചനത്തിന്റെയും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന്റെയും അതുമായി ബന്ധപ്പെട്ട കാര്യങ്ങളുടെയും അഥവാ രണ്ടിന്റെയും ആവശ്യങ്ങളിലേക്ക് അങ്ങനെയുള്ള ജലപ്രവാഹങ്ങളും, അപ്രകാരമുള്ള എല്ലാ ജലപ്രവാഹങ്ങളിലെ ജലവും സംരക്ഷിക്കുന്നതിനും ഉപയോഗം നിയന്ത്രിക്കുന്നതിനും അധികാരം ഉണ്ടായിരിക്കുന്നതുമാണ്.

4. ജലപ്രവാഹത്തിൽനിന്നും ജലം എടുക്കുന്നതിനുള്ള നിയന്ത്രണം.—(1) ഈ ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുള്ളവിധമൊഴികെ, യാതൊരാളോ ഏജൻസിയോ മൊത്തം പ്രവർത്തനശേഷി അഞ്ച് കുതിരശക്തിയിൽ കൂടുതലുള്ള ഏതെങ്കിലും യന്ത്രോപകരണമോ വൈദ്യുതോപകരണമോ അഥവാ ഏതെങ്കിലും ഹോസോ പൈപ്പോ മറ്റു സമാന ഉപകരണമോ സ്ഥാപിച്ചോ മറ്റേതെങ്കിലും വിധത്തിലോ ഇതിലേക്ക് ഗവൺമെന്റ് അധികാരപ്പെടുത്തിയ ഏത് ഉദ്യോഗസ്ഥന്റെ അധികാരപരിധിക്കകത്താണോ ജലമെടുക്കുന്നതിന് അങ്ങനെയുള്ള ഉപകരണം സ്ഥാപിച്ചിട്ടുള്ളത് ആ ഉദ്യോഗസ്ഥന്റെ മുൻകൂട്ടിയുള്ള അനുവാദത്തോടും നിർണ്ണയിക്കാവുന്ന പ്രകാരമുള്ള നിബന്ധനകൾക്കും ഉപാധികൾക്കും വിധേയമായും അപ്രകാരമുള്ള ഫീസ് നൽകിയും അല്ലാതെ, ഒരു ജലപ്രവാഹത്തിൽ നിന്നും ജലം എടുക്കാൻ പാടുള്ളതല്ല :

എന്നാൽ, ഈ ഉപവകുപ്പുപ്രകാരമുള്ള ഒരു പെർമിറ്റ് വാങ്ങുന്നതിന് കേരള വാട്ടർ അതോറിറ്റിയോ ഏതെങ്കിലും തദ്ദേശാധികാരസ്ഥാനമോ ബാദ്ധ്യസ്ഥരായിരിക്കുന്നതല്ല.

(2) (1)-ാം ഉപവകുപ്പുപ്രകാരം അനുവാദം നിരസിക്കപ്പെട്ട ഒരു ഉത്തരവിനാൽ സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കോ, അല്ലെങ്കിൽ ഏജൻസിക്കോ നിർണ്ണയിച്ചേക്കാവുന്ന പ്രകാരമുള്ള സമയത്തിനുള്ളിലും അങ്ങനെയുള്ള രീതിയിലും കളക്ടർക്ക് അപ്പീൽ നൽകാവുന്നതും, കളക്ടർ അപ്പീൽവാദിയേയും അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനേയും കേട്ടശേഷം, അപ്പീലിൻമേൽ അദ്ദേഹത്തിന് യുക്തമെന്ന് തോന്നുന്ന ഉത്തരവ്, അപ്പീൽ സ്വീകരിച്ച തീയതി മുതൽ ഒരു മാസത്തിനുള്ളിൽ പുറപ്പെടുവിക്കേണ്ടതുമാകുന്നു.

(3) (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകളോ (2)-ാം ഉപവകുപ്പിൻകീഴിൽ കളക്ടർ പുറപ്പെടുവിച്ച ഉത്തരവോ ലംഘിച്ചുകൊണ്ട് ഒരു ജലപ്രവാഹത്തിൽ നിന്നും ഏതെങ്കിലും ആൾ ജലം എടുക്കുന്നപക്ഷം (1)-ാം ഉപവകുപ്പിൻകീഴിൽ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ ഇതിലേക്കായി അദ്ദേഹം അധികാരപ്പെടുത്തിയ മറ്റേതെങ്കിലും ആൾക്കോ, അങ്ങനെയുള്ള ലംഘനത്തിന്റെ പേരിൽ എടുക്കാവുന്ന മറ്റേതെങ്കിലും നടപടിക്ക് ഭംഗം കൂടാതെ, ജലം എടുക്കുന്നതിനുവേണ്ടിയുള്ള ഏതെങ്കിലും ഉപകരണം സ്ഥാപിച്ചിട്ടുള്ള വസ്തുവിലോ സ്ഥലത്തോ പരിസരങ്ങളിലോ പ്രവേശിക്കുന്നതിനും അങ്ങനെയുള്ള ഉപകരണം നീക്കംചെയ്യുന്നതിനോ, നീക്കംചെയ്യിക്കുന്നതിനോ, അതോടൊപ്പം ജലമെടുക്കുന്നത് തടയുന്നതിന് അങ്ങനെയുള്ള ഉപകരണം കണ്ടുകെട്ടേണ്ടത് ആവശ്യമാണെന്ന് തനിക്ക് ബോദ്ധ്യമാകുന്നപക്ഷം, കണ്ടുകെട്ടുന്നതിനും അധികാരമുണ്ടായിരിക്കുന്നതാണ്.

(4) (1)-ാം ഉപവകുപ്പിൻകീഴിൽ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥരോ അവർ അതിലേക്കായി അധികാരപ്പെടുത്തിയ ഏതെങ്കിലും ആളോ, (3)-ാം ഉപവകുപ്പിൽ അടങ്ങിയിട്ടുള്ള വ്യവസ്ഥകളുടെ മേൽനോട്ടത്തിൽ എന്തെങ്കിലും വീഴ്ച വരുത്തുക യാണെങ്കിൽ ശിക്ഷണ നടപടികൾക്ക് വിധേയരാകുന്നതുമാണ്.

5. ജലസംഭരണികൾ, അണക്കെട്ടുകൾ മുതലായവയുടെ നിർമ്മാണത്തിനുള്ള നിയന്ത്രണം.—(1) യാതൊരാളോ അല്ലെങ്കിൽ ഏജൻസിയോ അല്ലെങ്കിൽ തദ്ദേശാധികാരസ്ഥാനമോ സർക്കാരിന്റെയോ ഇതിലേക്കായി സർക്കാർ അധികാര പ്പെടുത്താവുന്ന അധികാരസ്ഥാനത്തിന്റെയോ മുൻകൂട്ടിയുള്ള അനുമതിയോടും, സർക്കാരോ അങ്ങനെയുള്ള അധികാരസ്ഥാനമോ ചുമത്താവുന്ന നിബന്ധനകൾക്കും ഉപാധികൾക്കും വിധേയമായിട്ടും അല്ലാതെ ഏതെങ്കിലും ജലപ്രവാഹത്തിൽ നിന്നും ജലം തിരിച്ചുവിടുന്ന ആവശ്യത്തിലേക്കായി ആ ജലപ്രവാഹത്തിലോ അതിന് കുറുകെയോ ഏതെങ്കിലും ജലസംഭരണിയോ അണക്കെട്ടോ അല്ലെങ്കിൽ അണയോ മറ്റേതെങ്കിലും സ്ഥിര എടുപ്പോ, നിർമ്മിക്കുവാൻ പാടുള്ളതല്ല.

(2) (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് ഏതെങ്കിലും എടുപ്പ് നിർമ്മിച്ചിട്ടുള്ളിടത്ത് സർക്കാരിനോ ആ ഉപവകുപ്പുപ്രകാരം സർക്കാർ അധികാരപ്പെടുത്തിയ അധികാരസ്ഥാനത്തിനോ അങ്ങനെയുള്ള ലംഘനത്തിന് എടുക്കാവുന്ന മറ്റേതെങ്കിലും നടപടിക്കും ഭംഗംവരാതെ, അങ്ങനെയുള്ള എടുപ്പ് നീക്കം ചെയ്യുകയോ നീക്കംചെയ്യിക്കുകയോ ചെയ്യുന്നതിനും അങ്ങനെയുള്ള നിർമ്മാണത്തിന് ഉത്തരവാദിയായ ആളിൽനിന്നോ ആളുകളിൽനിന്നോ അങ്ങനെ നീക്കംചെയ്തതിന്റെ ചെലവ് വസൂലാക്കുന്നതിനും അധികാരമുണ്ടായിരിക്കുന്നതാണ്.

6. നദികളുടെ ഗതിമാറ്റത്തിനും, പരസ്പര നദീതട ജല കൈമാറ്റം മുതലായവ യ്ക്കുള്ള നിയന്ത്രണം.—(1) യാതൊരാളോ ഏജൻസിയോ ഒരു തദ്ദേശാധികാരസ്ഥാനമോ അല്ലെങ്കിൽ മറ്റേതെങ്കിലും അധികാരസ്ഥാനമോ സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതി വാങ്ങാതെ ഏതെങ്കിലും നദി ഗതിമാറ്റുകയോ രണ്ടോ അതിലധികമോ നദികൾ കൂട്ടിയോജിപ്പിക്കുകയോ അങ്ങനെയുള്ള നദികളിൽനിന്നും പരസ്പര നദീതട ജല കൈമാറ്റം നടത്തുകയോ ചെയ്യാൻ പാടുള്ളതല്ല.

(2) ഒരു നദിയിലോ അതിനു കുറുകെയോ, അങ്ങനെയുള്ള നദി ഗതിമാറ്റി വിടുന്നതിന്റെയോ തമ്മിൽ യോജിപ്പിക്കുന്നതിന്റെയോ ആവശ്യത്തിലേക്കായി ഏതെങ്കിലും എടുപ്പ് നിർമ്മിച്ചിട്ടുള്ളിടത്ത്, സർക്കാരിനോ അല്ലെങ്കിൽ സർക്കാർ ഇതിന്റെ ആവശ്യത്തിലേക്കായി അധികാരപ്പെടുത്തിയിട്ടുള്ള അങ്ങനെയുള്ള ഉദ്യോഗസ്ഥനോ അധികാരസ്ഥാനത്തിനോ അത്തരം എടുപ്പ് നീക്കംചെയ്യുന്നതിനും നീക്കംചെയ്യുന്നതിന്റെ ചെലവ് അത്തരം നിർമ്മാണത്തിനുത്തരവാദിയായ ആളിൽനിന്നോ അധികാരസ്ഥാനത്തിൽ നിന്നോ ഈടാക്കുന്നതിനും അവകാശമുണ്ടായിരിക്കുന്നതാണ്.

7. ജലപ്രവാഹങ്ങളിൽ മണൽ വാരുന്നതിനുള്ള നിരോധനം.—യാതൊരാളും, ജലസേചനത്തിനുദ്ദേശിച്ചുള്ളതും സർക്കാരിന്റെ ഉടമസ്ഥതയിലോ, നിയന്ത്രണത്തിലോ, സംരക്ഷണത്തിലോ ഉള്ളതുമായ ഏതെങ്കിലും അണക്കെട്ടിൽനിന്നോ ചെക്ക് ഡാമിൽനിന്നോ ജലസംഭരണിയിൽനിന്നോ ഒരു ജലപ്രവാഹത്തിലോ അതിനു കുറുകെയോ ഉള്ള മറ്റേതെങ്കിലും എടുപ്പുകളിൽനിന്നോ അല്ലെങ്കിൽ നിർമ്മാണത്തിൽനിന്നോ അഞ്ഞൂറുമീറ്റർ ദൂരത്തിനുള്ളിൽ വരുന്ന ജലപ്രവാഹത്തിന്റെ ഏതെങ്കിലും പ്രദേശത്തു നിന്നും മണൽ വാരാൻ പാടുള്ളതല്ല :

എന്നാൽ ജലസംഭരണിയിൽനിന്നോ ഒരു അണക്കെട്ടിന്റെയോ ചെക്ക് ഡാമിന്റെയോ ജലപ്പരപ്പു പ്രദേശത്തുനിന്നോ, അങ്ങനെയുള്ള അണക്കെട്ടിന്റെയോ ചെക്ക് ഡാമിന്റെയോ സംരക്ഷണത്തിനായി, ജലവിഭവ വകുപ്പിന് എക്കലും മണലും ശേഖരിക്കുന്നതിനും നീക്കംചെയ്യുന്നതിനും ഈ വകുപ്പിലെ യാതൊന്നും ബാധകമാകുന്നതല്ല.

** ** **

37. ജലസേചന ഭൂമിയിൽ യാതൊരു കയ്യേറ്റവും അനുവദിക്കാൻ പാടില്ലെന്ന്.—(1) യാതൊരാളും കൃഷിക്കായോ മറ്റേതെങ്കിലും ആവശ്യത്തിനായോ ഏതെങ്കിലും ജലസേചന ഭൂമി കൈവശപ്പെടുത്തുവാൻ പാടില്ലാത്തതും അങ്ങനെയുള്ള ഭൂമിയിലുള്ള കയ്യേറ്റം അവസാനിപ്പിക്കുന്നതിനായി ഇറിഗേഷൻ ഓഫീസർ ആവശ്യമായ എല്ലാ നടപടികളും സ്വീകരിക്കേണ്ടതുമാണ്.

വിശദീകരണം:—ഈ ഉപവകുപ്പിന്റെ ആവശ്യങ്ങൾക്കായി "ജലസേചന ഭൂമി" എന്നാൽ ഒരു ജലസേചന സംരംഭത്തിന്റെ ആവശ്യത്തിനുവേണ്ടി സർക്കാരിന്റെ ഉടമസ്ഥതയിലും നിയന്ത്രണത്തിലും സംരക്ഷണത്തിലും ഉള്ള ഏതൊരു ഭൂമിയും എന്നർത്ഥമാകുന്നതും എന്നാൽ ഒരു പുറമ്പോക്ക് ഉൾപ്പെടാത്തതുമാകുന്നു.

(2) സർക്കാരിന് ഏതെങ്കിലും പദ്ധതിപ്രദേശത്തെയോ അഥവാ ഏതെങ്കിലും ജലസേചന ഭൂമിയെയോ അതിന്റെ ഭാഗത്തിനെയോ സംരക്ഷിതപ്രദേശമായി പ്രഖ്യാപിക്കാവുന്നതും അങ്ങനെയുള്ള പ്രദേശത്തേക്കുള്ള പ്രവേശനം ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർ നിയന്ത്രിക്കേണ്ടതുമാണ്.

(3) യാതൊരാളും ഏതെങ്കിലും വ്യാവസായിക ദ്രവമാലിന്യമോ ഗാർഹിക ദ്രവമാലിന്യമോ ശരിയായ രീതിയിലുള്ള സംസ്കരണം കൂടാതെ ഏതെങ്കിലും ജലപ്രവാഹത്തിലേക്ക് ഒഴുക്കിക്കളയുവാൻ പാടുള്ളതല്ല.

** ** **

49. കർഷകരുടെ അസോസിയേഷൻ.—(1) സർക്കാരിന്, ഓരോ നാൽപ്പത് ഹെക്ടർ പ്രദേശത്തിനുള്ളിലുള്ള കർഷകരെ ചേർത്ത് വാട്ടർ യൂസേഴ്സ് അസോസിയേഷൻ (ഇതിനുശേഷം അസോസിയേഷൻ എന്നാണ് പരാമർശിക്കപ്പെടുക) രൂപീകരിക്കാൻ ഏതെങ്കിലും ഉദ്യോഗസ്ഥനെയോ സംഘടനയെയോ തദ്ദേശാധികാരസ്ഥാനത്തെയോ അധികാരപ്പെടുത്താവുന്നതാണ്.

** ** **

50. കർഷകരുടെ അസോസിയേഷന്റെ ഉദ്ദേശ്യങ്ങൾ.—(1) ജലസംരക്ഷണത്തിനുള്ള അവബോധത്തിന് പ്രേരണ നൽകുന്നതിന് അതിന്റെ ഉപയോക്താക്കൾക്കിടയിൽ ജലവിതരണം മെച്ചപ്പെടുത്തുകയും ഉറപ്പുവരുത്തുകയും ചെയ്യുക, ജലസേചന സംവിധാനത്തിന്റെ മതിയായ പരിപാലനം, കാർഷിക ഉല്പാദനം പരമാവധി ആക്കുന്നതിനായി കാര്യക്ഷമവും ലാഭകരവുമായ ജലത്തിന്റെ ഉപയോഗം, പരിസ്ഥിതി സംരക്ഷിക്കുക, കർഷകരെ പങ്കെടുപ്പിച്ചുകൊണ്ട് പരിസ്ഥിതി സന്തുലനം ഉറപ്പാക്കുക, ജലബഡ്ജറ്റിനും പ്രവർത്തന പദ്ധതിക്കും അനുസൃതമായ ജലസേചന സംവിധാനത്തിന്റെ ഉടമസ്ഥതയെ സംബന്ധിച്ച ബോധം സൃഷ്ടിക്കുക എന്നിവയായിരിക്കണം അസോസിയേഷന്റെ ഉദ്ദേശ്യങ്ങൾ.

51. അസോസിയേഷന്റെ ചുമതലകൾ.—അസോസിയേഷൻ താഴെ പറയുന്ന ചുമതലകൾ നിർവ്വഹിക്കേണ്ടതാണ്, അതായത്:—

(i) സർക്കാരോ ക്ഷമതയുള്ള അധികാരസ്ഥാനമോ അംഗീകരിച്ച അവകാശത്തിന്റെയും പ്രദേശത്തിന്റെയും മണ്ണിന്റെയും വിളവെടുപ്പ് രീതിയുടെയും അടിസ്ഥാനത്തിൽ പ്രവർത്തന പദ്ധതിക്കനുസൃതമായി ഓരോ ജലസേചന കാലത്തിനുംവേണ്ടി വാട്ടർ ഷെഡ്യൂൾ തയ്യാറാക്കി നടപ്പിലാക്കുക ;

(ii) ഓരോ വിളവെടുപ്പ് കാലത്തിന്റെയും അവസാനത്തിൽ അതിന്റെ പ്രവർത്തനമേഖലയിലുള്ള ജലസേചന സംവിധാനം പരിപാലിക്കാൻ ഒരു പദ്ധതി തയ്യാറാക്കുകയും കാലാകാലങ്ങളിൽ, അസോസിയേഷന്റെ ഫണ്ട് ഉപയോഗിച്ച് അതിന്റെ നിയന്ത്രണത്തിലുള്ള വിതരണ സംവിധാനത്തിന്റെ അറ്റകുറ്റപ്പണികൾ നടത്തുക ;

(iii) വാട്ടർ ഷെഡ്യൂൾ അനുസരിച്ച് അതിന്റെ പ്രവർത്തനമേഖലയുടെ കീഴിലുള്ള വിവിധ പൈപ്പ് ഔട്ട്ലെറ്റുകളിൽ കൂടിയുള്ള ജലത്തിന്റെ ഉപയോഗം നിയന്ത്രിക്കുക ;

(iv) അനുവദിക്കപ്പെട്ട ജലത്തിന്റെ ഉപയോഗത്തിൽ മിതവ്യയം പ്രോത്സാഹിപ്പിക്കുക ;

(v) ഡിമാന്റ് നോട്ടീസ് തയ്യാറാക്കുന്നതിനും ജലസേചനകരവും മെച്ചപ്പെടുത്തൽ ലെവിയും പിരിക്കുന്നതിനും റവന്യൂ വകുപ്പിനെ സഹായിക്കുക ;

(vi) റവന്യൂ വകുപ്പ് പ്രസിദ്ധീകരിച്ചതുപോലെ ഭൂമി കൈവശക്കാരുടെ ഒരു രജിസ്റ്റർ സൂക്ഷിക്കുക ;

(vii) കോ-ഓപ്റ്റഡ് അംഗങ്ങളുടെ ഒരു രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുക ;

(viii) പ്രവർത്തനമേഖലയ്ക്കുള്ളിലെ ജലസേചന സംവിധാനത്തിന്റെ ഒരു വിവരപ്പട്ടിക തയ്യാറാക്കി സൂക്ഷിക്കുക ;

(ix) ജലസേചനത്തിനുവേണ്ടിയുള്ള ജലത്തിന്റെ ഒഴുക്ക് നിരീക്ഷിക്കുക ;

(x) പ്രവർത്തനമേഖലയിലെ ജല ഉപയോക്താക്കളും അംഗങ്ങളും തമ്മിലുള്ള തർക്കങ്ങൾ എന്തെങ്കിലും ഉണ്ടെങ്കിൽ, പരിഹരിക്കുക ;

(xi) വിഭവങ്ങൾ സമാഹരിക്കുക ;

(xii) അക്കൗണ്ടുകൾ സൂക്ഷിക്കുക ;

(xiii) അതിന്റെ അക്കൗണ്ടുകളുടെ വാർഷിക ആഡിറ്റ് നടത്തിപ്പിക്കുക ;

(xiv) ഓഫീസ് ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് നടത്തിപ്പിൽ സഹായിക്കുക ;

(xv) നിർണ്ണയിച്ചേക്കാവുന്ന പ്രകാരമുള്ള മറ്റു റിക്കാർഡുകൾ സൂക്ഷിക്കുക ;

(xvi) പൊതുയോഗം നടത്തുക ;

(xvii) സ്ഥിരമായി ജല ബഡ്ജറ്റിംഗ് നടത്തുകയും നിർണ്ണയിച്ചേക്കാവുന്ന പ്രകാരമുള്ള പീരിയോഡിക്കൽ സോഷ്യൽ ആഡിറ്റ് നടത്തുകയും ചെയ്യുക.

** ** **

53. ക്ഷമതയുള്ള അധികാരസ്ഥാനത്തിന്റെ നിയമനവും അദ്ദേഹത്തിന്റെ ചുമതലകളും.—(1) സർക്കാർ, ഈ ആക്റ്റിന്റെ ആവശ്യങ്ങളിലേക്കായി അസോസിയേഷന്റെ ക്ഷമതയുള്ള അധികാരസ്ഥാനമായി ജലവിഭവവകുപ്പിലേയും കൃഷിവകുപ്പിലേയും അവർക്ക് ആവശ്യമെന്നു കരുതുന്ന അങ്ങനെയുള്ള ഉദ്യോഗസ്ഥനെ, വിജ്ഞാപനംവഴി, നിയമിക്കേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പുപ്രകാരം നിയമിച്ച ക്ഷമതയുള്ള അധികാരസ്ഥാനത്തിന് അസോസിയേഷൻ എടുക്കുന്ന എല്ലാ തീരുമാനങ്ങളും നടപ്പിലാക്കുന്നതിലും നിർവ്വഹിക്കുന്നതിലും ബന്ധപ്പെട്ട അസോസിയേഷനോട് ഉത്തരവാദിത്വമുണ്ടായിരിക്കുന്നതാണ്.

54. വിഭവങ്ങൾ.—(1) സർക്കാരിന്, ബന്ധപ്പെട്ട അസോസിയേഷന്റെ രൂപീകരണത്തിനും, പരിപാലനത്തിനും അവരുടേതായ വിഭവങ്ങൾ കണ്ടെത്താൻ അസോസിയേഷനെ അധികാരപ്പെടുത്താവുന്നതാണ്.

(2) അസോസിയേഷന്റെ ഫണ്ട് താഴെ പറയുന്നവ ഉൾക്കൊള്ളുന്നതായിരിക്കണം, അതായത്:—

(എ) അസോസിയേഷന്റെ പ്രവർത്തന മേഖലയിൽനിന്നും പിരിക്കുന്ന വെള്ളക്കരത്തിന്റെ വിഹിതമായി സർക്കാരിൽനിന്നും ലഭിച്ച ഗ്രാന്റുകൾ ;

(ബി) പിരിച്ചെടുക്കുന്ന ഏതെങ്കിലും അംഗത്വ ഫീസ് ;

(സി) 52-ാം വകുപ്പുപ്രകാരം പിരിച്ചെടുത്ത ഫീസ് ;

(ഡി) അതിന്റെ പ്രവർത്തനമേഖലയിൽ വികസനത്തിനായി സംസ്ഥാന സർക്കാരും കേന്ദ്ര സർക്കാരും അനുവദിക്കാവുന്ന അത്തരം മറ്റ് ഫണ്ടുകൾ ;

(ഇ) അതിന്റെ പ്രവർത്തനമേഖലയിൽ എന്തെങ്കിലും സാമ്പത്തിക വികസനപ്രവർത്തനം ഏറ്റെടുക്കുന്നതിനുവേണ്ടി ഏതെങ്കിലും ധനകാര്യ ഏജൻസിയിൽ നിന്നും സമാഹരിച്ച വിഭവങ്ങൾ ;

(എഫ്) അതിന്റെ പ്രവർത്തനമേഖലയ്ക്കുള്ളിൽ ജലസേചന സംവിധാനവുമായി ചേർന്നുള്ള വസ്തുക്കളിലും ആസ്തികളിലും നിന്നുള്ള വരുമാനം ;

(ജി) മറ്റേതെങ്കിലും മാർഗ്ഗത്തിലൂടെ ലഭിച്ച തുക.

55. പണികൾ ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമം.—സർക്കാർ, ജലസേചന സംവിധാനത്തിന്റെ കൈവശം ഏറ്റെടുക്കുന്നതിനുമുൻപ്, സംവിധാനത്തിന്റെ പുനഃസ്ഥാപിക്കലിനുവേണ്ടിയുള്ള എല്ലാ പണികളും പ്രവർത്തനമേഖലയിലുള്ള സംവിധാനത്തിന്റെ എല്ലാ അറ്റകുറ്റപ്പണികളും ഏറ്റെടുക്കുന്നതിനും നിർവ്വഹിക്കുന്നതിനും അസോസിയേഷനെ അധികാരപ്പെടുത്തേണ്ടതാണ്.

56. സോഷ്യൽ ആഡിറ്റും നിരീക്ഷണവും.—(1) സർക്കാർ, ഓരോ വിളവെടുപ്പു കാലത്തിന്റെയും അവസാനം സോഷ്യൽ ആഡിറ്റ് നടത്തുന്നതിന് കമ്മിറ്റിയെ അധികാരപ്പെടുത്തേണ്ടതാണ്.

(2) ജല ബഡ്ജറ്റിംഗ് അനുസരിച്ചുള്ള ജല ഉപയോഗത്തിനും അസോസിയേഷന് ലഭ്യമായ ഫണ്ടിനനുസരിച്ച് സംവിധാനത്തിന്റെ സംരക്ഷണത്തിനും നേരിട്ട ചെലവിനും വേണ്ടിയുള്ളതാണ് സോഷ്യൽ ആഡിറ്റ്.

(3) സോഷ്യൽ ആഡിറ്റിൽ,—

(എ) ന്യായമായ ജലവിതരണം ;

(ബി) ഉല്പാദന വർദ്ധന ;

(സി) ഉല്പാദനക്ഷമതയിൽ വർദ്ധന ;

(ഡി) വിളകളുടെ വൈവിധ്യവൽക്കരണം ;

(ഇ) മൾട്ടിപ്പിൾ ക്രോപ്പിംഗ് ;

(എഫ്) ജലത്തിന്റെ ഉപയോഗത്തിലുള്ള കാര്യക്ഷമത ;

(ജി) പണികൾ നിർവ്വഹിക്കുന്നതിനായുള്ള വിഭവ വിനിയോഗം ;

(എച്ച്) അസോസിയേഷന്റെ കൃഷിസ്ഥലങ്ങൾ മുൻകാലത്തെ അപേക്ഷിച്ച് മെച്ചപ്പെടുത്തൽ ;

(ഐ) അത്യുൽപ്പാദനശേഷിയുള്ള വിത്തിനങ്ങൾ/കീടനാശിനികൾ മുതലായവ സ്വീകരിക്കുന്നതിൽ ഗവേഷണസൗകര്യങ്ങളുടെ ഉപയോഗം ;

(ജെ) ഏറ്റെടുത്ത പണികളുടെ ഗുണനിലവാരം ;

എന്നിവ ഉൾപ്പെടുന്നതാണ്.

(4) ഇങ്ങനെ നടത്തുന്ന സോഷ്യൽ ആഡിറ്റ് ചെലവഴിച്ച ഫണ്ടിനനുസരിച്ച് കൈവരിച്ച നേട്ടങ്ങൾ അടങ്ങിയ ഒരു ലിസ്റ്റ് അസോസിയേഷന്റെ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിച്ച് അസോസിയേഷന്റെ എല്ലാ ഗുണഭോക്താക്കളേയും അറിയിക്കേണ്ടതാണ്.

(5) ഏതെങ്കിലും ഒരു പണി അസോസിയേഷൻ ഏറ്റെടുത്താൽ അതിന്റെ മതിപ്പ് ചെലവും നടപ്പിലാക്കാനുദ്ദേശിക്കുന്ന പണിയുടെ ഇനവും ചെയ്തുതീർത്ത പണികളുടെ വിശദവിവരങ്ങളും പണിസ്ഥലത്ത് ഒരു ബോർഡിൽ പ്രദർശിപ്പിക്കേണ്ടതാണ്.

(6) സോഷ്യൽ ആഡിറ്റ് നടത്തുന്നതിനുവേണ്ട എല്ലാ സഹായവും ക്ഷമതയുള്ള അധികാരസ്ഥാനം നൽകേണ്ടതാണ്.

(7) അപ്രകാരം നടത്തിയ സോഷ്യൽ ആഡിറ്റ് സർക്കാർ കാലാകാലങ്ങളിൽ വ്യവസ്ഥ ചെയ്യുന്നതനുസരിച്ച് ബന്ധപ്പെട്ടവർക്കെല്ലാം അയച്ചുകൊടുക്കേണ്ടതാണ്.

(8) സോഷ്യൽ ആഡിറ്റിൽ കാണപ്പെട്ട പോരായ്മകൾ പരിഹരിക്കുന്നതിനുള്ള പ്രത്യേക അഭിപ്രായം എന്തെങ്കിലുമുണ്ടെങ്കിൽ, അത് ആഡിറ്റർ സോഷ്യൽ ആഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തേണ്ടതാണ്.

(9) (8)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള ആഡിറ്റ് റിപ്പോർട്ടിന്റെ ഒരു കോപ്പി അസോസിയേഷന്റെ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കേണ്ടതാണ്.

** ** **

70. <u>ശിക്ഷകൾ</u>.—(1) 4-ാം വകുപ്പ് (1)-ാം ഉപവകുപ്പിലെയോ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പിലെയോ വ്യവസ്ഥകൾ ലംഘിക്കുന്ന ഏതൊരാളെയും, കുറ്റസ്ഥാപനത്തിൻ മേൽ, ഒരു വർഷം വരെയാകാവുന്ന കാലയളവിലേക്കുള്ള തടവോ, അയ്യായിരം രൂപ വരെയാകുന്ന പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കേണ്ടതാണ്.

(2) 6-ാം വകുപ്പിലെ വ്യവസ്ഥകൾ ലംഘിക്കുന്ന ഏതൊരാളെയും, കുറ്റസ്ഥാപനത്തിൻമേൽ, മൂന്നു വർഷം വരെയാകാവുന്ന കാലയളവിലേക്കുള്ള തടവോ ഒരു ലക്ഷം രൂപ വരെയാകാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കേണ്ടതാണ്.

(3) 7-ാം വകുപ്പിലെ വ്യവസ്ഥകൾ ലംഘിക്കുന്ന ഏതൊരാളെയും, കുറ്റസ്ഥാപനത്തിൻമേൽ, രണ്ടു വർഷം വരെയാകാവുന്ന കാലയളവിലേക്കുള്ള തടവോ, ഇരുപത്തി അയ്യായിരം രൂപ വരെയാകാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ നൽകി ശിക്ഷിക്കേണ്ടതാണ്.

(4) 9-ാം വകുപ്പ് (ബി) ഖണ്ഡത്തിലെയോ (സി) ഖണ്ഡത്തിലെയോ 38-ാം വകുപ്പിലെയോ, 40-ാം വകുപ്പ് (2)-ാം ഉപവകുപ്പിലെയോ, 41-ാം വകുപ്പിലെയോ, 42-ാം വകുപ്പ് (1)-ാം ഉപവകുപ്പിലെയോ, 44-ാം വകുപ്പിലെയോ വ്യവസ്ഥകളോ, 43-ാം വകുപ്പുപ്രകാരമുള്ള ഏതെങ്കിലും റെഗുലേഷനോ, നിരോധനമോ ലംഘിക്കുന്ന ഏതൊരാളെയും, കുറ്റസ്ഥാപനത്തിൻമേൽ, ഒരു വർഷം വരെയാകാവുന്ന കാലയളവിലേക്കുള്ള തടവോ, ആയിരം രൂപ വരെയാകാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കേണ്ടതാണ്.

(5) 42-ാം വകുപ്പ് (2)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ ലംഘിക്കുന്ന ഏതൊരാളെയും കുറ്റസ്ഥാപനത്തിൻമേൽ, ഒരു വർഷം വരെയാകാവുന്ന കാലയളവിലേക്കുള്ള തടവോ, പതിനായിരം രൂപ വരെയാകാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കേണ്ടതാണ്.

(6) ശരിയായ അധികാരമില്ലാതെ,—

(എ) ഏതെങ്കിലും ജലസേചന സംരംഭത്തിന് ഹാനിവരുത്തുകയോ, മാറ്റം വരുത്തുകയോ, വലുതാക്കുകയോ, തടസ്സപ്പെടുത്തുകയോ ; അഥവാ

(ബി) ഏതെങ്കിലും ജലസേചന സംരംഭത്തിൽനിന്നുള്ള ജലവിതരണത്തിൽ ഇടപെടുകയോ അതു വർദ്ധിപ്പിക്കുകയോ, കുറയ്ക്കുകയോ ; അഥവാ

(സി) ഏതെങ്കിലും ജലസേചന സംരംഭത്തിന് അപകടമോ ഹാനിയോ പ്രയോജനക്കുറവോ വരത്തക്കവിധത്തിൽ അങ്ങനെയുള്ള സംരംഭത്തിലെ ജലത്തിന്റെ ഒഴുക്കിൽ ഇടപെടുകയോ മാറ്റംവരുത്തുകയോ ; അഥവാ

(ഡി) ഒരു ജലസേചന സംരംഭത്തിൽനിന്നും ജലം ഉപയോഗിക്കുവാനുള്ള അവകാശമുണ്ട് എന്നതുകൊണ്ട് അങ്ങനെയുള്ള ജലസേചന സംരംഭത്തിലെ ജലം പാഴാക്കുന്നതിന് കാരണമോ അവസരമോ ഉണ്ടാക്കുകയോ അതിൽനിന്നുള്ള ജലത്തിന്റെ അധികൃത വിതരണത്തിൽ ഇടപെടുകയോ ഏതെങ്കിലും അനധികൃതമായ രീതിയിൽ ജലം ഉപയോഗിക്കുകയോ ; അഥവാ

(ഇ) മനഃപൂർവ്വമായി ഏതെങ്കിലും ജലസേചന സംരംഭത്തിലെ ജലം സാധാരണയായി ഏതാവശ്യത്തിനാണോ ഉപയോഗിക്കുന്നത് ആ ആവശ്യത്തിനുള്ള അതിന്റെ അനുയോജ്യതയിൽ കുറവുവരത്തക്കവിധത്തിൽ ദുഷിപ്പിക്കുകയോ മലിനമാക്കുകയോ ; അഥവാ

(എഫ്) ഒരു ജലസേചന സംരംഭത്തിൽ സ്ഥാപിച്ചിട്ടുള്ള ഏതെങ്കിലും വിതാന അടയാളമോ വാട്ടർ ഗേജോ മറ്റേതെങ്കിലും അടയാളമോ ചിഹ്നമോ നശിപ്പിക്കുകയോ, മായ്ച്ചുകളയുകയോ, നീക്കംചെയ്യുകയോ, മാറ്റംവരുത്തുകയോ ;

ചെയ്യുന്ന ഏതൊരാളെയും, കുറ്റസ്ഥാപനത്തിൻമേൽ, ഒരു വർഷം വരെയാകാവുന്ന കാലയളവിലേക്കുള്ള തടവോ അയ്യായിരം രൂപ വരെയാകാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കേണ്ടതാണ്.

71. തുടർച്ചയായ കുറ്റങ്ങൾക്കുള്ള ശിക്ഷ.—ഈ ആക്റ്റ് പ്രകാരമുള്ള ഏതെങ്കിലും കുറ്റം ഒരു തുടർച്ചയായ കുറ്റമാകുന്നിടത്ത് കുറ്റക്കാരനെ, കുറ്റസ്ഥാപനത്തിൻമേൽ, കുറ്റം തുടരുന്ന ഓരോ ദിവസത്തേക്കും നൂറു രൂപയിൽ കവിയാത്ത പിഴ നൽകി ശിക്ഷിക്കേണ്ടതാണ്.

72. രണ്ടാമത്തെയോ തുടർന്നുള്ളതോ ആയ കുറ്റത്തിനുള്ള വർദ്ധിപ്പിച്ച ശിക്ഷ.—ഈ ആക്റ്റ് പ്രകാരം ശിക്ഷിക്കപ്പെടാവുന്ന ഒരു കുറ്റത്തിന് ഒരു കോടതിയാൽ ശിക്ഷിക്കപ്പെട്ട ഏതൊരാളെയും അതേ കുറ്റം വീണ്ടും ചെയ്താൽ അങ്ങനെ തുടർന്നുള്ള ഓരോ കുറ്റത്തിനും,—

(എ) 70-ാം വകുപ്പ് (1)-ാം ഉപവകുപ്പിലോ (4)-ാം ഉപവകുപ്പിലോ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും കുറ്റം സംബന്ധിച്ച് രണ്ടുവർഷം വരെയാകാവുന്നതും എന്നാൽ ആറുമാസത്തിൽ കുറയാൽ പാടില്ലാത്തതുമായ ഒരു കാലയളവിലേക്കുള്ള തടവും പതിനായിരം രൂപ വരെയാകാവുന്ന പിഴയും ;

(ബി) 70-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും കുറ്റം സംബന്ധിച്ച് മൂന്നുവർഷം വരെയാകാവുന്നതും എന്നാൽ ഒരു വർഷത്തിൽ കുറയാൽ പാടില്ലാത്തതുമായ ഒരു കാലയളവിലേക്കുള്ള തടവും ഒരു ലക്ഷത്തി അൻപതിനായിരം രൂപ വരെയാകാവുന്ന പിഴയും ;

(സി) 70-ാം വകുപ്പ് (3)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും കുറ്റം സംബന്ധിച്ച് രണ്ടുവർഷം വരെയാകാവുന്നതും എന്നാൽ ആറുമാസത്തിൽ കുറയാൻ പാടില്ലാത്തതുമായ ഒരു കാലയളവിലേക്കുള്ള തടവും മുപ്പത്തയ്യായിരം രൂപ വരെയാകാവുന്ന പിഴയും ;

(ഡി) 70-ാം വകുപ്പ് (4)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും കുറ്റം സംബന്ധിച്ച് രണ്ടുവർഷം വരെയാകാവുന്നതും എന്നാൽ ആറുമാസത്തിൽ കുറയാൻ പാടില്ലാത്തതുമായ ഒരു കാലയളവിലേക്കുള്ള തടവും പതിനായിരം രൂപ വരെയാകാവുന്ന പിഴയും ;

(ഇ) 70-ാം വകുപ്പ് (5)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും കുറ്റം സംബന്ധിച്ച് ഒരുവർഷം വരെയാകാവുന്നതും എന്നാൽ ആറുമാസത്തിൽ കുറയാൻ പാടില്ലാത്തതുമായ ഒരു കാലയളവിലേക്കുള്ള തടവും പതിനയ്യായിരം രൂപ വരെയാകാവുന്ന പിഴയും;

നൽകി ശിക്ഷിക്കേണ്ടതാണ്.

** ** **

75. ചില സംഗതികളിൽ കണ്ടുകെട്ടൽ.—ഏതെങ്കിലും ആൾ 7-ാം വകുപ്പിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി മണൽ വാരുന്ന സംഗതിയിൽ, ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, അപ്രകാരമുള്ള മണൽ കടത്തുവാൻ ഉപയോഗിച്ച വാഹനം കണ്ടുകെട്ടുന്നതിന് 2001-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ആക്റ്റ് (2001-ലെ 18) പ്രകാരമുള്ള നടപടി ആരംഭിക്കുവാൻ ഇറിഗേഷൻ ഓഫീസർ ഇടയാക്കേണ്ടതാണ്.

** ** **

81. പ്രവേശനം, പരിശോധന തുടങ്ങിയവയ്ക്കുള്ള അധികാരം.—(1) ഡെപ്യൂട്ടി തഹശീൽദാരുടെ പദവിയിൽ കുറയാത്ത റവന്യൂ വകുപ്പിലെ ഏതെങ്കിലും ഉദ്യോഗസ്ഥനോ, ജലവിഭവ വകുപ്പിലെ അസിസ്റ്റന്റ് എഞ്ചിനീയറുടെ പദവിയിൽ കുറയാത്ത

ഏതെങ്കിലും ഉദ്യോഗസ്ഥനോ നിർണ്ണയിച്ചേക്കാവുന്ന ഫാറത്തിൽ നോട്ടീസ് നൽകിയതിനു ശേഷം, ഒരു ജലസേചന സംരംഭം നടപ്പിൽവരുത്തുന്ന ആവശ്യത്തിനുവേണ്ടി ഏതെങ്കിലും ഭൂമിയെക്കുറിച്ചുള്ള അന്വേഷണമോ, നിരീക്ഷണമോ, ടെസ്റ്റോ, പരിശോധനയോ, സർവ്വേയോ, അളവെടുപ്പോ നടത്തുന്നതിന് തൊഴിലാളികളുടെ സഹായത്തോടുകൂടിയോ അല്ലാതെയോ ഏതൊരു ഭൂമിയിലും പ്രവേശിക്കാവുന്നതാണ്.

(2) ഒരു തദ്ദേശാധികാരസ്ഥാനം ഇതിനുവേണ്ടി അധികാരപ്പെടുത്തിയ ഒരു തദ്ദേശാധികാര സ്ഥാനത്തിലെ ഏതൊരു ഉദ്യോഗസ്ഥനും 13-ാം വകുപ്പുപ്രകാരം ആ തദ്ദേശാധികാര സ്ഥാനത്തെ ഭരമേൽപ്പിച്ചിട്ടുള്ള ഏതെങ്കിലും ചെറുകിട അല്ലെങ്കിൽ വളരെ ചെറിയ ജലസേചന സംരംഭമോ ഒരു ജലസേചന സംരംഭമോ നടപ്പിൽ വരുത്തുന്ന ആവശ്യത്തിനുവേണ്ടി ഏതെങ്കിലും അന്വേഷണമോ, നിരീക്ഷണമോ, ടെസ്റ്റോ, പരിശോധനയോ, സർവ്വേയോ, അളവെടുപ്പോ നടത്തുന്നതിന് തൊഴിലാളികളുടെ സഹായത്തോടുകൂടിയോ അല്ലാതെയോ ഏതൊരു ഭൂമിയിലും പ്രവേശിക്കാവുന്നതാണ്.

(3) (1)-ാം ഉപവകുപ്പിലോ (2)-ാം ഉപവകുപ്പിലോ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും ഉദ്യോഗസ്ഥൻ, കെട്ടി അടച്ചിട്ടുള്ള ഏതെങ്കിലും പരസരത്ത് പ്രവേശിക്കാൻ ഉദ്ദേശിക്കുന്നിടത്ത് കൈവശക്കാരൻ പ്രവേശനത്തിനുള്ള അഭ്യർത്ഥന നിരസിക്കുകയാണെങ്കിൽ അദ്ദേഹം അങ്ങനെ കെട്ടിയടച്ചിട്ടുള്ള പരിസരത്തിന്റെ കൈവശക്കാരന്, അങ്ങനെ ചെയ്യുന്നതിനുള്ള തന്റെ ഉദ്ദേശ്യം കാണിച്ചുകൊണ്ട് കുറഞ്ഞത് ഒരു ദിവസത്തെ രേഖാമൂലമുള്ള നോട്ടീസ് നൽകേണ്ടതാണ്.

(4) ഏതെങ്കിലും ജലസേചന സംരംഭത്തിന്, അപകടംമൂലമോ മറ്റുവിധത്തിലോ എന്തെങ്കിലും നാഷനഷ്ടം സംഭവിച്ചിട്ടുള്ളിടത്തോ അങ്ങനെയുള്ള ഏതെങ്കിലും ജലസേചന സംരംഭത്തിന് എന്തെങ്കിലും അപായശങ്കയുള്ളിടത്തോ അതതു സംഗതി പോലെ (1)-ാം ഉപവകുപ്പിലോ (2)-ാം ഉപവകുപ്പിലോ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും ഉദ്യോഗസ്ഥന്, തൊഴിലാളികളുടെ സഹായത്തോടുകൂടിയോ അല്ലാതെയോ, അപ്രകാരമുള്ള ജലസേചന സംരംഭത്തിനോട് തൊട്ടുചേർന്ന് കിടക്കുന്ന ഭൂമിയിൽ പ്രവേശിക്കാവുന്നതും ജലസേചന സംരംഭത്തിന് ഉള്ള നാശനഷ്ടത്തിന്റെ അറ്റകുറ്റപ്പണി നടത്തുന്നതിനോ അതിനുള്ള അപകടം തടയുന്നതിനോ ആവശ്യമായ പണി നടത്തുകയും ചെയ്യാവുന്നതുമാണ്.

(5) ഈ വകുപ്പുപ്രകാരം നടപടി എടുത്തിട്ടുള്ള ഓരോ സംഗതിയിലും, അങ്ങനെയുള്ള നടപടി എടുക്കുന്ന ഉദ്യോഗസ്ഥൻ ബന്ധപ്പെട്ട ഭൂമിയുടെ ഉടമസ്ഥന് നേരിട്ടിട്ടുള്ള എല്ലാ നാശനഷ്ടങ്ങൾക്കും വേണ്ടിയുള്ള നഷ്ടപരിഹാരം, നിർണ്ണയിക്കപ്പെടുന്ന രീതിയിൽ, നിശ്ചയിക്കേണ്ടതും നൽകേണ്ടതുമാണ്.

(6) (5)-ാം ഉപവകുപ്പുപ്രകാരം നിശ്ചയിച്ചിട്ടുള്ള നഷ്ടപരിഹാര തുകയെ സംബന്ധിച്ച് എന്തെങ്കിലും തർക്കമുള്ളിടത്ത്, ആ ഉദ്യോഗസ്ഥൻ തർക്കം കളക്ടറുടെ പരിഗണനയ്ക്ക് അയയ്ക്കേണ്ടതും അതിന്മേലുള്ള കളക്ടറുടെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

** ** **

90. ജല നിയന്ത്രണത്തിനും വിനിയോഗത്തിനുമുള്ള ബോർഡിന്റെ രൂപീകരണം.—(1) സർക്കാരിന് ഏതെങ്കിലും നദീതടവുമായോ നദീതടങ്ങളുടെ കൂട്ടവുമായോ പദ്ധതിയുമായോ ജലസേചന സംരംഭവുമായോ ഏതെങ്കിലും വൻകിട ജലസേചന സംരംഭവുമായോ ബന്ധപ്പെട്ട് അതത് സംഗതിപോലെ ആ പ്രദേശത്തെ ജലസേചന സംരംഭത്തിൽനിന്നോ വൻകിട ജലസേചന സംരംഭത്തിൽനിന്നോ ഉള്ള ജലവിതരണത്തിന്റെ ക്രമീകരണവുമായി ബന്ധപ്പെട്ട കാര്യങ്ങളിലും അതിന്റെ പരിഗണനയ്ക്ക് വന്നേക്കാവുന്ന മറ്റുകാര്യങ്ങളിലും സർക്കാരിന് ഉപദേശം നൽകുന്നതിനു വേണ്ടി വിജ്ഞാപനംവഴി, ഒരു ജലനിയന്ത്രണ വിനിയോഗ ബോർഡ് രൂപീകരിക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പുപ്രകാരം രൂപീകരിക്കപ്പെട്ട ബോർഡിൽ സർക്കാർ നിയമിക്കുന്ന ആ പ്രദേശത്തെ കൃഷിക്കാരെ പ്രതിനിധീകരിക്കുന്നവരും നിർണ്ണയിച്ചേക്കാവുന്ന പ്രകാരമുള്ള താൽപ്പര്യങ്ങളുള്ള അനുദ്യോഗസ്ഥരേയും, ഉദ്യോഗസ്ഥരേയും പ്രതിനിധീകരിക്കുന്നവരും തദ്ദേശ നികായങ്ങളിലെ പ്രതിനിധികളും ഉൾപ്പെടെ ഇരുപതിൽ കൂടാത്തതായ അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ് :

എന്നാൽ, കൃഷിക്കാരും അനൗദ്യോഗിക അംഗങ്ങളും ചേർന്നാൽ ബോർഡിൽ ഭൂരിപക്ഷമുണ്ടായിരിക്കേണ്ടതാണ്.

(3) ബോർഡിലെ ഔദ്യോഗികാംഗമല്ലാത്ത ഒരു അംഗത്തിന്റെ ഔദ്യോഗിക കാലാവധി സർക്കാർ വിജ്ഞാപനംവഴി നേരത്തേ അവസാനിപ്പിക്കാത്തപക്ഷം, ബോർഡ് രൂപീകരിക്കപ്പെട്ട തീയതി മുതൽ മൂന്നുവർഷമായിരിക്കുന്നതാണ്.

91. സർക്കാരിന്റെ നിർദ്ദേശങ്ങൾ.—(1) സർക്കാരിന്, കാലാകാലങ്ങളിൽ ഏതെങ്കിലും ആളോ തദ്ദേശാധികാരസ്ഥാനമോ സഹകരണ സംഘമോ അഥവാ മറ്റ് സംഘമോ ഏകാംഗീകൃത നികായമോ ജലസേചനവുമായി ബന്ധപ്പെട്ട കാര്യങ്ങളെ സംബന്ധിച്ച് അനുവർത്തിക്കേണ്ടതായ, ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്ത, പൊതുസ്വഭാവമുള്ള നിർദ്ദേശങ്ങൾ നൽകാവുന്നതാണ്.

(2) ഈ ആക്റ്റ് പ്രകാരമുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിൽ സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടിയല്ലാതെ (1)-ാം ഉപവകുപ്പുപ്രകാരം നൽകിയിട്ടുള്ള ഏതെങ്കിലും നിർദ്ദേശത്തിൽനിന്നും ഒരാളോ, ഒരു തദ്ദേശാധികാരസ്ഥാനമോ ഒരു സഹകരണ സംഘമോ, മറ്റു സംഘമോ ഏകാംഗീകൃത നികായമോ വ്യതിചലിക്കാൻ പാടുള്ളതല്ല.

** ** **